# വികസന രേഖ



## കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്

# സമർപ്പണം.

മഹത്തായ ഒരു ലക്ഷ്യമാണ് 9-ാം പഞ്ചവത്സര പദ്ധതിയുടെ ചൈതന്യം.

ദാരിദ്ര്യ നിർമ്മാർജ്ജനം, പുതിയ തൊഴിൽഅവസരങ്ങൾ, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ അങ്ങനെ പലമുഖങ്ങളുള്ള ഒരു ലക്ഷ്യം. സമഗ്രമായ കാർഷിക സാമൂഹിക, വ്യവസായിക, ഗ്രാമീണ പുരോഗതി.

താഴെത്തട്ടിൽ നിന്നുള്ള ചർച്ചകളിലൂടെയും. ആസൂത്രണത്തിലൂടെയും. വികസനത്തിന്റെ ഒട്ടേറെ നാഴികക്കല്ലുകൾ കുളത്തുപ്പുഴയ്ക്ക് പിന്നിടാനുണ്ട്.

എല്ലാവർക്കും പോഷകാഹാരം, പാർപ്പിടം, വിദ്യാഭ്യാസം കുടിവെള്ളം,തൊഴിൽ. . . .

അതിനു വേണ്ടിയുള്ള സമയബന്ധിതമായ ജനകീയ വികസനയജ്ഞത്തിൽ ആവേശത്തോടെ പങ്കാളികളാകുന്ന കുളത്തുപ്പുഴയിലെ സാക്ഷര ചൈതന്യ മുൾക്കൊണ്ട ജനങ്ങൾക്ക്. . . . . .

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# വികസന രേഖ

# വികസന റിപ്പോർട്ട് പേജുകൾ മറിക്കുമ്പോൾ


I. സമർപ്പണം

ആമുഖം

പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

II. സാമൂഹിക, സാംസ്കാരിക ചരിത്രപശ്ചാത്തലം

ചരിത്രം

ഇന്നലെയുടെ നേട്ടങ്ങൾ, ഇന്നിന്റെ വെല്ലുവിളികൾ

പുനരർപ്പണ ദിനം

III. ഭൂപ്രകൃതിയും ഭൂവിഭവങ്ങളും

IV. വികസന മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും ക്ഷീരവികസനവും മത്സ്യകൃഷി
3. വിദ്യാഭ്യാസവും സാക്ഷരതയും
4. കുടിവെള്ളവും പൊതുജനാരോഗ്യവും
5. വ്യവസായം
6. ഗതാഗതവും ഊർജ്ജവും
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
   a. സ്പോർട്സ്
   b. വിനോദ സഞ്ചാരം
   c. ടൗൺ വികസനം
9. വനിതാ ക്ഷേമം
10. സഹകരണ മേഖല
11. പട്ടിക ജാതിയും പട്ടിക വർഗ്ഗവും
12. വിഭവസമാഹരണം
13. പഞ്ചായത്തിലെ സ്ഥാപനങ്ങൾ

V. തയ്യാറെടുപ്പുകളും റിപ്പോർട്ടുകളും (ഗ്രാമ സഭകൾ, സെമിനാർ, പരിശീലനങ്ങൾ)

VI. ഉപസംഹാരം.


INDIA
Natural Regions
AFGHANISTAN
PAKISTAN
CHINA
TIBET
NEPAL
BHUTAN
BANGLADESH
BURMA
GREAT INDIAN DESERT
NORTHERN FERTILE PLAINS
PLATEAU REGION
WESTERN COASTAL PLAINS
EASTERN COASTAL PLAINS
INDIA
Indus
Jhelum
Chenab
Ravi
Satluj
Yamuna
Ganga
Ghaghara
Gandak
Chambal
Betwa
Son
Narmada
Tapi
Mahanadi
Godavari
Krishna
Kaveri
Gulf of Kachchh
Gulf of Khambhat
ARABIAN SEA
BAY OF BENGAL
LAKSHADWEEP SEA
LAKSHADWEEP (India)
ANDAMAN AND NICOBAR ISLANDS (India)
Palk Strait
Gulf of Mannar
Cape Comorin
SRI LANKA
INDIAN OCEAN
Scale
Km 100 0 100 200 300 400 500 Km

# ആമുഖം

കേരളത്തിന്റെ ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത അധികാരം ജനങ്ങളിലേക്കു് എന്ന മഹാത്മാഗാന്ധിജിയുടെ സ്വപ്നസാക്ഷാത്കാരത്തിനു് സുവർണ്ണ കാന്തി പരത്തികൊണ്ട് ജനകീയ ആസൂത്രണ പ്രസ്ഥാനം ആരംഭിച്ചു എന്നതാണ് സംസ്ഥാനത്തിൻെറ പദ്ധതിയടങ്കലിൻെറ 35 മുതൽ 40% വരെ പഞ്ചായത്തുനഗരപാലികാസ്ഥാപനങ്ങൾ അവരുടെഅധികാരമേഖലകളുമായി ബന്ധപ്പെട്ടുതയ്യാറാക്കുന്ന വികസന പദ്ധതികൾക്കായി നീക്കിവയ്ക്കുന്നു. ഓരോ പ്രദേശത്തെയും ജനകീയാവശ്യങ്ങൾ ഭൂപ്രകൃതി, സ്ഥലജല വിഭവ സാധ്യതകൾ എന്നിവക്ക് അനുസരണമായി താഴെതട്ടിൽ നിന്നും ജനപങ്കാളിത്തത്തോടെ വികസനപദ്ധതികൾതയ്യാറാക്കുക എന്ന പൊതു സമ്മതമായ ലക്ഷ്യം ഇതോടെ സാദ്ധ്യമാവുകയാണ്. ഇതുമൂലം ഉത്പാദനവും സാമ്പത്തിക വികസനവും യഥാർത്ഥവും സുതാര്യവും ആകുന്നു.

യഥാർത്ഥ വികസന പ്രശ്നങ്ങളെ തിരിച്ചറിയുക അവയ്ക്ക് പരിഹാരം കാണുക, സ്കീമുകൾ തയ്യാറാക്കുക സ്കീമുകളെ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തുക. വിഭവസമാഹരണം നടത്തുക. പ്രാദേശിക വികസനപദ്ധതികൾക്ക്രൂപം കൊടുക്കുക. തുടങ്ങിയ ദൗത്യങ്ങൾ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങൾക്ക് ഒട്ടേറെ പരിമിതികൾ ഉണ്ട്. ഇൻഡ്യൻ ഭരണഘടനയുടെ73ഉം74ഉം ഭേദഗതികൾ വഴി പഞ്ചായത്ത് രാജ് നഗരപാലികാനിയമത്തിലൂടെയാണ് പഞ്ചായത്ത് രാജിന് ദേശവ്യാപകമായ പൊതുകാഴ്ചപ്പാടും ഭരണഘടനാ സാധുതയും വന്നതുതന്നെ. എങ്കിലും ഭാരിച്ചചുമതല ഗൗരവമായി കണക്കിലെടുത്ത് കൊണ്ട് പദ്ധതി പ്രവർത്തനങ്ങളുടെ മുൻ പരിചയമില്ലായ്മ വൈദഗ്ദ്ധ്യം നേടിയവരുടെകുറവ് ഇവയെല്ലാം ഒരു പരിധി വരെ പരിഹരിച്ചുകൊണ്ട് വികസനത്തിന് പുതിയകാഴ്ചപ്പാടും പുത്തൻ ഉണർവ്വും നൽകികൊണ്ടു് ജനകീയാസൂത്രണം ബഹുജന പ്രസ്ഥാനമായി വളർത്തുവാനും പുതിയ വികസന സംസ്കാരം രൂപപ്പെടുത്തുവാനും കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് എന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്.

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൻെറ സമഗ്രമായ വികസനത്തിനുവേണ്ട നിർദ്ദേശങ്ങളും പ്രായോഗിക തലത്തിലെത്തേണ്ട പദ്ധതികളും ഈ വികസന റിപ്പോർട്ടിൽ വിശദീകരിക്കപ്പെടുന്നു. ഇവയുടെ സാക്ഷാത്ക്കാരത്തിൽ അധികാര വികേന്ദ്രീകരണം എന്ന മഹത്തായ ആശയം പ്രാവർത്തികമാക്കപ്പെടുന്നതിനോടൊപ്പം കുളത്തൂപ്പുഴയുടെ വികസനചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം രൂപീകരിക്കപ്പെടുകയും ചെയ്യുന്നു.

ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കുളത്തൂപ്പുഴ പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ സന്നദ്ധസംഘടനകളും ഉദ്യോഗസ്ഥരും പഞ്ചായത്ത് സമിതിക്ക് പരിപൂർണ്ണ സഹകരണവും പിന്തുണയുമാണ് നൽകിയത്. ഇത്തരുണത്തിൽ പ്രോത്സാഹനങ്ങൾക്കും പങ്കാളിത്തങ്ങൾക്കുമെല്ലാം നന്ദി രേഖപ്പെടുത്തികൊള്ളട്ടെ.

വിശ്വസ്തയോടെ

സാബു എബ്രഹാം
ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്

കുളത്തൂപ്പുഴ
30:12:96

# കേരളം





ലോകത്തിന് ഒട്ടേറെ മാതൃക കാട്ടിയ ഭരണ
പരിഷ്ക്കാര നടപടികളുടെ ഗർഭഗൃഹമായ
കേരളത്തിന് മറ്റൊരു സാന്ദ്രാനുഭവമായി
മാറുന്നു, ജനകീയ ആസൂത്രണ
പ്രസ്ഥാനം.

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ
ഗ്രാമസ്വരാജ് സങ്കല്പങ്ങൾക്ക്
സുവർണ്ണ കാന്തി പരത്തുന്നു,
സംസ്ഥാന സർക്കാരും
ആസൂത്രണ
ബോർഡും

അധികാരം ജനങ്ങളിലേക്ക്

**ഒമ്പതാംപദ്ധതി ജനകീയ പദ്ധതി**

അധികാരം ജനങ്ങളിലേക്ക്

# കൊല്ലം ജില്ല

## പഞ്ചായത്തുകൾ




Source : PRM Programme. CESS

കിഴക്കൻ മേഖലയിലെ തേൻവരിക്കാടുകളിൽ
വെള്ളച്ചാട്ടത്തിന്റെ അലകൾ പാലൊളി
തൂകുമ്പോൾ കുളത്തൂപ്പുഴക്ക് ഏഴഴക്.

കാടും പുഴയും കാട്ടു ചോലകളും കുന്നും മേടു-
മൊക്കെയാൽ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നാട്
പ്രകൃതി പച്ചപ്പട്ടുടയാടയണിയിച്ചനാട് ഇത്
കുളത്തൂപ്പുഴ

വിനോദ സഞ്ചാരികൾക്ക് വിസ്മയമേകുന്ന
കൗതുകങ്ങളുടെ കലവറ ഇവിടെ ഒരിക്കലും
അവസാനിക്കുന്നില്ല
കാടിന്റെ സംഗീതം കേട്ട് വിസ്മയപക്ഷികളുടെ
കൂജനവും വന നിർദ്ദനതരികളുടെ കളകളത്തിൽ
അലഞ്ഞു നടക്കുവാൻ അവാച്യമായ അനുഭൂതി
നുകരാൻ കുളത്തൂപ്പുഴയിൽ എത്ര എത്ര കാഴ്ചകൾ.

ഏവർക്കും സ്വാഗതം.




KULATHUPUZHA PANCHAYATH
N
SCALE
0
2·5 Km.
Kallada Ar.
Kulathupuzha Ar.
1. PAZHEERUR.
2. EZHAMKULAM.
3. MARTHANDANKARA.
4. THINGALKARIKKAM.
5. CHANDANAKAVU.
6. CHERUKARA.
7. EDATHARA.
8. KUYAKKAD.
9. VALLAMVETTIMALA.
10. NEDUVANNURKADAVU.
11. MINMUTTY.
12. KORAVANKONAM.
13. MADHAVAKONAM.
14. MARUTHAMOODU.
15. KULATHUPUZHA.
16. KANJIROTHUKUNNU.
17. KADAMAKODU.
19. CHINIKALA.
18. SIVAPURAM.
20. KANDANCHIRA.
21. MAILAMMOODU.
22. ONTHUPACHA.
23. KOCHARIPPA.
24. VATTAKARIKKAM.
25. DALYKARIKKAM
26 AMPTUAKERE
27 AMAKULAM
28 ROSEMALA
29 THIRTHAKARA MALA
30 RATTA MALA
31 PONGUMALA
32 KALLARESTATE
33 CHURDY
MAJOR ROADS

# കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | കുളത്തൂപ്പുഴ |
| വില്ലേജുകളുടെ പേര് | കുളത്തൂപ്പുഴ<br>തിങ്കൾകരിക്കം |
| ബ്ലോക്ക് പഞ്ചായത്ത് | അഞ്ചൽ |
| താലൂക്ക് | പത്തനാപുരം |
| ജില്ലാ ഡിവിഷൻ | കുളത്തൂപ്പുഴ |
| റവന്യൂ ജില്ല | കൊല്ലം |
| അസംബ്ലി മണ്ഡലം | പുനലൂർ |
| വിസ്തീർണ്ണം | 424.06 ച:കി:മി |
| ജനസംഖ്യ | 33271 |
| സ്ത്രീകൾ | 16840 |
| പുരുഷൻമ്മാർ | 16431 |
| പട്ടികജാതി | 7048 |
| പട്ടിക വർഗ്ഗം | 1690 |
| സ്ത്രീകൾ(എസ്.സി.) | 3586 |
| പുരുഷന്മാർ(എസ്.സി) | 3462 |
| സ്ത്രീകൾ(എസ്.ടി.) | 845 |
| പുരുഷന്മാർ(എസ്.ടി) | 845 |
| സാക്ഷരതാ | 25682 |
| സ്ത്രീകൾ | 12793 |
| പുരുഷന്മാർ | 12889 |
| വാർഡുകൾ ; | 13 |

| | |
|---|---|
| പഞ്ചായത്ത് പ്രസിഡൻറ് | സാബു എബ്രഹാം |
| വൈസ് പ്രസിഡൻറ് | ആർ. കുട്ടൻ പിള്ള. |

# കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി



സാബു ഏബ്രഹാം
(പ്രസിഡന്റ്)



ആർ. കുട്ടൻപിള്ള
(വൈസ് പ്രസിഡന്റ്)



ജെ. പങ്കജാക്ഷൻ
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



വി. അബ്ദുൾഖാദർ കുട്ടി
(സെക്രട്ടറി)



ജി ഉണ്ണികൃഷ്ണൻ
(മെമ്പർ)



കെ. ഓമനയമ്മ
(മെമ്പർ)



ഇ. ആരിഫാബീവി
(മെമ്പർ)



ജി. രാജേന്ദ്രൻ
(മെമ്പർ)



ഏലിയാമ്മ കുരുവിള
(മെമ്പർ)



ജി. ബാബു
(മെമ്പർ)



അനില ഏലിയാമ്മ
(മെമ്പർ)



[illegible] പുഷ്പനാഥൻ
(മെമ്പർ)



ലതിക പൊന്നമ്മ
(മെമ്പർ)



അഡ്വ: എം. ബഷീർറാവുത്തർ
(മെമ്പർ)

## മുൻപഞ്ചായത്തു പ്രസിഡന്റുമാർ

1. ആർ. ഗോപിനാഥൻ നായർ 1968 to 79
2. എം. ഷംസുദീൻ 1979 to 84
3. എം. എ. ലത്തീഫ് 1988 to 95.

## ജനകീയ ആസൂത്രണ പ്രസ്ഥാനം

1. B. സുരേഷ് കുമാർ (.KR.P.)

ജില്ലാതല റിസോഴ്സ് പേഴ്സൺ മാർ.

1. S.P. ഹരിഹരൻ ഉണ്ണിത്താൻ (Conveenor)
2. C. തങ്കച്ചൻ
3. K.K. ഏബ്രഹാം
4. Ad. S. സഫറുള്ളാ ഖാൻ
5. K.M. ബൈജു
6. N. ജോർജ് (Block Member)
7. K.K. ബിജു.
8. B. അനിൽ കുമാർ.
9. O മിനി.
10. C. അനിൽ കുമാർ
11. S. ബീനാ
12. K. അനിൽ കമാർ പിള്ള.
13. R. അനിത കുമാരി
14. ബിജു ജേക്കബ്
15. K. രാജേന്ദ്രപ്രസ്സാദ്
16. V. ശശി ലാൽ (Center for Earth Scence Studies)

## ഉപദേശക സഹായികൾ

1. R. ഗോപിനാഥൻ നായർ (മുൻ പഞ്ചായത്ത് പ്രസിഡന്റ്)
2. M ഷംസുദ്ദീൻ (മുൻ പഞ്ചായത്ത് പ്രസിഡന്റ്)
3. M.A. ലത്തീഫ്. (മുൻ പഞ്ചായത്ത് പ്രസിഡന്റ്)
4. C. മീരാ സാഹിബ് റാവുത്തർ.
5. M.T. ദിനേശ് ബാബു.
6. G. ശ്രീകുമാർ.
7. K. സൈനുലാബ്ദീൻ. (V.E.O.)




1. Ezhamkulam
2. Thingalkarikkom
3. Nellimoodu
4. Kalluvettamkuzhi
5. Kandamchira
6. Choozhiacodu
7. Hillkara
8. Temple Ward
9. Town
10. Ex Service Colony
11. R.P.L. Estate
12. Madathikonam
13. Chandanakave.

# കുളത്തൂപ്പുഴയുടെ ചരിത്രപശ്ചാത്തലം

കേരളത്തിൽ വിസ്തീർണ്ണം കൊണ്ട് 8ാം സ്ഥാനത്തും കൊല്ലം ജില്ലയിൻ ഒന്നാം സ്ഥാനത്തും നിൽക്കുന്ന പഞ്ചായത്താണ് കുളത്തൂപ്പുഴ. ആദ്യകാലത്ത് കുളത്തൂപ്പുഴപഞ്ചായത്ത് ഏരൂർ പഞ്ചായത്തിൽ ചേർന്നുകിടക്കുകയായിരുന്നു. ആസ്ഥാനം കുളത്തൂപ്പുഴയായിരുന്നു. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച പഞ്ചായത്താണ് കുളത്തൂപ്പുഴ. കിഴക്കതിര് സഹ്യനെ തലോടിയും സഹ്യസാനുക്കളിൽ ഉൾപ്പെട്ട ശംഖിലിവനത്തിൽ നിന്നുത്ഉത്ഭവിക്കുന്ന കല്ലടയാറിനെതഴുകിയും കിടക്കുന്ന ഈ പഞ്ചായത്തിൽ തമിഴ് ഇആദിവാസി തുടങ്ങി എല്ലാ ജനവിഭാഗങ്ങളും ഒത്തൊരുമിച്ച് തോളോട് തോളുരുമ്മി താമസിക്കുന്നു.

1969 ൽ കേരളത്തിൽ പഞ്ചായത്ത് പുനർനിർണ്ണയം നടത്തിയപ്പോൾ ഏരൂരും കുളത്തൂപ്പുഴയും പ്രത്യേകം പ്രത്യേകം പഞ്ചായത്തുകളായി. കുളത്തൂപ്പുഴ തിങ്കൾകരിക്കം വില്ലേജുകൾ ചേർന്ന ഈ പ്രദേശത്തിൻെറ വിസ്തീർണ്ണം 424.04 ച:കി: മീറ്റർ ആണ്.

പുരാതനകാലം മുതൽ പ്രശസ്തമായ കുളത്തൂപ്പുഴ ശ്രീധർമ്മശാസ്താക്ഷേത്രവുമായി ബന്ധപ്പെട്ടാണ് കുളത്തൂപ്പുഴ എന്ന പേർ ലഭിച്ചത്. 'കുളന്തപ്പുഴ' എന്നപേരിൽ നിന്നുമാണ് കുളത്തൂപ്പുഴയുണ്ടായത്. കുളന്ത എന്നാൽ കുഞ്ഞ് കുളന്തയായ കുഞ്ഞയ്യപ്പനെ കണ്ടെടുത്തപ്പുഴ എന്ന അർത്ഥത്തിൽ കുളന്തപ്പുഴ എന്നപേർ ഉണ്ടായി. അതിന് രൂപഭേദം വന്ന് കുളത്തൂപ്പുഴയായി ത്തീർന്നു. പണ്ട് താഴമൺതന്ത്രിയും പരികർമ്മിയും തമിഴ്നാട്ടിൽ നിന്ന് മലവഴി കുളത്തൂപ്പുഴയിൽ എത്തി കല്ലടയാറിൻെറ തീരത്ത് വിശ്രമിക്കുകയും ഭക്ഷണം പാചകം ചെയ്യുന്നതിനായി അടുത്തുണ്ടായിരുന്ന ഒരു വീട്ടിലേക്ക് പരികർമ്മിയെ അയച്ച് എന്തെങ്കിലും കിട്ടുമോ എന്നന്വേഷിച്ചു. അന്നത്തെ ഗൃഹനാഥൻ പാത്രങ്ങളും, പച്ചരി, നാളികേരം എന്നിവ ഇന്നത്തെ ക്ഷേത്രക്കടവിൽ എത്തിച്ചു. അദ്ദേഹം ആറ്റിൽ നിന്നും 3 കല്ലുകൾ മുങ്ങിയെടുത്ത് കരയ്ക്കുനിന്നിരുന്ന ഒരു മാവിൻെറ തണലിൽ അടുപ്പുണ്ടാക്കി. പാത്രം അടുപ്പിൽ വച്ച് പരിശോധിക്കുമ്പോൾ ഒരു കല്ലിന് ഉയരക്കൂടുതൽ ഉള്ളതായി കണ്ടു. ആ കല്ല് വീണ്ടും കുഴിച്ച് താഴ്ത്തിയിട്ടു. പാത്രം വച്ചുനോക്കിയപ്പോൾ പഴയതുപോലെ ഉയരം കൂടിയതായി വീണ്ടും കണ്ടു. പല തവണ വച്ചിട്ടും ഫലം അതുതന്നെ അദദേഹം ഉയരം കൂടിയ കല്ലിൽ മറ്റൊരു കല്ലുകോണ്ട് ഇടിച്ചു. അപ്പോൾ ഉയരം കുടിയ കല്ല് കഷണങ്ങളാവുകയും രക്തപ്രവാഹമുണ്ടാകുകയും ഇടിച്ച ആൾ ബോധരഹിതനാകുകയും ചെയ്തു. ഇദ്ദേഹത്തെ തലയിലടിച്ച കുറുപ്പ് എന്നാണു് പിൽക്കാലത്ത് അറിയപ്പെട്ടതു്. പരികർമ്മി കുളിച്ചു കൊണ്ടു നിന്ന തന്ത്രിയെ വിവരം അറിയിക്കുകയും തന്ത്രി ആറ്റിൽ നിന്നു് വെള്ളവുമായി വന്നു് മന്ത്രോച്ചാരണങ്ങളോടു കുടി ശിലാകഷണങ്ങൾ ശുദ്ധിചെയ്തു് ചേർത്ത് വച്ചു പഴയ ശിലയുടെ രൂപമാക്കി. ചൂരൽ കീറി കെട്ടി താല്ക്കാലികമായി ഒരു കൂരയുണ്ടാക്കി അവിടെ സ്ഥാപിക്കുകയും ചെയ്തു. വെള്ളം മുഖത്ത് തെളിച്ച് ബോധം വീണുകിട്ടിയ ഗൃഹനാഥനെ വിളക്ക് കത്തിക്കുന്നതിന് ചുമതലപ്പെടുത്തി. തന്ത്രി മേൽ കണ്ട കാര്യങ്ങൾ ഇളയിടത്ത് രാജാവിനെ അറിയിക്കുകയും ക്ഷേത്രവും പ്രതിഷ്ഠയും രാജകുടുംബത്തിൽ നിന്നും നടത്തുകയും ചെയ്തു. 9 (ഒൻപത്) കഷണങ്ങളായ ആ ശില തന്നെയാണ് ഇപ്പോഴും കുളത്തൂപ്പുഴ ക്ഷേത്രത്തിലെ വിഗ്രഹം.

കുളത്തൂപ്പുഴയിലെ ആദിമവാസികൾ ആദിവാസികളായിരുന്നു. ൦൩ൺ ഭാഗത്ത് സ്ക്കൂളും സത്രവും എല്ലാം ഉണ്ടായിരുന്നു. ഈ പ്രദേശം സൂര്യോട്ടുകാണിക്കുടി എന്നാണ് അറിയപ്പെട്ടിരുന്നത്. ഈറ ഇലയും പുല്ലും കൊണ്ട് മേഞ്ഞ മനോഹരമായ കുടിലുകളിലായിരുന്നു ഇവരുടെ താമസം. രാജഭരണകാലത്ത് ശ്രീമൂലം തിരുന്നാൾ സുഖവാസത്തിനായി കുറ്റാലത്ത് പോകുന്നത്

വനത്തിലൂടെയുള്ള നടപ്പാതയിലൂടെയായിരുന്നു. യാത്രാമദ്ധ്യേ കുളത്തൂപ്പുഴ സത്രത്തിൽ വിശ്രമിക്കുകയും ചെയ്തിരുന്നു. രാമയ്യൻ ദളവായുടെ കാലത്ത് നെടുമങ്ങാട്- ചെങ്കോട്ട റോഡ് തെളിക്കുവാൻ തുടങ്ങിയതോടെ മാറ്റത്തിനു തുടക്കമായി. ബസ്സ് സർവ്വീസ് വരികയും റൗൺ പ്രദേശത്ത് തളിത്തിരി വംശജർ വന്ന് കാട് വെട്ടിതെളിച്ച് താമസിക്കുകയും ചെയ്തതോടെ ആദിവാസികൾ പിൻവാങ്ങുകയും ചെയ്തു. അതോടെ ഈ പ്രദേശത്തിന് തളിക്കരിക്കം എന്ന പേര് ലഭിച്ചു. ഗണപതി ക്ഷേത്രം മുതൽ പടിഞ്ഞാറു ഭാഗത്തുകാണുന്ന പ്രദേശത്തിന് കാസിംപിള്ളകരിക്കം എന്ന് പേരുണ്ട്. കാരണം കാസിംപിള്ള എന്ന ആൾ വെട്ടിതെളിച്ച് കൃഷി ചെയ്തിരുന്ന സ്ഥലമായിരുന്നു അത്. കൂടാതെ കുമരംകരിക്കം, അയ്യൻപിള്ള കോങ്കൽ, ആറ്റിനു കിഴക്കേക്കര, എന്നീ ഭാഗങ്ങളും ഇന്നത്തെ കുളത്തൂപ്പുഴയുടെ ഭാഗങ്ങളാണ്.

കുളത്തൂപ്പുഴ പഴയ കാലത്ത് തേയില തോട്ടങ്ങളുടെ നാടായിരുന്നു. കല്ലാർ, 8ഏക്കർ, റോക്ക്വുഡ്, ശെന്തുറുണി എന്നിവിടങ്ങളിൽ തേയില എസ്റ്റേറ്റുകളുണ്ടായിരുന്നു. ഗവൺമെന്റിൽ നിന്നും 100 കൊല്ലത്തേക്ക് പാട്ടം വ്യവസ്ഥയിൽ സ്ഥലമെടുത്ത് തോട്ടമാക്കിയതാണ്. H.O മർഫി, ലെസിലി എന്നീ സായ്പന്മാരായിരുന്നു ഉടമകൾ. ഇപ്പോഴത്തെ കെ.ഐ.പി.ഡാം ഏരിയാകളിൽ കരിമ്പിൻ തോട്ടവുമുണ്ടായിരുന്നു. തൊഴിൽ സമരങ്ങളെ തുടർന്ന് തോട്ടങ്ങൾ അന്യാധീനപ്പെട്ടു.

ശാസ്താക്ഷേത്രത്തിന്റെ കിഴക്കുവശത്തു കൂടി 6-ാം നമ്പർ, മാമൂട്,റോസുമല, ദർഭക്കുളം വഴി കണ്ണമ്പള്ളിമേട്, ചെങ്കോട്ട എന്നിവിടങ്ങളിലേക്ക് വനത്തിൽക്കൂടി ഒറ്റയടിപ്പാത ഉള്ളതായി കാണാം. പഴയകാല കമ്യൂണിസ്റ്റ് നേതാക്കൻമാർ പലരും ഒളിവിൽ കുളത്തൂപ്പുഴയിൽ കഴിഞ്ഞിട്ടുണ്ട്. തോപ്പിൽ ഭാസി, കടയ്ക്കൽ ഫ്രാങ്കോ, എം.എൻ. ഗോവിന്ദൻ നായർ തുടങ്ങിയവർ താമസിച്ചതായി രേഖകളുണ്ട്.കൂടാതെ ബുദ്ധവിഗ്രഹങ്ങളുടെ അവശിഷ്ടങ്ങൾ കല്ലുപച്ച, കടമാൻകോട്, മൊട്ടലുംമൂട് എന്നിവിടങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട് ഇപ്പോൾ വില്ലുമല ട്രൈബൽസ്ക്കൂൾ നിൽക്കുന്ന ഭാഗത്ത് ഭൂമിക്കടിയിൽ നിന്നും വർഷങ്ങൾ പഴക്കമുള്ള മൺപാത്രങ്ങളും തറയോടുകളും കണ്ടെടുത്തിട്ടിണ്ട്. ഇതു സംബന്ധിച്ചു പുരാവസ്തു വകുപ്പ് പഠനം നടത്തിവരുന്നു.

50 വർഷങ്ങൾക്കു മുൻപ് കുളത്തൂപ്പുഴയിൽ ആന പിടുത്തം ഉണ്ടായിരുന്നു. മണ്ണിൽ കുഴിയുണ്ടാക്കി കുഴിയിൽ വീഴുന്ന ആനകളെ പിടിച്ച് തടികൊണ്ട് ആനക്കൂടുണ്ടാക്കി മെരുക്കിയിരുന്നു. ഇതുകാണാനും ആകർഷകമായിരുന്നു. പിൽക്കാലത്ത് ആന പിടുത്തം നിർത്തി അതിനുസമീപത്തുള്ള ക്ഷേത്രവും പാലവും ഇപ്പോഴും ആനക്കൂട്ക്ഷേത്രം, ആനക്കൂട്പാലം എന്നാണ് അറിയപ്പെടുന്നത്.

കുളത്തൂപ്പുഴയിൽ 200 വർഷത്തെ പഴക്കമുള്ള പള്ളി ചന്ദനക്കാവിലുണ്ട്.ചന്ദനമരങ്ങളുടെ കൂട്ടമായിരുന്ന ഈ പ്രദേശത്ത് മുസ്ലീം സാതികൻ വന്ന് താമസിക്കുകയും പിൽക്കാലത്ത് പ്രാർത്ഥനാ കേന്ദ്രമായി മാറുകയും ചെയ്തു. ജാതിമതഭേദമന്യേ ചന്ദനക്കാവു പള്ളിയിൽ ധാരാളം പേർ എത്തിക്കൊണ്ടിരിക്കുന്നു. കോഴിയെ നേർച്ച നടത്തുന്നതും പ്രധാനമാണ്. വഴിയോരത്ത് വാഹനങ്ങൾ നിർത്തി നേർച്ച അർപ്പിച്ചു തിരി കത്തിക്കുന്ന പതിവുമുണ്ട്.

10 ക്രിസ്ത്യൻ ആരാധനാലയങ്ങളും കുളത്തൂപ്പുഴയിൽ ഉണ്ട്. മതസൗഹാർദ്ദത്തിനും സമാധാന അന്തരീക്ഷത്തിനും പേരുകേട്ട സ്ഥലമാണ് കുളത്തൂപ്പുഴ. ഇവിടെ ഹിന്ദു-മുസ്ലീം- ക്രിസ്ത്യൻ സമുദായങ്ങൾ പരസ്പര സഹകരണത്തോടെയും ഏകോദര സഹോദരങ്ങളെപ്പോലെയും കഴിഞ്ഞു വരുന്നു. ❖

# ഇന്നലെകളുടെ നേട്ടങ്ങൾ ഇന്നിന്റെ വെല്ലുവിളികൾ

ചരിത്രപരമായി വളരെയേറെ പ്രത്യേകതകൾ ഉണ്ടെങ്കിലും കുളത്തൂപ്പുഴ ഗ്രാമത്തെ ഉണർത്തിയതും ഉയർത്തിയതും സാക്ഷരതാ പ്രസ്ഥാനത്തിന്റെ അലയൊലികളായിരുന്നു. കേരളം ഇൻഡ്യക്കും, ലോകത്തിനും മാതൃകകാട്ടിയ സാക്ഷരത ഒന്നും, രണ്ടും ഘട്ടങ്ങൾ ഇവിടെ സജീവമായിരുന്നു. ആദിവാസി സാക്ഷരതാ സംസ്ഥാനതല പ്രഖ്യാപനത്തിനും കുളത്തൂപ്പുഴ ആതിഥ്യം വഹിച്ചു. സാക്ഷരതാ പരിപാടിയുടെ വിജയഗാഥയെക്കുറിച്ച് പഠനം നടത്തുവാൻ 8 വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള 33 അംഗ ഉന്നതതല വിദ്യാഭ്യാസ സംഘവും കുളത്തൂപ്പുഴയിൽ എത്തിയിരുന്നു.

ഏഷ്യയിലെ തന്നെ ഏറ്റവും മികച്ച റബ്ബർതോട്ടവും, ലാഭത്തിന്റെ കഥകൾമാത്രം പറയുവാനുള്ള റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ശ്രീലങ്കക്കാരായ തമിഴ് വംശജരുടെ പുനരധിവാസത്തിനായി ആരംഭിച്ചതാണെങ്കിലും കുളത്തൂപ്പുഴയുടെ സാമൂഹ്യ ജീവിതത്തിന്റെയും ഉയർച്ചയുടെയും ഭാഗമായിമാറി.

ഇന്ത്യയിൽ ആദ്യമായി എണ്ണപ്പന കൃഷിയും എണ്ണയാട്ടും തുടങ്ങിയ ഓയിൽഫാം ഇന്ത്യ ലിമിറ്റഡിന്റെ തോട്ടങ്ങൾ കുളത്തൂപ്പുഴ പഞ്ചായത്തിലെ കണ്ടൻചിറ,മറവൻചിറ എന്നിവിടങ്ങളിൽ വ്യാപിച്ചു കിടക്കുന്നു.

കന്ന് കാലി സെമൺ ഉല്പാദിപ്പിക്കുന്ന ഏക സ്ഥാപനം കേരളത്തിൽ കുളത്തൂപ്പുഴ K.L.D ബോർഡ് യൂണിറ്റാണ്. നൈട്രജൻ പ്ലാന്റ്, മാതൃകാ കൃഷിതോട്ടം, സങ്കരഇനം കാളകളുടെ വിന്യാസം ഇവകൊണ്ട് K.L.D ബോർഡ് കുളത്തൂപ്പുഴയിൽ പ്രത്യേകതയർഹിക്കുന്നു.

അത്യപൂർവ്വമായ അമൂല്യമരുന്നുകളുടെ കലവറയായ മെഡിസിൻ പ്ലാന്റേഷൻ കുളത്തൂപ്പുഴയുടെ ഹൃദയാന്തർഭാഗത്താണ്. 300 ഓളം പുഷ്പിക്കുന്ന സസ്യങ്ങളും ഇവിടുത്തെ പ്രത്യേകതയാണ്.

അന്യമായിക്കൊണ്ടിരിക്കുന്ന കരകൗശലവസ്തുക്കളും, വാസ്തുശില്പങ്ങളും,ഗതകാല ചികിത്സകളും കൊണ്ട് സാമൂഹിക ജീവിതം പൂർണ്ണമായി തുടിക്കുന്ന ജില്ലയിലെ ആദിവാസികളിൽ ഭൂരിഭാഗത്തിന്റെയും വാസ സ്ഥാനവും കുളത്തൂപ്പുഴയാണ്.

കാർഷിക പഞ്ചായത്തായ കുളത്തൂപ്പുഴയിൽ നെല്ല്,തെങ്ങ്, കവുങ്ങ്,വാഴ, തേയില, എണ്ണപ്പന, ഓറഞ്ച് എന്നീ കൃഷികളും സമ്മിശ്ര കാലാവസ്ഥ കൊണ്ട് അനുഗ്രഹീതമായതുകൊണ്ട് വിവിധകാലാവസ്ഥകളിൽ വിളയുന്ന കുരുമുളകുമുണ്ട്. നെൽകൃഷി തകർച്ചയിലാണ്. ഈ പഞ്ചായത്തിലേക്ക് ആവശ്യമായ നെല്ലിന്റെ 75% ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 25% പോലും ഉല്പാദിപ്പിക്കുവാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. എന്നാൽ റബ്ബർകൃഷി വ്യാപിച്ചിട്ടുണ്ട്. വ്യവസായിക മേഖലയിലും തളർച്ച ഉണ്ടായിട്ടുണ്ട്. കുളത്തൂപ്പുഴയുടെ സാമൂഹ്യ സാമ്പത്തിക നില ഉയർത്തുന്നതിൽ സ്വാധീനം ചെലുത്തിയിരുന്ന പുനലൂർ പേപ്പർമിൽ പൂട്ടിയതോടെ തളർച്ചയുണ്ടായി. ഈറ വെട്ടുന്നതിനും കയറ്റുന്നതിനും തൊഴിലാളികൾക്ക് ജോലികിട്ടിയിരുന്നതിലുപരി അനവധി കുടുംബങ്ങളുടെ ജീവിത നിലവാരത്തെ ബാധിക്കുകയും ചെയ്തു. കുളത്തൂപ്പുഴ പഞ്ചായത്ത് സമിതി അംഗമായിരുന്ന സാം ഉമ്മൻ പുനലൂർ M.L.A ആയി 1982-84 കാലയളവിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ അകാലനിര്യാണം പഞ്ചായത്തിന് തീരാനഷ്ടമായിമാറി.

ജില്ലയിൽ വിസ്തൃതിയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി

പ്രത്യേകതകൾ നിറഞ്ഞതാണ്. മലകളും കുന്നുകളും താഴ്‌വരകളും, കാട്ടാറുകളും നിബിഡവനങ്ങളും ഇവിടുത്തെ പ്രത്യേകതകളാണ്. ഈ പഞ്ചായത്തിന്റെ ഒരു ഭാഗമായ റോസുമല എന്ന പ്രദേശം കാനനമദ്ധ്യത്തിലാണ്. അവിടെ പോകണമെങ്കിൽ തെന്മല, ആര്യങ്കാവ് എന്നീ പഞ്ചായത്തുകളിൽക്കൂടി 19 കിലോമീറ്റർ സഞ്ചരിച്ചതിനുശേഷം ഉൾവനങ്ങളിലൂടെ 12 കിലോമീറ്റർകൂടി 4 വീൽ ജീപ്പിൽ സഞ്ചരിക്കണം. എല്ലാ വിഭാഗം ജനങ്ങളും ഇവിടുത്തെ പ്രത്യേകതയാണ്. ഹിന്ദുക്രിസ്ത്യൻ- മുസ്ലീം വിഭാഗങ്ങളും പട്ടികജാതി- പട്ടികവർഗ്ഗക്കാർ തമിഴ് ന്യൂനപക്ഷ വിഭാഗക്കാർ തുടങ്ങി എല്ലാവരേയും ഒരേ ചരടിൽ കോർത്തിണക്കിയ പളുങ്കുമാലയെപ്പോലെ കണക്കാക്കിയുള്ള കാഴ്ചപ്പാട് വേണം. ജല സമൃദ്ധി, ഭക്ഷ്യവസ്തുക്കളുടെ സുലഭത ഉയർന്നസദാചാര നിലവാരം, മതസൗഹാർദ്ദവും സമാധാനവും എന്നിവ ഈ പഞ്ചായത്തിന്റെ പ്രത്യേകതകൾ ആണ് .

ഭൂമിയുടെഉടമസ്ഥാവകാശത്തിൽ ഇവിടെ മാറ്റം വന്നിട്ടുണ്ട്. ജന്മിമാർ ഇന്നില്ലാത്ത അവസ്ഥയാണ്. വൻകിടത്തോട്ടം ഉടമകളുടെ സ്ഥാനത്ത് 2 ഏക്കർ മുതൽ 4 ഏക്കർവരെയുള്ള കർഷകർക്കാണ് ഇന്ന് സ്ഥാനം. കർഷകതൊഴിലാളികൾക്കും ചെറുകിട കർഷകർക്കുമെല്ലാം കൃഷി ചെയ്യുവാനും താമസിക്കുവാനും ഭൂമി ലഭിച്ചിട്ടുണ്ട്. ബഹുജന പ്രസ്ഥാനങ്ങളുടെ സജീവമായ പ്രവർത്തനങ്ങൾ മൂലം വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിലും നല്ല മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ജനങ്ങളുടെ ജീവിത നിലവാരത്തിലും വമ്പിച്ച മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പഴയ പല പ്രശ്നങ്ങൾക്കും ഇന്ന് സാദ്ധ്യതയില്ല. പുതിയ പ്രശ്നങ്ങൾക്കാണ് ഇന്ന് പരിഹാരം കാണേണ്ടത്.

1. തളരുന്ന കാർഷിക മേഖല.
2. ഉണർവില്ലാത്ത വ്യാവസായിക മേഖല.
3. വന്യമൃഗങ്ങളുടെ ശല്യം.
4. വൃദ്ധന്മാരുടെ സംരക്ഷണം.
5. ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ.
6. വിദ്യാഭ്യാസ രംഗത്തെ മൂല്യശോഷണം.
7. സമ്പാദ്യശീലക്കുറവ്.

❖

[illegible]



# നവകേരള സൃഷ്ടിക്കായി നവംബർ 1 പുനരർപ്പണ ദിനം.



നമ്മുടെ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റാൻ പര്യാപ്തമായ മൂന്ന് വികസന പ്രവർത്തനങ്ങൾക്ക് നവംബർ 1 ന് തുടക്കം കുറിച്ചു. പ്രധാന മന്ത്രി എച്ച്.ഡി. ദേവഗൗഡയാണ് ഉദ്ഘാടനം നിർവഹിച്ചത്.

തലസ്ഥാനത്ത് വികസന വിപ്ലവത്തിന് നാന്ദികുറിച്ച പുനർപ്പണ ദിനത്തിൽ തത്സമയം കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിലും സന്നദ്ധ സേവനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ചെറുകര- ഇടത്തറകാണി റോഡ് പണി ജനപങ്കാളിത്ത പരിപാടിയായി ഏറ്റെടുത്ത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സാബുഎബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങുകൾ P.S സുപാൽ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ എം. എ ലത്തീഫ്, എൻ. ജോർഇജ് എന്നിവരും ആശംസകൾ ,നേർന്നു. പഞ്ചായത്ത് മെമ്പർമാർ ,വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളും, സാക്ഷരതാ പ്രവർത്തകരും ആദിവാസികളും ഉൾപ്പെടെ പങ്കെടുത്ത വലിയൊരു ജനാവലിയും ഏറ്റു ചൊല്ലിയ പ്രതിജ്ഞ പുതിയൊരു വികസന സംസ്ക്കാരത്തിന് ശംഖൊലിയായി.

●

ഗ്രാഫ് 3-7


7.48
9.37
10.67
9.15
8.95
7.92
6.62
7.97
5.66
5.77
12.9
7.58
7.48
1
2
3
4
5
6
7
8
9
10
11
12
13
1991

# ഭൂപ്രകൃതി

കുളത്തൂപ്പുഴ പഞ്ചായത്ത് ഭൂപ്രകൃതിയിൽ ഒട്ടേറെ സവിശേഷതകൾ നിറഞ്ഞതാണ്. കാനനചാരുത പകരുന്ന നിത്യഹരിത വനങ്ങളും, കുന്നുകളും താഴ്വരകളും, തടാകങ്ങളും കൊണ്ട് മനോഹരമായ ഭൂപ്രദേശമാണ് കുളത്തൂപ്പുഴ. കല്ലട, കഴുതുരിട്ടി, ശെന്തുരുണി തുടങ്ങി ആറുകളും കുന്നിമാൻ തോടും, ദ്വീപുകളും ഉപദ്വീപുകളും കൊണ്ട് മനോഹരമായ മീൻമുട്ടി. സഹ്യാദ്രിയുടെ മടിത്തട്ടിൽ കഴിയുന്ന ശംഖിലി വനങ്ങൾ, കട്ടിളപ്പാറ, പള്ളംവെട്ടി, മാമൂട്, പള്ളിവാസൽ, ഹനുമാൻകുന്ന് കൂടാതെ റോസാപ്പൂവിന്റെ ഇതളുകൾ പോലെ മനോഹരമായ റോസുമലയിലെ മലമടക്കുകളും ശെന്തുരുണി വന്യമൃഗസംരക്ഷണ കേന്ദ്രവും ചേർന്ന ഒട്ടനേകം സവിശേഷതകളുള്ള പ്രദേശമാണ് കുളത്തൂപ്പുഴ. ശെന്തുരുണി എന്ന പേര് കിട്ടുവാനുള്ള കാരണം ശെങ്കുറുഞ്ഞി എന്ന വൃക്ഷങ്ങൾ ഇടതൂർന്ന് വളരുന്ന പ്രദേശമായതിനാലാണ്.

പകൽ സമയങ്ങളിൽ പോലും സൂര്യകിരണങ്ങൾ മണ്ണിൽ പതിക്കാത്ത ഇടതൂർന്ന വനപ്രദേശങ്ങൾ. അത്യപൂർവ്വമായ ചീവീട് പക്ഷികളുടെ സാന്നിദ്ധ്യവും കർണ്ണമധുര ശബ്ദങ്ങളും അമൂല്യമായ നീനക്കൊടുവേലി തുടങ്ങി ഔഷധ സസ്യങ്ങൾ, ഈറക്കാടുകൾ, മ്ലാവ്, പുള്ളിമാൻ, ആന, കൂരൻ, കാട്ടുപന്നി, കാട്ടുപോത്ത്, മുള്ളൻപന്നി, കടുവ,കരടി, കലമാൻ തുടങ്ങി വന്യമൃഗങ്ങൾ, മയിൽ, വേഴാമ്പൽ, വെള്ളരിപ്രാവ് തുടങ്ങിയ അപൂർവ്വ പക്ഷികൾ, ക്ഷേത്രക്കടവിലെ തിരുമക്കൾ (മത്സ്യം) എന്നിവ ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്.

**ഭൂവിഭാഗങ്ങൾ**

കുളത്തൂപ്പുഴ ആറിന്റെയും കല്ലടയാറിന്റെയും പൃഷ്ഠപ്രദേശങ്ങളിൽ (Catchment area) ഏറിയ പങ്കും ഉൾപ്പെടുന്ന കുളത്തൂപ്പുഴ പഞ്ചായത്ത് കേരളത്തിലെ മലനാട് ഉൾപ്പെടുന്ന മേഖലയിലാണ്. കൊല്ലം ജില്ലയുടെ ഏറ്റവും കിഴക്കേ അറ്റത്തുള്ള രണ്ടു പഞ്ചായത്തുകളിൽ ഒന്നാണ് കുളത്തൂപ്പുഴ. ഈ പഞ്ചായത്തിന്റെ കിഴക്ക് തമിഴ്നാട് സംസ്ഥാനവും, തെക്ക് തിരുവനന്തപുരം ജില്ലയും, പടിഞ്ഞാറ് അലയമൺ, ഏരൂർ പഞ്ചായത്തുകളും,വടക്ക് തെന്മല, ആര്യംകാവ് എന്നീ പഞ്ചായത്തുകളും സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ വടക്ക് സിംഹഭാഗവും കല്ലടയാറും കല്ലടജലസംഭരണിയും പങ്കിടുമ്പോൾ, വടക്ക് കിഴക്ക് അതിർത്തിയായി തീർത്തക്കരമലയും, പെരിയനുരുട്ടിമലയും, കിഴക്കുഭാഗത്തായി മുനിയാൽകോവിൽമൊട്ട, രത്നമല, കരിമലക്കടക്കൽ എന്നീ മലകൾ അടങ്ങുന്ന മലനിരയുമാണ്. ഈ പഞ്ചായത്തിന്റെ ജീവനാഡിയായ കുളത്തൂപ്പുഴയാർ പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെ ഒഴുകി കല്ലട ജനസംഭരണിയിൽ ചെന്നുചേരുന്നു. പഞ്ചായത്തിന്റെ ജനവാസത്തിന്റെ ഭൂരിഭാഗവും കുളത്തൂപ്പുഴ ആറിന്റെ ഇരുകരകളിലുമായി തിങ്ങിപ്പാർക്കുന്നു. കുളത്തൂപ്പുഴയാറിന്റെ രണ്ട് പോഷകനദികളായ പോങ്ങുമലയാറും, കുറവൻ കുറുത്തിയാറും പഞ്ചായത്തിന്റെ തെക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്നു.

ഭൂമിശാസ്ത്രമായി കുളത്തൂപ്പുഴ പഞ്ചായത്തിന്റെ ഏറ്റവും ഉയർന്ന ഭാഗങ്ങൾ കിഴക്ക് അതിരിനോട് ചേർന്നുകിടക്കുന്നു. ഏറ്റവും താഴ്ന്ന പ്രദേശങ്ങളിലൂടെ കുളത്തൂപ്പുഴ ആറും, കല്ലടയാറും ഒഴുകുന്നു. പഞ്ചായത്തിലെ ഭൂവിഭാഗങ്ങളുടെ മൊത്തത്തിലുള്ള ചരിവ് തെക്ക്- കിഴക്ക് ദിശയിൽ നിന്നും വടക്ക്- പടിഞ്ഞാറ് ദിശയിലേക്കാണ്. പഞ്ചായത്തിന്റെ കിഴക്കേ അറ്റത്തുനിന്നും നേർദിശയിൽ പടിഞ്ഞാറോട്ട് സഞ്ചരിക്കുമ്പോൾ കാണപ്പെടുന്ന നിമ്നോന്നത (Elevation Difference) ഗ്രാഫ് 3-1 ലും, വടക്കുനിന്ന് നേർദിശയിൽ തെക്കോട്ട് പോകുമ്പോൾ കാണപ്പെടുന്ന നിമ്നോന്നത ഗ്രാഫ് 3-2 ലും കാണിച്ചിരിക്കുന്നു. ഈ പഞ്ചായത്ത് ഭൂമി ശാസ്ത്രപരമായി 8°59'11" വടക്ക്, 8° 45'48" വടക്ക് എന്നീ അക്ഷാംശങ്ങളുടെയും 76° 59'കിഴക്ക്, 77° 16' കിഴക്ക് എന്നീ രേഖാംശങ്ങളുടെയും മദ്ധ്യേ സ്ഥിതി ചെയ്യുന്നു. തിരുവനന്തപുരം- ചെങ്കോട്ട , കൊല്ലം- കുളത്തൂപ്പുഴ എന്നീ പ്രധാന റോഡുകൾ പഞ്ചായത്തിനെ കേരളത്തിലെ മറ്റു സ്ഥലങ്ങളുമായി ബന്ധപ്പെടുത്തുന്നു.

ഗ്രാഫ് - 3-1




Source : PRM Programme CESS

## ഭൂപ്രകൃതി (Land Form)

ഭൂപ്രകൃതി അനുസരിച്ച് കുളത്തൂപ്പുഴ പഞ്ചായത്തിനെ പ്രധാനമായും 4 മേഖലകളായി തരംതിരിക്കാം {ഭൂപടം 3-1}

1. താഴ്‌വരകൾ
2. 18° മുതൽ 27° വരെ ചരിവുള്ള പ്രദേശങ്ങൾ
3. 27° യിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങൾ
4. കല്ലട ജല സംഭരണി.

ഓരോ ഭൂപ്രകൃതി മേഖലയുടെയും വിസ്തീർണ്ണവും മറ്റു വിശദാംശങ്ങളും താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

**കുളത്തൂപ്പുഴ പഞ്ചായത്ത് - ഭൂപ്രകൃതി മേഖലകൾ**

| ക്രമ നമ്പർ | ഭൂപ്രകൃതി മേഖല | വിസ്തൃതി(area) | ശതമാനം |
|---|---|---|---|
| 1. | താഴ്‌വര 5° യിൽ ചരിവുള്ള പ്രദേശം | 1067 | 2.51 |
| 2. | 18° മുതൽ 27° വരെ ചരിവുള്ളപ്രദേശം | 21669 | 51.09 |
| 3. | 27° കൂടുതൽ ചരിവുള്ളപ്രദേശങ്ങൾ | 18890 | 44.56 |
| 4. | കല്ലട ജലപദ്ധതി | 781 | 1.85 |

Sourse PRM Program CESS.

കുളത്തൂപ്പുഴ പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 2.51% വരുന്ന താഴ്‌വരകൾ കുളത്തൂപ്പുഴ ആറിന്റെയും കല്ലടയാറിന്റെയും നദീതടങ്ങളാണ്. വേനൽക്കാല വർഷകാല ഭേദമന്യേ എല്ലാ സമയവും വെള്ളം സുലഭമായി ലഭിക്കുന്നു. ഇത്തരം പ്രദേശങ്ങൾ താരതമ്യേന വളരെ ചെറിയ ചരിവുകളോട് 5° താഴെക്കൂടിയവയാണ്.

പഞ്ചായത്തിലെ ജനസംഖ്യയുടെ ഭൂരിഭാഗവും താമസിക്കുന്നത് 18° മുതൽ 27° വരെ ചരിവുള്ള പ്രദേശങ്ങളിലാണ്. പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 51.09% ഇത്തരം പ്രദേശങ്ങളാണ്. കുളത്തൂപ്പുഴ പഞ്ചായത്തിന് സംബന്ധിച്ചിടത്തോളം ഇത്തരം മേഖലകളുടെ ഒരറ്റത്ത് താഴ്‌വരകളും, മറ്റേ അറ്റത്ത് കുന്നിൻമുകൾ അല്ലെങ്കിൽ കുത്തനെയുള്ള ചരിവുകളാണ്. ഇതിൽ താഴ്‌വരയോട് ചേർന്നുവരുന്ന ഭാഗങ്ങളിൽ മാത്രമേ വർഷം മുഴുവൻ ലഭ്യമാകുന്നുള്ളൂ. ഇത്തരം പ്രദേശങ്ങളിൽ മിശ്രിതവിളകളും മിശ്രിതമരങ്ങളുമാണ് സാധാരണയായി കണ്ടുവരുന്നത്.

പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 44.56% ഭൂമിയും 27° യിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങളാണ്. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തേയില തോട്ടങ്ങൾ, റോസ്മല, സംരക്ഷിതവനമേഖലയുടെ ഭൂവിഭാഗങ്ങൾ എന്നിവ ഈ പ്രദേശങ്ങളിൽ ഉൾപ്പെടുന്നു. കല്ലട ജലസംഭരണി പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 1.85% പ്രദേശത്തായി വ്യാപിച്ചുകിടക്കുന്നു.

### നിമ്നോന്നത മേഖലകൾ

ശരാശരി സമുദ്രനിരപ്പിൽ (Mean sealevel) നിന്നുള്ള ഉയരത്തിന്റെ അടിസ്ഥാനത്തിൽ കുളത്തൂപ്പുഴ പഞ്ചായത്തിനെ 9 മേഖലകളായി തരംതിരിക്കാം.(ഭൂപടം3-2). ഓരോ മേഖലയുടെയും വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | നിമ്നോന്നത മേഖലകൾ | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | 100 മീറ്ററിൽ താഴെ | 2025 | 4.77 |
| 2. | 100 മീറ്ററിനും 200 മീറ്ററിനും മദ്ധ്യേ | 21492 | 50.69 |
| 3. | 200 മീറ്ററിനും300 മീറ്ററിനും മദ്ധ്യേ | 3246 | 7.65 |
| 4. | 300 മീറ്ററിനും 400 മീറ്ററിനും മദ്ധ്യേ | 2153 | 5.07 |
| 5. | 400 മീറ്ററിനും 500 മീറ്ററിനും മദ്ധ്യേ | 2139 | 5.04 |
| 6. | 500 മീറ്ററിനും 700 മീറ്ററിനും മദ്ധ്യേ | 5080 | 11.97 |
| 7. | 700 മീറ്ററിനും 1000 മീറ്ററിനും മദ്ധ്യേ | 3417 | 8.05 |
| 8. | 1000 മീറ്ററിനും 1500 മീറ്ററിനും മദ്ധ്യേ | 2627 | 6.19 |
| 9. | 1500 മീറ്ററിന് മുകളിൽ | 226 | 0.58 |

കുളത്തൂപ്പുഴ പഞ്ചായത്തിലെ ഏറ്റവും ഉയരംകൂടിയ സ്ഥലം കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന കരിമല കടക്കംകുന്നാണ്. ഇതിനു സമുദ്രനിരപ്പിൽ നിന്നും ഏകദേശം 1758 മീറ്റർ ഉയരമുണ്ട് പഞ്ചായത്തിലെ മറ്റു പ്രധാന കുന്നുകളും അവയുടെ ഉയരവും താഴെകൊടുത്തിരിക്കുന്നു.

ഗ്രാഫ് 3-2




Source : PRM Programme CESS.

1. ആൾവാ കുറിച്ചി - 1550 മീറ്റർ
2. പോങ്ങുമല - 1510 മീറ്റർ
3. കമ്പകല്ലുമൊട്ട - 1169 മീറ്റർ
4. ചൂടിമല - 1100 മീറ്റർ
5. തെക്കേമല - 850 മീറ്റർ

കുളത്തൂപ്പുഴ പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 50.68% ഭൂമിയും സമുദ്രനിരപ്പിൽ നിന്നും 100 മീറ്ററിനും 200 മീറ്ററിനും മദ്ധ്യേ സ്ഥിതിചെയ്യുന്നു. ജനവാസം ഏറ്റവും കൂടുതൽ കാണപ്പെടുന്നതും ഈ പ്രദേശത്താണ്. 100 മീറ്ററിൽ താഴെ 4.77% ഭൂമിയും, 200 മീറ്ററിനും, 300 മീറ്ററിനും മദ്ധ്യേ ആയി 7.65% ഭൂമിയും, വ്യാപിച്ചുകിടക്കുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറുനിന്നും കിഴക്കു ദിശയിലേക്കുപോകുംതോറും സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം ക്രമാനുഗതമായി കൂടിവരുന്നതായി കാണാം. സമുദ്രനിരപ്പിൽ നിന്നും 300 മീറ്റർ മുകളിൽ വരുന്ന എല്ലാ മേഖലകളുടെയും ഭൂരിഭാഗം സംരക്ഷിത വനങ്ങളാണ്. 300 മീറ്ററിനും,400 മീറ്ററിനും ഇടയിൽ മൊത്തം ഭൂവിസ്തൃതിയിടെ 5.07% വും, 400 മീറ്ററിനും 500 മീറ്ററിനും മദ്ധ്യേ വരുന്ന മേഖല 5.04% വും ആണ്. 500 മീറ്ററിനും 700 മീറ്ററിനും ഇടയിലായി 11.97% ഭൂമിയും,700 മീറ്ററിനും 1000 മീറ്ററിനും ഇടയിൽ 8.05% വ്യാപിച്ചുകിടക്കുന്നു. മൊത്തം ഭൂവിസ്തൃതിയുടെ 6.19% ഭൂമി 1000 മീറ്ററിനും 1500 മീറ്ററിനും ഇടയിൽ സ്ഥിതിചെയ്യുമ്പോൾ 1500 മീറ്ററിന് മുകളിൽ വരുന്നത് 0.58% ഭൂമി മാത്രമാണ്.

### നീർമറി പ്രദേശങ്ങൾ(Water shed Areas)

ഒരു പ്രദേശത്തെ വികസന പ്രവർത്തനം ആസൂത്രണം ചെയ്യുമ്പോൾ ആപ്രദേശത്തെ അടിസ്ഥാന വിഭവങ്ങളായ മണ്ണ്,ജലം,സസ്യജാലം എന്നിവയ്ക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതുണ്ട്. സൂഷ്മതലത്തിൽ ആസൂത്രണ പ്രക്രിയ നടത്തുമ്പോൾ ഭൂവിഭാഗങ്ങളെ നീർമറി അടിസ്ഥാനത്തിൽ തരംതിരിക്കുന്നതാണ് ഏറ്റവും ഉചിതം. ഏതെങ്കിലും ഒരുവിയിലേക്ക്, അഥവാ തോട്ടിലേക്ക് അല്ലെങ്കിൽ നദിയിലേക്ക് എത്രമാത്രംപ്രദേശത്ത് പെയ്തേൽക്കുന്ന വെള്ളം എത്തിച്ചേരുമോ അത്രയും പ്രദേശം ആ ജല വാഹിയുടെ നീർമറി അഥവാ ആവാഹകപ്രദേശം (water shed) എന്നു പറയുന്നു. കുളത്തൂപ്പുഴ പഞ്ചായത്തിനെ പ്രധാനമായും 11 നീർമ്മറിപ്രദേശങ്ങളായി തരംതിരിക്കാം.(ഭൂപടം 3-3) ഒരോ നീർമറി പ്രദേശത്തിന്റെയും വിശദാംശങ്ങൾ താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

കുളത്തൂപ്പുഴ പഞ്ചായത്ത് നീർമറിപ്രദേശങ്ങൾ.

| ക്രമ നമ്പർ | നീർമറി നമ്പർ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | നീർമറി നമ്പർ- 1 | 4712 | 11.11 |
| 2. | " 2 | 17008 | 40.1 |
| 3 | " 3 | 4248 | 10.11 |
| 4. | " 4 | 3973 | 9.34 |
| 5. | " 5 | 2434 | 5.74 |
| 6. | " 6 | 793 | 1.87 |
| 7. | " 7 | 1616 | 3.82 |
| 8. | " 8 | 2243 | 5.29 |
| 9. | " 9 | 2300 | 5.43 |
| 10 | " 10 | 1228 | 2.89 |
| 11. | | 1815 | 4.28 |

#### നീർമറി -1

പോങ്ങുമല ആറിന്റെ പുഷ്ടി പ്രദേശമായ ഈ നീർമറി തെക്കേമല- കരിമലകടക്കൻ എന്നീ മല നിരയുടെ തെക്കേ ഭാഗത്തുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്നു. 4712 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ നീർമറി പ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 11.11% വരുന്നു.

#### നീർമറി-2

ചേന്തുരുണി ആറിന്റെ പുഷ്ടി പ്രദേശമായ ഈ നീർമറി 17008 ഹെക്ടർ പ്രദേശത്ത് അതായത് പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 40.1% പങ്കിടുന്നു. പഞ്ചായത്തിലെ 11 നീർമറികളിൽ വിസ്തൃതികളിൽ ഏറ്റവും വലുത് ഈ നീർമറിയാണ്. കല്ലട ജലസംഭരണിയുടെ 781 ഹെക്ടർ ജലാശയം ഈ നീർമറിയിൽ സ്ഥിതിചെയ്യുന്നു. കരടിപാറ, കമ്പകല്ല്മൊട്ട, കരിമലകടക്കൻ എന്നീ കുന്നുകൾ ഉൾപ്പെടുന്ന മലനിരയുടെ വടക്കുഭാഗവും, മുനിയാൻകോവിൽമൊട്ട, പെരിയനുരുട്ടിമല, തീർത്തക്കരമല എന്നിവയുടെ തെക്കുഭാഗവും ചൂടിമലയുടെ വടക്ക്- കിഴക്ക് ഭാഗവും രത്തമലയുടെ



LANDFORM MAP
Source : Programme - CESS.

തെക്കും പടിഞ്ഞാറും ഭാഗവും ഈ നീർമറിയിൽ ഉൾപ്പെടുന്നു.

**നീർമറി-3**

കുന്നിമാൻ തോടിന്റെ പുഷ്ടിപ്രദേശമായ ഈ നീർമറിയിൽ മൊത്തം ഭൂവിസ്തൃതിയുടെ 10.11% അതായത് 4284 ഹെക്ടർ ഭൂമി ഉൾപ്പെടുന്നു. ചൂടിമല, ആമകുളം എന്നീ മലകളുടെ വടക്കു ഭാഗത്തായി നീർമറി സ്ഥിതിചെയ്യുന്നു.

**നീർമറി-4**

കുറവൻകുറത്തി ആറിന്റെ പുഷ്ടിപ്രദേശമായ ഈ നീർമറി 3973 ഹെക്ടർ അതായത് പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 9.34% വിസ്തൃതിയിൽ വ്യാപിച്ചികിടക്കുന്നു. വട്ടകരിക്കും, രത്തപോങ്ങ്മൊട്ട, ചൂടി എന്നീ കുന്നുകളുടെ തെക്കുഭാഗവും തെക്കേമലയുടെ വടക്ക്- വടക്ക്- കിഴക്കുഭാഗവും, അമ്പക്കല്ല്മൊട്ടയുടെ തെക്ക്, തെക്ക്പടിഞ്ഞാറു ഭാഗവും ഈ നീർമറിയിൽ ഉൾപ്പെടുന്നു.

**നീർമറി-5**

വട്ടക്കരിക്കത്തിന്റെ വടക്കുഭാഗവും ആമകുളത്തിന്റെ തെക്കുഭാഗവും, രത്തപോങ്ങു മൊട്ടയുടെ തെക്കുപടിഞ്ഞാറുഭാഗവും ഉൾപ്പെടുന്ന ഈ നീർമറി മൊത്തം ഭൂമിയുടെ 5.74% അതായത് 2434 ഹെക്ടർ ഭൂമിയിലായി വ്യാപിച്ചുകിടക്കുന്നു.

**നീർമറി-6**

കണ്ടൻചിറ, ഓന്ത്പച്ച എന്നീഭാഗങ്ങൾ ഉൾപ്പെടുന്ന ഈ നീർമറിയിലെ വെള്ളം കുളത്തൂപ്പുഴയിൽ എത്തിച്ചേരുന്നു. മൊത്തം ഭൂവിസ്തൃതിയുടെ 1.87% അതായത് 793 ഹെക്ടർ ഭൂമി ഈ നീർമറിയിൽ ഒതുങ്ങി നിൽക്കുന്നു. പഞ്ചായത്തിലെ ഏറ്റവും വിസ്തൃതി കുറഞ്ഞ നീർമറിയാണിത്.

**നീർമറി-7**

മൊത്തം ഭൂവിസ്തൃതിയുടെ 3.82% അതായത് 1616 ഹെക്ടർ ഭൂമിയിലായി വ്യാപിച്ചുകിടക്കുന്നു. ഈ നീർമറിയിൽ പഞ്ചായത്തിലെ ചിനിക്കലും പരിസരപ്രദേശങ്ങളും ഉൾപ്പെടുന്നു.

**നീർമറി-8**

ഏഴംകുളം മാർത്താണ്ഡംകര എന്നീ ഭാഗങ്ങൾ ഉൾപ്പെടുന്ന ഈ നീർമറി മൊത്തം ഭൂവിസ്തൃതിയുടെ 5.43% അതായത് 2300 ഹെക്ടർ ഭൂപ്രദേശത്തായി വ്യാപിച്ചുകിടക്കുന്നു.

**നീർമറി-9**

കുളത്തൂപ്പുഴയിൽ ചെന്നുചേരുന്ന ഒരു പോഷകതോടിന്റെ പുഷ്ടിപ്രദേശങ്ങളായ ഈ നീർമറി മൊത്തം ഭൂവിസ്തൃതിയുടെ 2.89% അതായത് 1228 ഹെക്ടർ ഭൂപ്രദേശത്തായി വ്യാപിച്ചുകിടക്കുന്നു.

**നീർമറി-10**

കൂവക്കാട്, നെടുവണ്ണൂർകടവ് എന്നീ സ്ഥലങ്ങളും അവയുടെ പരിസരപ്രദേശങ്ങളും ഉൾപ്പെടുന്ന ഈ നീർമറി പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 4.28% അതായത് 1815 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്നു.

മേൽപ്പറഞ്ഞ നീർമറി പ്രദേശങ്ങളിൽ ജനവാസത്തിന്റെ സിംഹഭാഗവും നീർമറി നമ്പർ 3,5,6,7,8,9,10 എന്നിവയിലാണ്. അവശേഷിക്കുന്ന നീർമറികൾ എല്ലാം തന്നെ സംരക്ഷിത വനമേഖലകളിൽ ഉൾപ്പെടുന്നു.

**മൺതരങ്ങൾ**

മലനിരകളും കൊച്ചുകൊച്ചു കുന്നുകളും ധാരാളമായി കാണുന്ന കുളത്തൂപ്പുഴ പഞ്ചായത്തിലെ മൺതരങ്ങളെ പ്രധാനമായും മൂന്നായി തരംതിരിക്കാം.

1. ചെങ്കൽ മണ്ണ് (Laterite soil)
2. നദിജന്യ എക്കൽ (Reverine Alluvinm)
3. ജൈവാംശം കൂടുതലുള്ള ചെങ്കൽ മണ്ണ്.

പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 80%ത്തോളം വരുന്ന ചെങ്കൽ മണ്ണ് പ്രധാനമായും മലനിരകളിലും കുന്നിൻ ചരിവുകളിലുമായി വ്യാപിച്ചുകിടക്കുന്നു. പൊതുവെ നീർവാർച്ച കൂടുതലുള്ള ഇത്തരം മണ്ണിൽ ചരലിന്റെ (Gravel)ന്റെ തോത് കൂടുതലാണ്.അരമീറ്റർ മുതൽ 4 മീറ്റർ വരെ കനത്തിൽ ഈ മണ്ണ് കാണപ്പെടുന്നു. പാറപൊടിഞ്ഞു




ചിത്രം 3.4.
Source: PRM Programme - CESS.

മണ്ണുണ്ടാകുന്ന പ്രക്രിയ ഇവിടുത്തെ റോഡ്തിട്ടകളിൽ (Road cuttings) വ്യക്തമായി കാണാവുന്നതാണ്. പിതൃശില അപക്ഷയം സംഭവിച്ച് (Weathering of parent rock) ചെങ്കല്ലും ചെങ്കൽമണ്ണും (Laterate and laterate soil) ഉണ്ടാക്കുന്നതിന്റെ വിവിധഘട്ടങ്ങൾ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

പഞ്ചായത്തിലെ നെൽ വയലുകളിലും നദീതടങ്ങളിലും മാത്രമായി കണ്ടുവരുന്ന നദീജന്യ എക്കൽ മണ്ണിൽ മണലിന്റെ അംശം കുറവും കളിമണ്ണിന്റെ അംശം കൂടുതലായിയാണ് കണ്ടുവരുന്നത്. ഇത്തരം മണ്ണിനെ സാങ്കേതികമായി സാന്റിക്ലേലോം(Sandy clay loam) എന്ന ഇനത്തിൽപ്പെടുത്താവുന്നതാണ്. മഴക്കാലത്ത് കുന്നിൻ മുകളിൽ നിന്നും ഒഴുകിവരുന്ന എക്കലും ധാതു ലവണങ്ങളും അടങ്ങിയ വെള്ളം വയലുകളിലും, നദീതടങ്ങളിലും കെട്ടിനിൽക്കുമ്പോൾ അതിലുള്ള ധാതുലവണങ്ങളും എക്കലും അടിഞ്ഞ് കൂടിയാണ് ഇത്തരം മണ്ണ് ഉണ്ടാകുന്നത്. താരതമ്യേന ഫലഭൂയിഷ്ഠത (FERTILITY) കൂടിയ ഇത്തരം മണ്ണിൽ കളിമണ്ണിന്റെ അംശം കൂടുതൽ ഉള്ളതുകൊണ്ട് നീർവാർച്ച കുറവാണ്.

വനങ്ങളിൽ മാത്രമായി കണ്ടുവരുന്ന ജൈവാംശം കൂടുതലുള്ള ചെങ്കൽ മണ്ണിനെ (borest soil) പ്രാദേശികമായി കരിമണ്ണെന്നു പറയുന്നു. കുളത്തുപുഴ പഞ്ചായത്തിലെ സംരക്ഷിതവനമേഖലയിലാണ് ഇത്തരം മണ്ണ് കാണപ്പെടുന്നത്. ഇത്തരം മണ്ണിനു ജലസംഭരണശേഷി വളരെ കുടുതൽ ആണ് പഞ്ചായത്തിലെ ശംഖലി, തീർത്ഥകരമല എന്നീ ഭാഗങ്ങളിൽ മണ്ണിൻെറ കനം വളരെ കുറവാണ്.

**ജല ലഭ്യത :**

കുളത്തുപുഴ പഞ്ചായത്തിൽ ഒരു വർഷം ശരാശരി 2554 മല്ലിമീറ്റർ മഴയാണു് ലഭിച്ചുകോണ്ടിരുന്നതു്. പഞ്ചായന്നിലെ പ്രധാന ജല സ്രേതസ്സ് കുളത്തുപുഴ. ആറും കല്ലട ആറും ആണു്. കുളത്തുപുഴ ആറിന്റെ, 30.6 കി. മീറ്റർ നീളം പഞ്ചായത്തിന്റെ, മദ്ധ്യത്തിലൂടെ ഒഴുകി കല്ലട ജല സംഭരിണിയിൽ എത്തി ചേരുന്നു. കല്ലട ആറിന്റെ 11.5 k.m. നീളം പഞ്ചായത്തിന്റെ വടക്കെ അതിരിലൂടെ ഒഴുകുന്നു. ഇതിലുപരി കല്ലട ജലസംഭരണിയുടെ 781 ഹെക്ടർ വിസ്തൃതികയിലുള്ള ജലശേഖരം പഞ്ചായത്തിന്റെ വടക്കേ അതിരിലൂടെ ഒഴുകുന്നു. പ്രധാന ആറുകൾ കൂടാതെ ധാരാളം ചെറുതോടുകളും, കുളങ്ങളും ഈ പഞ്ചായത്തിൽ കണ്ടുവരുന്നു. പഞ്ചായത്തിലെ പ്രധാന കുളങ്ങളും അവ ഉൾപ്പെടുന്ന വില്ലേജും താഴെകോടുത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കുളംസ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേര് | വാർഡ് | വില്ലേജ്. |
|---|---|---|---|
| 1 | വെണ്ണില തെക്കേകര | I | ,, |
| 2 | ഭാരതീപുരം | I | ,, |
| 3 | ഏഴംകുളം | I | ,, |
| 4 | കടമാൻകോട് | II | ,, |
| 5 | കൊച്ചുകരിയ്ക്കം | II | ,, |
| 6 | സാം നഗർ | III | ,, |
| 7 | കല്ലുവെട്ടാംകുഴി | IV | ,, |
| 8 | കുമരം കരിക്കം | IV | ,, |
| 9 | കണ്ടൻചിറ | V | ,, |
| 10 | മൈലമുട് | V | ,, |

ഇത്രയേറെ ജലസ്രോതസ്സുകൾ ഉണ്ടായിട്ടും നിമ്നോന്നത ഭൂപ്രകൃതി ആയതിനാൽ പഞ്ചായത്തിൽ ജലക്ഷാമം രൂക്ഷമാണ്. മഠത്തിക്കോണം, കാഞ്ഞിരോട്ട്കുന്ന്, കൂവക്കാട്, നെടുവണ്ണൂർക്കടവ്, നെല്ലിമൂട്, സാംനഗർ, റോസ്മല, ഇ.എസ്.എം കോളനി എന്നീ പ്രദേശങ്ങളിലെ പ്രമുഖ ജനവാസകേന്ദ്രങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. ഇവിടുത്തെ ജലക്ഷാമം പ്രധാനമായും ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. കുളത്തൂപ്പുഴപഞ്ചായത്തിലെ താഴ്വരകളിലും, 17° മുതൽ 27° വരെ ചരിവുള്ള പ്രദേശങ്ങളിലുമാണ് ജലക്ഷാമത്തിന്റെ രൂക്ഷത അല്പമെങ്കിലും കുറവ്. ഇതിൽ തന്നെ മേൽപ്പറഞ്ഞ ചരിവുകളുടെ മുകളറ്റത്ത് ജലക്ഷാമം രൂക്ഷമാണ്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 95.65% വും 17° യിൽക്കൂടുതൽ ചരിവുള്ളപ്രദേശങ്ങളാണ്. ഇക്കാരണത്താൽ തന്നെ വർഷക്കാലത്ത് ഭൂമിയുടെ ഉപരിതലത്തിൽ പതിക്കുന്ന മഴവെള്ളത്തിന്റെ സിംഹഭാഗവും ഭൂമിയുടെ ഉള്ളിലേക്ക് ഊർന്നിറങ്ങാതെ അതിവേഗം ചരിവുകളിലൂടെ ഒഴുകി

ഗ്രാഫ് 3-4

RAINFALL IN KOLLAM [DT] 1988-1993.

COMPARISON OF NE MONSOON AND SW-MONSOON



കുളത്തൂപ്പുഴ ആറിലും അതുവഴി കല്ലട ജലസംഭരണിയിലും എത്തിച്ചേരുന്നു. തന്മൂലം ഭൂഗർഭ ജലശേഖരത്തിലേക്ക് ഒരോവർഷവും എത്തുന്ന ജലത്തിന്റെ അളവ് കുറഞ്ഞു കുറഞ്ഞുവരികയും, ഭൂഗർഭജലനിരക്ക് താഴ്ന്ന് പോകുകയും ചെയ്യുന്നു. ഇത് ജലക്ഷാമത്തിന് ഒരു പ്രധാന ഹേതുവാണ്. പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വയലുകളിലെ മണ്ണിൽ കളിമണ്ണിന്റെ അംശം കൂടുതലുള്ളതുകൊണ്ട് ഭൂമിയിലേക്ക് ഊർന്നിറങ്ങുന്നതിന് തടസ്സമാകുന്നു.

ഭൂവിനിയോഗം- കുളത്തൂപ്പുഴ പഞ്ചായത്തിലെ മൊത്തം ഭൂവിസ്തൃതിയെ ആവരണം ചെയ്തുനിൽക്കുന്ന സസ്യങ്ങളുടെ ഒരു താരതമ്യ പഠനം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു.

കുളത്തൂപ്പുഴ പഞ്ചായത്ത്- പൊതുഭൂവിനിയോഗം

| ക്രമ നമ്പർ | ഭൂവിനിയോഗം | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | സംരക്ഷിത വനങ്ങൾ | 33100 | 78.05 |
| 2. | മിശ്രിതവിളകൾ/ മരങ്ങൾ | 2286 | 5.839 |
| 3. | തേയില കുറവ് ഇപ്പോൾ 150 ഏക്കറിൽ മാത്രമേ കൃഷിയുള്ളു | 654 | 1.54 |
| 4. | വയൽ | 220 | .52 |
| 5. | റബ്ബർ | 6000 | 11.2 |
| 6. | യൂക്കാലിപ്റ്റസ് | 1617 | 3.81 |
| 7. | തേക്ക് | 453 | .66 |
| 8. | യൂക്കാലിപ്റ്റസ്+തീപ്പെട്ടി മരം | 583 | 1.37 |
| 9. | തേക്ക്+തീപ്പെട്ടിമരം | 1116 | 2.63 |
| 10. | എണ്ണപ്പന | 281 | .66 |
| 11. | കല്ലട ജലസംഭരണി | 781 | 1.84 |

Source PRM-CESS

കുളത്തൂപ്പുഴ പഞ്ചായത്തിൽ അധികം ഭൂമിയിലും സംരക്ഷിതവനങ്ങളാണ് നിലനിൽക്കുന്നത്. മൊത്തം ഭൂവിസ്തൃതിയുടെ 78.65% രണ്ടാമതായി മിശ്രിതവിളകളും മിശ്രിതമരങ്ങളും കൃഷി ചെയ്യുമ്പോൾ വയൽ കേവലം 52%ഭൂമിയിൽ മാത്രമാണ് കൃഷിചെയ്യുന്നത്.

കുളത്തൂപ്പുഴ പഞ്ചായത്തിന്റെ 89.45% ഭൂമിയും സർക്കാർ അധീനതയിലാണ്. ഇതിൽ 78% സംരക്ഷിത വനങ്ങളും 9.55% സർക്കാർതോട്ടങ്ങളായ യൂക്കാലിപ്റ്റസ്, തേക്ക്, എണ്ണപ്പന എന്നിവയും കൃഷിചെയ്യുന്നു. കല്ലട പദ്ധതി പ്രവർത്തനമായതോടെ 781 ഹെക്ടർ ഭൂമി അതായത് മൊത്തം ഭൂവിസ്തൃതിയുടെ 1.84% വെള്ളത്തിനടിയിലാവുകയും ചെയ്തു. അങ്ങനെ ജനങ്ങൾക്ക് കൃഷിചെയ്യുവാൻ ലഭ്യമായത് കേവലം 10.55% ഭൂമി മാത്രമാണ്. ഓരോഭൂവിനിയോഗത്തിന്റെയും വിസ്തൃതി ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഭൂവിനിയോഗം | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | സംരക്ഷിത വനങ്ങൾ | 33100 | 7805 |
| 2. | സർക്കാർതോട്ടങ്ങൾ | 4050 | 9.55 |
| 3. | കല്ലട പദ്ധതി | 781 | 1.84 |
| 4. | കൃഷിക്ക് ലഭ്യമായ ഭൂമി | 4475 | 10.55 |

Source PRM Programe

കുളത്തൂപ്പുഴ പഞ്ചായത്തിൽ ഭൂമിക്ക് ലഭ്യമായ 4477 ഹെക്ടർ ഭൂപ്രദേശത്ത് പ്രധാനമായും മിശ്രിതമരങ്ങളും മിശ്രിതവിളകളും ആണ്. റബ്ബർ തോട്ടങ്ങൾ, തേയിലതോട്ടങ്ങൾ, നെൽ വയലുകൾ എന്നിവയാണ് മറ്റുപ്രധാന കൃഷികൾ.ഓരോ വിളയുടെയും വിസ്തൃതി ശതമാനത്തിൽ താഴെ കൊടുത്തിരിക്കുന്നു.

കൃഷിക്കു ലഭ്യമായ ഭൂമിയിലെ ഭൂവിനിയോഗം

| ക്രമ നമ്പർ | ഭൂവിനിയോഗം | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | മിശ്രിത വിളകൾ/ മരങ്ങൾ | 2286 | 51.08 |
| 2. | റബ്ബർതോട്ടങ്ങൾ | 1315 | 29.39 |
| 3. | തേയിലകൃഷി ഉള്ളതും കൃഷി നടത്താവുന്നതുമായ | 654 | 14.62 |
| 4. | വയൽ | 220 | 4.91 |

Source PRM Programe CESS

കുളത്തൂപ്പുഴ പഞ്ചായത്തിലെ പ്രധാന വിളകളും അവയുടെ ഉല്പാദനക്ഷമതയും താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഗ്രാഫ് - 3-5.

# TEMPARATURE - PUNALUR OBSERVATORY.

Monthly Mean Values of Maximum and Minimum. 1993



കുളത്തൂപ്പുഴ പഞ്ചായത്ത്
പ്രധാന വിളകളും ഉല്പാദനക്ഷമതയും

| ക്രമ നമ്പർ | പ്രധാന വിളകൾ | വിസ്തൃതി | ഉല്പാദനക്ഷമത 1 ഹെക്ടറിൽ |
|---|---|---|---|
| 1. | നെല്ല് | 220 | 2.28 മെട്രിക്ടൺ |
| 2. | റബ്ബർ | 6000 | 20.25 മെട്രിക്ടൺ |
| 3. | പഴവർഗ്ഗങ്ങൾ | 93 | 150 കി.ഗ്രാം |
| 4. | കശുമാവ് | 10 | 2.4 ടൺ |
| 5. | കുരുമുളക് | 1210 | 8 മെട്രിക് ടൺ |
| 6. | അടക്ക | 180ൽ | 12 ടൺ |
| 7. | പച്ചക്കറി | 120 | 10 ടൺ |
| 8. | എണ്ണക്കുരുക്കൾ | 2 | 2.5 ടൺ |
| 9. | സുഗന്ധവിളകൾ | 15 | 2 ടൺ |
| 10. | പഴവർഗ്ഗങ്ങൾ | 10 | 10 ടൺ |
| 11. | കാപ്പി | 2 | 8 ടൺ |
| 12, | നാളികേരം | 262 | 3400 എണ്ണം |
| 13. | നേന്ത്രവാഴ | 196 | 1 ടൺ |
| 14. | ഇഞ്ചി | 25 | 12.5 ടൺ |
| 15. | മരച്ചീനി(കപ്പ) | 240 | 20 ടൺ |

അവലംബം- കൃഷിഭവൻ രേഖകൾ 1994.

### ധാതു സമ്പത്ത്

കേരളത്തിലെ ധാതുസമ്പത്ത് ഭൂപടത്തിൽ കുളത്തൂപ്പുഴ പഞ്ചായത്തിന് പ്രത്യേക പ്രധാന്യം ഉണ്ട്. രത്നകല്ലുകളുടെ നിക്ഷേപം പഞ്ചായത്തിലെ ചെന്തരുണി, കുളത്തൂപ്പുഴ എന്നുഭാഗങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്. കുളത്തൂപ്പുഴ ആറിന്റെയും, ചെന്തരുണിയാറിന്റെയും എക്കൽഅടിഞ്ഞുകൂടുന്ന തടങ്ങളിലും (River fed) കരകളിലുമായി രത്നക്കല്ലുകളുടെ ഖനനം നടക്കുന്നുണ്ട്.കുളത്തൂപ്പുഴ ആറും ചെന്തരുണിയാറും ഒഴുകുന്ന കായാന്തരിതശിലകളിലെ (Metamorphic Terranes) പെഗ്മറ്റൈറ്റ് (Pegmatite) അന്തർവേദങ്ങൾ (Instrusions) ആണ് രത്നക്കല്ലുകളുടെ ഉറവിടം. ഭൗതികവും രാസപരവുമായ കാരണങ്ങൾകൊണ്ട് പെഗ്മറ്റൈറ്റ് അന്തർവേദങ്ങളുടെ അപക്ഷയം നടന്ന് (Physical and chemical weathering of pegmatite instrusion) ഒഴുകുന്ന വെള്ളത്തിലൂടെ രത്നക്കല്ലുകൾ പുഴയിലെത്തുന്നു.

### കാലാവസ്ഥ:

അതതു പ്രദേശങ്ങളിൽ നടത്തിവരുന്ന കൃഷികളെയും അവിടെ നിലനിൽക്കുന്ന കാലാവസ്ഥ ചക്രത്തേയും ആസ്പദമാക്കി കേരളത്തെ 13 കാർഷികകാലാവസ്ഥാമേഖലകളാക്കി(Agro -climatic zones) തരംതിരിച്ചിട്ടുണ്ട്. കുളത്തൂപ്പുഴ പഞ്ചായത്ത് ഉൾപ്പെടുന്ന കൊല്ലംജില്ലയുടെ മലനിരകളെല്ലാം "മലനാട്"(High land) എന്ന കാർഷിക കാലാവസ്ഥ മേഖലയിൽ ഉൾപ്പെടുന്നു. ഇതിൽ കുളത്തൂപ്പുഴ പഞ്ചായത്ത് സ്ഥിതിചെയ്യുന്ന 424.06 ച:കി :മി വിസ്തീർണ്ണവും ഉൾപ്പെടുന്നു. അഥവാ മലനാട് എന്ന കാർഷിക കാലാവസ്ഥാമേഖലയുടെ 4.78% കുളത്തൂപ്പുഴ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഇത്തരം കാർഷിക കാലാവസ്ഥാ മേഖലയിലെ പ്രധാന കൃഷി, റബ്ബർ ,കുരുമുളക്, തെങ്ങ് എന്നിവയാണ്.

ദേശീയ കാർഷിക ഗവേഷണ പദ്ധതി (National agricultural Project) പ്രകാരം കേരളത്തെ 5 കാർഷിക കാലാവസ്ഥാ മേഖലകളാക്കി തരംതിരിച്ചിട്ടുണ്ട്. ഇതിൽ കുളത്തൂപ്പുഴ പഞ്ചായത്തും പരിസരപ്രദേശങ്ങളും " തെക്കൻ മേഖല" (southern zone)ൽ ഉൾപ്പെടുന്നു. ഇവിടെ അനുഭവപ്പെടുന്നത് സമശീതോഷ്ണ ആർദ്രകാലാവസ്ഥയാണ്(Tropical Humid Climate)

### വർഷപാതം(Rain Fall)

കൊല്ലം ജില്ലയിൽ ഒരുവർഷത്തിൽ ശരാശരി 2554 മി.മീറ്റർ മഴയാണ് ലഭിക്കുന്നത്. കേരള സംസ്ഥാനത്തിന്റെ ശരാശരി വർഷപാതവുമായി താരതമ്യം ചെയ്യുമ്പോൾ(ഗ്രാഫ് 3-3 ). കൊല്ലം ജില്ലയിൽ ഒരുവർഷം 482 മില്ലീമീറ്റർ മഴകുറവുമാത്രമാണ് ലഭിക്കുന്നത്. കൊല്ലം ജില്ലയിൽ ഓരോ മാസത്തിലും ലഭിക്കുന്ന ശരാശരി മഴയും സംസ്ഥാനത്ത് ലഭിക്കുന്ന ശരാശരി മഴയും ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു.

| | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റം: | ഒക്ടോ: | നവം: | ഡിസം: | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| കേരളം | 14 | 17 | 39 | 112 | 256 | 691 | 760 | 433 | 247 | 288 | 163 | 42 | 3063 |
| കൊല്ലം | 24 | 31 | 75 | 116 | 242 | 487 | 428 | 273 | 212 | 350 | 216 | 60 | 2554 |

ഗ്രാഫ് 3.6.

# RELATIVE HUMIDITY - PUNALUR

Monthly Mean values at 08.30 and 17.30 of 1994.



കൊല്ലം ജില്ലയിൽ ഏറ്റവും അധികം മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ, ഒക്ടോബർ മാസങ്ങളിലാണ്. ഏറ്റവും കുറവു ലഭിക്കുന്നത് ഡിസംബർ, ജനുവരി, ഫെബ്രുവരി,മാർച്ച് മാസങ്ങളിലാണ്. കൊല്ലം ജില്ലയിൽ ജനുവരി, ഫെബ്രുവരി,മാർച്ച്, ഏപ്രിൽ, ഒക്ടോബർ,നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കുന്നുണ്ടെങ്കിലും ശേഷിക്കുന്ന മാസങ്ങളിൽ സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴ്ന്ന തോന്നിലുള്ള മഴയേ ലഭിക്കുന്നുള്ളൂ.

അനുഭവപ്പെടുന്നത് ജനുവരി മാസത്തിലുമാണ്. ഇവ യഥാക്രമം 33.2° C 20.8° C എന്നിങ്ങനെയാണ്. ഡിസംബർ,ജനുവരി, ഫെബ്രുവരി,മാർച്ച്, ഏപ്രിൽ, മെയ്,ജൂൺ എന്നീ മാസങ്ങളിൽ കൂടിയ താപനില 30° C മുകളിലായി അനുഭവപ്പെടുമ്പോൾ ശേഷിക്കുന്ന മാസങ്ങളിൽ ഇത് 27° C നും 29° C നും മദ്ധ്യേയായി അനുഭവപ്പെടുന്നു. കുളത്തൂപ്പുഴ പഞ്ചായത്തിന്റെ ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന പുനലൂർ കാലാവസ്ഥാനിരീക്ഷണ കേന്ദ്രത്തിൽ 1993ൽ രേഖപ്പെടുത്തിയ കൂടിയ താപനിലകളും കുറഞ്ഞതാപനിലകളും ഗ്രാഫ് 3-5 ലും പട്ടികയായി താഴെയും കൊടുത്തിരിക്കുന്നു.

1993 ലെ താപനില/ഡിഗ്രി സെൽഷ്യസ്/

| 1993 | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തം: | ഒക്ടോ: | നവം: | ഡിസം: |
|---|---|---|---|---|---|---|---|---|---|---|---|---|
| കൂടിയ താപനില | 30.3 | 31.8 | 32.7 | 33.2 | 32.4 | 30.2 | 27.0 | 28.2 | 28.8 | 28.0 | 29.0 | 30.9 |
| കുറഞ്ഞ താപനില | 20.8 | 22.6 | 24.2 | 24.4 | 23.9 | 23.0 | 22.0 | 23.5 | 23.3 | 22.7 | 23.3 | 23.2 |

കൊല്ലം ജില്ലയിൽ ലഭ്യമായികൊണ്ടിരിക്കുന്ന തെക്കുപടിഞ്ഞാറൻ മൺസൂൺ (South West Monsoon) വടക്കുകിഴക്കൻ മൺസൂണും (NorthEast Monsoon) താരതമ്യം ചെയ്യുമ്പോൾ(ഗ്രാഫ് 3-4) ഏറ്റവും അധികം മഴ ലഭിക്കുന്നത് തെക്കുപടിഞ്ഞാറൻ കാലവർഷത്തിന്റെ സമയത്താണ് എന്ന് മനസ്സിലാക്കാം. കൊല്ലം ജില്ലയിൽ 1988 മുതൽ 1993 വരെ ലഭിച്ച തെക്കുപടിഞ്ഞാറൻ കാലവർഷത്തിന്റെയും വടക്കുകിഴക്കൻ കാലവർഷത്തിന്റെയും കണക്കുകൾ താഴെയുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു.

## അന്തരീക്ഷ ഈർപ്പം (Humidity)

കുളത്തൂപ്പുഴ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ അന്തരീക്ഷ ഈർപ്പം അനുഭവപ്പെടുന്നത് ജൂൺ,ജൂലൈ,ആഗസ്റ്റ് മാസങ്ങളിലാണ്. പുനലൂർ കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിൽ 1994-ൽ രാവിലെ 8.30 നും വൈകുന്നേരം 5.30 നും രേഖപ്പെടുത്തിയ അന്തരീക്ഷ ഈർപ്പം ഗ്രാഫ് രൂപത്തിൽ ഗ്രാഫ് 3-6 ലും പട്ടികയായി താഴെയും കാണിച്ചിരിക്കുന്നു.

1994 ലെ അന്തരീക്ഷ ഈർപ്പം (ശതമാനത്തിൽ)

| 1994 | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തം: | ഒക്ടോ: | നവം: | ഡിസം: |
|---|---|---|---|---|---|---|---|---|---|---|---|---|
| 8.30a.m | 90 | 92 | 92 | 91 | 88 | 94 | 94 | 95 | 93 | 93 | 91 | 88 |
| 5.30 p.m | 60 | 61 | 57 | 69 | 70 | 79 | 82 | 78 | 69 | 82 | 71 | 59 |

| | 1988 | 1989 | 1990 | 1991 | 1992 | 1993 |
|---|---|---|---|---|---|---|
| തെക്കുപടിഞ്ഞാറൻ | 1019 | 1307 | 814 | 1879 | 1435 | 1363 |
| വടക്കുകിഴക്കൻ | 671 | 987 | 585 | 704 | 1418 | 1008 |

## താപനില (Temperature)

സാധാരണയായി കുളത്തൂപ്പുഴ പഞ്ചായത്തിൽ ഏറ്റവും അധികം ചൂടനുഭവപ്പെടുന്നത് ഏപ്രിൽ മാസത്തിലും ഏറ്റവും കൂടുതൽ തണുപ്പ്

## പരിസ്ഥിതി പ്രശ്നങ്ങൾ (Environmental Problems)

### 1. ഉരുൾപൊട്ടൽ(Land Slides)

1992 നവംബർ 13,14 തീയതികളിലായി കുളത്തൂപ്പുഴ പഞ്ചായത്തിലെ റോസ്മല, കല്ലാർ എസ്റ്റേറ്റ്, ശംഖിലി എന്നീഭാഗങ്ങളിൽ ഉരുൾപൊട്ടൽ

ഗ്രാഫ് 3-3

COMPARISON OF ANNUAL RAINFALL OF KOLLAM AND STATE AVERAGE



ഉണ്ടാവുകയും കനത്ത നാശനഷ്ടങ്ങൾ വരുത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിലെ തന്നെ ശിവപുരംകുന്നും പരിസരപ്രദേശങ്ങളിലും ഇപ്പോഴും ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്നുണ്ട്. വനനശീകരണത്തിന്റെ ഭാഗമായി വൻമരങ്ങൾ വെട്ടിമാറ്റുമ്പോൾ പാറകെട്ടുകളുടെ നേരിയ വിടവുകളിലൂടെ (Tractures and joints) താഴോട്ട് ഊർന്നിറങ്ങിയിട്ടുള്ള വേരുകൾ നശിക്കുന്നു. ഇത്തരത്തിലുള്ള വിടവുകളിലൂടെ മഴവെള്ളം ഊർന്നിറങ്ങുമ്പോൾ പാറയുടെ പാളികൾ തമ്മിലുള്ള ഘർഷണം കുറയുകയും തന്മൂലം ഉരുൾപൊട്ടലുകൾ ഉണ്ടാവുകയും ചെയ്യുന്നു. ഇതു കൂടാതെ വിടവുകളുള്ള പാറകെട്ടുകളെ തെന്നിമാറാതെ പിടിച്ചുനിർത്തുവാനുള്ള വൻമരങ്ങളുടെ വേരുകൾക്കുള്ള കഴിവ് വനനശീകരണത്തിലൂടെ നഷ്ടപ്പെടുകയുംചെയ്യുന്നു.

## 2. മണ്ണൊലിപ്പ് (Soil Erosion)

കുളത്തൂപ്പുഴ പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 95.55% ഭാഗവും 17° യിൽ കൂടുതൽ ചരിവുള്ളപ്രദേശങ്ങളാണ്. സ്വാഭാവികമായും മണ്ണൊലിപ്പ് ഇവിടുത്തെ ഒരുപ്രധാന പരിസ്ഥിതി പ്രശ്നമാണ്. പഞ്ചായത്തിലെ റോസ്മല, മഠത്തിക്കോണം, ആശാരികോണം,വട്ടക്കരിക്കം, കാഞ്ഞിരോട്കുന്ന്, പന്ത്രണ്ടുസെന്റ്, നെല്ലിമൂട്, കിഴക്കേക്കര, ഡിപ്പോജംഗ്ഷൻ,കുമരംകരിക്കം, ഈസ്റ്റേൺഡാലി, കട്ടളപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്. ഒരു പരിധിവരെ കുളത്തൂപ്പുഴ പഞ്ചായത്തിലെ ജലക്ഷാമത്തിന് മണ്ണൊലിപ്പ് ഒരു പ്രധാന കാരണമാണ്. കാരണം വെള്ളം സംഭരിച്ചു നിർത്തുവാൻ ആവശ്യമായ മണ്ണിന്റെ അഭാവത്തിൽ ജലസംരക്ഷണം അസാധ്യമാണ്. ഭൂപ്രകൃതിയുടെ സ്വാധീനത്തിന് ഉപരിയായി മണ്ണൊലിപ്പിന് പ്രധാനകാരണം സസ്യാവരണത്തിന്റെ അഭാവവും തെറ്റായ കൃഷി രീതികളുമാണ്. ഈപ്രദേശങ്ങളിൽ സാധാരണയായി മരച്ചീനി(കപ്പ)പോലുള്ള കിഴങ്ങുവർഗ്ഗത്തിൽപ്പെട്ട വിളകൾ കുന്നിൻചരിവുകളിൽ ധാരാളമായി കൃഷിചെയ്തുവരുന്നു. ഒരു വർഷത്തിലെ വിളവെടുക്കുമ്പോൾ ഭൂമിയുടെ ഉപരിതലത്തിലുള്ള മണ്ണിന് കാര്യമായ ഇളക്കം സംഭവിക്കുകയും തുടർന്നു വരുന്ന മഴയിൽ അത് ഒലിച്ചുപോവുകയും ചെയ്യുന്നു. അതുകൊണ്ട് കിഴങ്ങുവർഗ്ഗത്തിൽപ്പെട്ട വിളകൾ കുന്നിൻ ചരിവുകളിൽ കൃഷിചെയ്യുമ്പോൾ മണ്ണ് സംരക്ഷണമുൻകരുതലുകൾ എടുക്കേണ്ടത് അത്യാവശ്യമാണ്.

## 3. മണൽവാരൽ (Sand mining)

കുളത്തൂപ്പുഴ ആറിൽനിന്നും പഞ്ചായത്തിലെ ചോഴിയക്കോട്, മൈലമൂട്, ഡാലി,ചെമ്പനഴിയം, അമ്പതേക്കർ, നെടുംവണ്ണൂർക്കടവ്, എന്നീ ഭാഗങ്ങളിലായി മണൽവാരൽ നടക്കുന്നു. പരിസ്ഥിതിപരമായി ഈപ്രദേശങ്ങളിലെ ജലലഭ്യതയെ ഇന്നും പ്രവർത്തനങ്ങൾ ദോഷകരമായി ഭവിക്കുന്നു. മണൽ വാരുന്നതുമൂലം പുഴയുടെ ആഴം വർദ്ധിക്കുകയും അതോടൊപ്പം ഭൂഗർഭജലനിരപ്പ് (Ground Water Table) താഴ്ന്നുപോകുകയും ചെയ്യുന്നു. തന്മൂലം സമീപപ്രദേശങ്ങളിലെ കിണറുകളിലെ ജലവിതാനം താഴുകയും വറ്റിപ്പോകുകയും ചെയ്യുന്നു. പുഴയുടെ ആഴം വർദ്ധിക്കുന്നതുമൂലം ഇരുകരകളിൽ നിന്നുമായി നേരിയതോതിലുള്ള മണ്ണിടിച്ചിൽ(Bank line Collapse) ഉണ്ടാവുകയും പുഴയുടെ വീതി വർദ്ധിച്ചുകൊണ്ടേയിരിക്കുകയും ചെയ്യുന്നു.

## 4. വനനശീകരണം

കുളത്തൂപ്പുഴ പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 89.65% അതായത് 37931 ഹെക്ടർ ഭൂമിയും സംരക്ഷിതവനങ്ങളായിരുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ സംരക്ഷിതവനമേഖലയുടെ ഉള്ളിൽ 4050 ഹെക്ടർ ഭൂപ്രദേശത്ത് തേക്ക്, യൂക്കാലിപ്റ്റസ്, എണ്ണപ്പന, വെള്ളത്തടിമരങ്ങൾ എന്നിവ വച്ചുപിടിപ്പിച്ചിരിക്കുകയാണ്. ഇതിനു പുറമേ കല്ലട ജലസംഭരണി പ്രവർത്തനക്ഷമമായതോടെ 781 ഹെക്ടർ സംരക്ഷിത വനമേഖല വെള്ളത്തിനടിയിലാവുകയും ചെയ്തു. അങ്ങനെ 4831ഹെക്ടർ വനപ്രദേശം മറ്റുള്ള ആവശ്യങ്ങൾക്കായി വെട്ടിമാറ്റി സംരക്ഷിത വനമേഖലയുടെ വിസ്തൃതി 33100ഹെക്ടർ ഭൂമിയായി ചുരുങ്ങി. അതായത് വർഷങ്ങൾക്ക് മുൻപ് ഉണ്ടായിരുന്ന സംരക്ഷിതവനങ്ങളുടെ 12.7% ഇപ്പോൾ അപ്രത്യക്ഷമായിരിക്കുകയാണ്.



+36
-44
-356
+57
-25
-184
+31
1
2
3
4
5
6
7
8
9
10
11
12

### 5. വയലുകളിലെ വെള്ളപ്പൊക്കം (Flooding in paddy fields)

കുളത്തൂപ്പുഴ പഞ്ചായത്തിലെ വയലുകളെല്ലാം തന്നെ 18° മുതൽ 27° ചരിവുള്ള പ്രദേശങ്ങളുടെ താഴ്ഭാഗത്തായി സ്ഥിതിചെയ്യുന്നു. ഇക്കാരണത്താൽതന്നെ ചെറിയ ഒരു മഴകൊണ്ട് തന്നെ വയലുകളിൽ വെള്ളം ഒലിച്ചിറങ്ങി കെട്ടിനിൽക്കുകയും കൃഷി നശിക്കുകയും ചെയ്യുന്നു. പ്രധാനമായും രണ്ട് കാരണങ്ങളാലാണ് ഇത്തരം അവസ്ഥ സംജാതമാക്കുന്നത്. ഒന്ന്, കുന്നിൻചരിവുകളിൽ മണ്ണു സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടില്ല. രണ്ട്, വയലുകളിൽ നിന്നും താഴോട്ട് ഒഴുകുന്ന തോടുകൾ നികത്തി എടുക്കുന്നതും തോടുകളുടെ വീതി കുറഞ്ഞുവരുന്നതും വെള്ളക്കെട്ടിനു കാരണമായിത്തീരുന്നു. ഇവിടുത്തെ വയലുകളിൽ കളിമണ്ണ് കൂടുതൽ ഉള്ളമണ്ണാണ്. സ്വാഭാവികമായും ഈ മണ്ണിന് നീർവാർച്ച കുറയുകയും വെള്ളകെട്ടിന് ഒരു ചെറിയ കാരണമായിതീരുകയും ചെയ്യുന്നു.

കുളത്തൂപ്പുഴ പഞ്ചായത്തിലെ പരിസ്ഥിതി പ്രശ്നങ്ങളെ, പ്രത്യേകിച്ച് മണ്ണൊലിപ്പ്, ജലദൗർലഭ്യം,ഉരുൾപൊട്ടൽ, വനനശീകരണം, വയലുകളിലെ വെള്ളപ്പൊക്കം എന്നിവയെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുമ്പോൾ ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു എന്നും മനുഷ്യസൃഷ്ടിയായ കാരണങ്ങളാണ് ഇവയ്ക്കുപിന്നിലെന്നും വ്യക്തമാണ്. മണ്ണ്, വെള്ളം, സസ്യജാലം എന്നീ പരസ്പര പൂരകങ്ങളായ പ്രകൃതിവിഭവങ്ങളാണ് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ടുപോരുന്നത്. ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെട്ടാൽ മറ്റു രണ്ട് വിഭവങ്ങളുടെയും നിലനില്പ് അപകടത്തിലാവും. കുളത്തൂപ്പുഴ പഞ്ചായത്തിനെ സംബന്ധിത്തിച്ചിടത്തോളം ജലസംരക്ഷണത്തിനോ, മണ്ണുസംരക്ഷണത്തിനോ ഊർജ്ജിതമായ ശ്രമങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല എന്നു വ്യക്തമാണ്. കഠിനവർഷമുണ്ടാകുമ്പോൾ വളക്കൂറുള്ള മേൽമണ്ണ് കുത്തുയൊലിച്ചുപോകുന്നു. അങ്ങനെ സസ്യങ്ങൾക്കാവശ്യമായ പോഷകാംശങ്ങളുടെ കലവറ തന്നെ നഷ്ടപ്പെട്ടുപോകുന്നതുകൊണ്ട് പ്രകൃതിയുടെ വിനാശകരമായ ഈ പ്രക്രിയയ്ക്ക് വിധേയമാകുന്ന ഭൂവിഭാഗം അക്ഷരാർത്ഥത്തിൽ ഊഷരഭൂമിയായി തീരുന്നു. മണ്ണൊലിപ്പ്കൊണ്ട് ഭൂമിയുടെ ഫലഭൂയിഷ്ഠത കുറഞ്ഞുവരുന്നു എന്നതു മാത്രമല്ല ദോഷം. മലമുകളിൽ നിന്ന് കുത്തിയൊലിച്ചുവരുന്ന മണ്ണ് താഴ്വരകളിലും വയലുകളിലും തോടുകളിലും വീണ് അവിടെ കൃഷിക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇപ്രകാരം നദികളിലും തോടുകളിലും വയലുകളിലും മണ്ണിടിഞ്ഞുവീണ് അവയുടെ ആഴം കുറഞ്ഞുവരുന്നതുകൊണ്ടാണ് വർഷം കഴിയുംതോറും വെള്ളപൊക്ക ഭീഷണികൂടിക്കൂടി വരുന്നത്.മാത്രമല്ല ഉയർന്നപ്രദേശങ്ങളിലെ മേൽമണ്ണും സസ്യകവചവും നഷ്ടമാകുന്നതോടെ മഴക്കാലത്ത് വെള്ളം വലിച്ചെടുക്കാനുള്ള മണ്ണിന്റെ ശേഷി നശിക്കുകയും ചെയ്യുന്നു കൂടാതെ മേൽമണ്ണ് നഷ്ടമാകുന്നതോടെ അടിമണ്ണിന് വെള്ളം വലിച്ചെടുക്കാനുള്ള ശക്തി നഷ്ടപ്പെടുകയും ചെയ്യുന്നതോടുകൂടി അരുവി, തോട്,കിണർ എന്നിവ വറ്റി വരണ്ടുപോകുകയും ജലക്ഷാമം രൂക്ഷമാവുകയും ചെയ്യുന്നു.

ജലസംരക്ഷണം, മണ്ണ്സംരക്ഷണം, വനസംരക്ഷണം, ശാസ്ത്രീയകൃഷിസമ്പ്രദായം എന്നിവ അവലംബിക്കുക വഴി കുളത്തൂപ്പുഴ പഞ്ചായത്ത് ഇന്ന് അഭിമുഖീകരിക്കുന്ന പരിസ്ഥിതി ദുരന്തങ്ങളിൽ നിന്നും ഒരു പരിധിവരെ രക്ഷിക്കുവാൻ ഇവിടുത്തെ ജനങ്ങൾക്ക് സാധിക്കും. ഈ ദൗത്യം നിർവഹിക്കാനായി അവലംബിക്കുന്ന ഏതാനും മാർഗ്ഗങ്ങൾ ചുവടെകൊടുത്തിരിക്കുന്നു.

1. പഞ്ചായത്തിലെ ജലദൗർലഭ്യം പരിഹരിക്കുവാൻ ചെക്കുഡാമുകൾ, അണക്കെട്ടുകൾ എന്നിവയെ മാത്രം ആശ്രയിച്ചാൽ പൂർണ്ണമായും പ്രശ്നപരിഹാരമാവുകയില്ല. ആയതിനാൽ മുഴുവൻ ആവശ്യങ്ങളും നേരിടുന്നതിന്റെ ആദ്യപടിയായി ഉയർന്ന കൃഷിഭൂമികളിൽ മഴവെള്ളം അതാതിടങ്ങളിൽ തടഞ്ഞുനിർത്തി മണ്ണിനുള്ളിലേക്ക് ഊർന്നിറങ്ങി ഭൂഗർഭജലവിതാനം (Ground Water Table) ഉയർത്തുകയും അതുവഴി കിണറുകൾ വറ്റാതിരിക്കുകയും, തോടുകളിലും,നദികളിലും വർഷം മുഴുവൻ നീരുറവ ഉറപ്പുവരുത്തുകയും ചെയ്യത്തക്ക പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക.


KULATHUPUZHA PANCHAYATH
DRAINAGE MAP
Source - PRM Programme · CESS.

2. മണ്ണ്, ജലം, സസ്യജാലം എന്നീ പ്രകൃതിവിഭവങ്ങളുടെ പരസ്പരപൂരകമായ സന്തുലിതാവസ്ഥ നിലനിൽക്കുന്നത് നീർമറി(Water Shed) അടിസ്ഥാനത്തിലാണ്. ഒരു സാധാരണ കർഷകന് സംബന്ധിച്ചിടത്തോളം എന്താണ് നീർമറി? അതിന്റെ പ്രസക്തി എന്താണ്? എന്നിവയെക്കുറിച്ച് ഒരു സാമാന്യബോധം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. എന്തുമാത്രംപ്രദേശത്തെ പെയ്തേക്കുന്ന വെള്ളം അവന്റെ ഭൂമിയിൽ എത്തുമെന്നും അതിന് എന്തുമാത്രം സംഹാരശേഷി ഉണ്ടെന്നും അവൻ അറിഞ്ഞിരിക്കേണ്ടതാണ്. സ്വന്തം ഭൂമിയിലെത്തുന്ന വെള്ളത്തെ പരമാവധി എങ്ങനെ സംരക്ഷിക്കണമെന്നും ബാക്കി ജലനിർഗ്ഗമനം വിനാശരഹിതമായി എങ്ങനെ സാധിക്കും എന്നീകാര്യങ്ങളെക്കുറിച്ച് അവനെ ബോധവൽക്കരിക്കേണ്ടതും സാങ്കേതിക ഉപദേശങ്ങൾ നൽകേണ്ടതുമാണ്.

1. ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്ന പ്രദേശങ്ങളിലും, കിഴുക്കാംതൂക്കായ ചരിവുകളുള്ള വൻ മലകളിലും തായ്‌വേരുള്ള വൻമരങ്ങൾ വച്ചുപിടിപ്പിക്കണം. വൻ മരങ്ങൾക്കിടയിൽ ചെറുവൃക്ഷങ്ങളും, കുറ്റിച്ചെടികളും, പുല്ലുകളും ചേർന്ന് ഇടതൂർന്ന ബഹുതല സമ്മിശ്രസസ്യസഞ്ചയം വളർത്തിയെടുക്കണം. മണ്ണിന് ഇളക്കം തട്ടാത്തരീതിയിലുള്ളഭൂവിനിയോഗമാണ് ഇത്തരം സ്ഥലങ്ങളിൽ സ്വീകരിക്കേണ്ടത്. ജനസംരക്ഷണപ്രവർത്തനങ്ങൾ ഇത്തരം പ്രദേശങ്ങളിൽ പ്രത്യേകമായി അവലംബിക്കേണ്ട ആവശ്യം ഇല്ല.

4. മഴവെള്ളം ഓരോ തട്ടിലും തടഞ്ഞുനിർത്തി ഭൂമിക്കുള്ളിലേക്ക് ഊർന്നിറങ്ങാൻ സമയം കൊടുക്കുന്നതിനുവേണ്ടിയും, മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി ചരിവിനുകുറുകെ കോൺടൂർ ബണ്ടുകളോ,കല്ലുപയോഗിച്ചുകൊണ്ടുള്ള ബണ്ടുകളോ ചരിവിനുകുറുകേ ചാലുകളോ, കുഴികളോ നിർമ്മിക്കണം.

5. മരച്ചീനി(കപ്പ), ഇഞ്ചി,ചേന തുടങ്ങി കിഴങ്ങുവർഗ്ഗത്തിൽപ്പെട്ട വിളകൾ ചരിവിനുകുറുകെ വരമ്പുകളും ചാലുകളും വരത്തക്കവണ്ണം കൃഷിചെയ്യേണ്ടതാണ്. ഒരുകാരണവശാലും മുകളിൽനിന്ന് താഴേക്ക് ചെറുചാലുകൾ രൂപീകൃതമാകത്തക്കവണ്ണം കൃഷിചെയ്യരുത്. തെങ്ങ്,കശുമാവ്, മറ്റുഫലവൃക്ഷങ്ങൾ എന്നിവ കൃഷിചെയ്യുന്ന സ്ഥലത്ത് തോട്ടപ്പയർപോലുള്ള ആവരണവിളകൾകൃഷി ചെയ്യുക.

6. മഴവെള്ളം കനിഞ്ഞിറങ്ങാനും ഈർപ്പം നിലനിർത്താനും, ഭൗതികഗുണങ്ങൾ നിലനിർത്താനും മണ്ണിൽ ജൈവാംശത്തിന്റെ പ്രകടമായ സാന്നിധ്യം അത്യാവശ്യമാണ്. ഇതിനായി സുബാബുൾ, ശീമകൊന്ന എന്നിവ ചരിവിനുകുറുകെ വെച്ചുപിടിപ്പിച്ചു ഇവയുടെ പച്ചിലകൾകൊണ്ട് പ്രധാനകൃഷിക്ക് പുതവെയ്ക്കേണ്ടതുമാണ്. വീടും പരിസരപ്രദേശങ്ങളും അടിച്ചുവാരുന്ന ചപ്പുചവറുകൾ, ഉണക്ക ഇലകൾ മറ്റു ജൈവാവശിഷ്ടങ്ങൾ എന്നിവ കത്തിച്ചുകളയാതെ കൃഷിയിടങ്ങളിൽ പുതയിടേണ്ടതാണ്. ഇപ്രകാരം ചെയ്യുമ്പോൾ മണ്ണിൽ കിനിഞ്ഞിറങ്ങുന്ന വെള്ളം കിണറുകളും, തോടുകളും വറ്റാതെ സഹായിക്കുകയും, ബാഷ്പീകരണംമൂലം ഭൂമിയുടെ ഉപരിതലത്തിൽ നിന്നും നഷ്ടമാകുന്ന വെള്ളത്തിന്റെ അളവ് കുറക്കുകയും ചെയ്യുന്നു. ഇതിലുപരി ഭൂമിയിൽ ഈർപ്പം നിലനിർത്തുന്നതുകൊണ്ട് ജലസേചനാവശ്യം കുറയ്ക്കുകയും ചെയ്യാം.

7 കുന്നിൻ മുകളിൽ നിന്നും താഴോട്ടൊഴുകുന്ന ചാലുകളിൽ അതാതിടങ്ങളിൽ ലഭ്യമായകല്ലുകൾ, തടികൾ എന്നിവകൊണ്ട് തടസ്സങ്ങൾകെട്ടി ജലപ്രവാഹത്തിന്റെ വേഗത കുറയ്ക്കേണ്ടതാണ്. മലയിടുക്കുകളിലും മറ്റുചെറുചെറുജലസംഭരണികൾ, തടയണകൾ എന്നിവയും നിർമ്മിക്കാവുന്നതാണ്.

8. കുളത്തൂപ്പുഴ ആറിന്റെ അടിത്തട്ടിൽ നിന്നും മണൽവാരുന്നത് കർശനമായും നിയന്ത്രണവിധേയമാക്കേണ്ടതാണ്. ഒരു നിശ്ചിത അളവ് മണൽ മാത്രമേ ഒരുവർഷം ഇവിടെനിന്ന് വാരാൻ പാടുള്ളൂ എന്ന ഒരു നിബന്ധന മുന്നോട്ടുവെയ്ക്കുന്നതാണ് ഏറ്റവും ഉചിതം. പൃഷ്ഠപ്രദേശങ്ങളിൽ നിന്നും എത്രമാത്രം മണൽ ഒരു വർഷം കുളത്തൂപ്പുഴ ആറിന്റെ അടിത്തട്ടിലേക്ക് ഒഴുകി എത്തുന്നുണ്ടോ അത്രയും അളവ് മണൽമാത്രം വാരാൻ അനുവദിക്കുക. അനിയന്ത്രിത മണൽ വാരൽ


Source - PRM. Programme - CESS.
700 - 1000 m
1000 - 1500 m

കുളത്തൂപ്പുഴ പഞ്ചായത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥക്ക് കാര്യമായ ദോഷം ഉണ്ടാക്കി വെക്കും എന്നത് ഗൗരവമായി കാണേണ്ടതാണ്.

മനുഷ്യ സമ്പത്ത്

1991- ലെ കാനേഷുമാരി കണക്കുകൾപ്രകാരം കുളത്തൂപ്പുഴ പഞ്ചായത്തിലെ ജനസംഖ്യ 33, 271 ആകുന്നു. ഇവരിൽ 16,840 പേർ സ്ത്രീകളും 16031 പേർ പുരുഷന്മാരുമാണ്. മൊത്തം ജനസംഖ്യയിൽ 7076 പേർ പട്ടികജാതിക്കാരും 1607 പേർ പട്ടിക വർഗ്ഗക്കാരുമാണ്. 950.76 ച.കി.മി വിസ്തൃതിയുള്ള അഞ്ചൽ ബ്ലോക്കിന്റെ 44.6% വരുന്ന കുളത്തൂപ്പുഴ പഞ്ചായത്തിൽ അഞ്ചൽ ബ്ലോക്കിലെ ആകെ ജനസംഖ്യയുടെ 15.79% ആളുകൾ മാത്രമേ താമസിക്കുന്നുള്ളൂ. സ്ത്രീ പുരുഷ അനുപാതത്തിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ കുളത്തൂപ്പുഴ പഞ്ചായത്തിലെ 1000 പുരുഷന്മാർക്ക് 1025 സ്ത്രീകളാണുള്ളത്. എന്നാൽ ഈ അനുപാതം അഞ്ചൽ ബ്ലോക്കിന്റേത് 1000: 1029 ഉം കൊല്ലം ജില്ലയുടേത് 1000: 1035 ഉം കേരളസംസ്ഥാനത്തിന്റേത് 1000:1036 ഉം ആകുന്നു. ജനസാന്ദ്രത തീരെക്കുറഞ്ഞ ഈ പഞ്ചായത്തിലെ 93.65% ആളുകളും സാക്ഷരരാണ്. ഇതിൽ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 88.72% ആകുമ്പോൾ സ്ത്രീകളുടേത് 82.66% മാത്രമാണ്. 1991 ലെ ജനസംഖ്യാ കണക്കുകളെക്കുറിച്ചുള്ള ഒരു താരതമ്യ പഠനം പട്ടിക രൂപത്തിൽ താഴെ കൊടുത്തിരിക്കുന്നു.

വാർഡുകളിലാകുന്നു. പട്ടിക ജാതിക്കാർ ഏറ്റവും കൂടുതൽ വാർഡ് 11 ലും ഏറ്റവും കുറവ് വാർഡ് 9 ലും ആണ്. കുളത്തൂപ്പുഴ പഞ്ചായത്തിന്റെ വാർഡ്തല ജനസംഖ്യയുടെ ഒരു താരതമ്യ പഠനം ഗ്രാഫ് 3-7 ൽ കാണിച്ചിരിക്കുന്നു. കുളത്തൂപ്പുഴ പഞ്ചായത്തിലെ സ്ത്രീ- പുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1025 സ്ത്രീകൾ എന്നാകുന്നു. പഞ്ചായത്തിലെ 12 വാർഡുകളിൽ 10 എണ്ണത്തിനും ഈ അനുപാതം പിൻതുടരുമ്പോൾ 2 വാർഡുകളിൽ മാത്രം ഈ അനുപാതം വിപരീത ദിശയിൽ ആകുന്നു. വാർഡ് 8 100 പുരുഷന്മാർക്ക് 985 സ്ത്രീകളും വാർഡ് 11 ൽ ആയിരം പുരുഷന്മാർക്ക് 971 സ്ത്രീകളുമാണുള്ളത്. കുളത്തൂപ്പുഴ പഞ്ചായത്തിന്റെ 1991 ലെ വാർഡുതല ജനസംഖ്യയും അനുബന്ധവിവരങ്ങളും പട്ടിക-1ൽ സൂചിപ്പിരിക്കുന്നു.

1991-ലെ സെൻസസ് പ്രകാരം കുളത്തൂപ്പുഴ പഞ്ചായത്തിലെ 10,570 പേർ വിവിധമേഖലകളിലുള്ള ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഇവരിൽ 8072 പേർ പുരുഷന്മാരും 2498പേർ സ്ത്രീകളുമാണ്. പഞ്ചായത്തിലെ ഏറ്റവും അധികം ജനങ്ങളും കൃഷിപ്പണിക്കാരാണ് - 5161 പേർ രണ്ടാമതായികൃഷിക്കാർ- 2008പേർ. മൂന്നാമതായി മൃഗസംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും- 1394 പേർ. നാലാമതായി വാണിജ്യവ്യാപാര മേഖലകളിൽ 574 പേർ ഏർപെട്ടിരിക്കുന്നതുമാണ്. കുളത്തൂപ്പുഴ പഞ്ചായത്തിനെ

| | വിസ്തീർണ്ണം ച.കി.മി | ജനസംഖ്യ സ്ത്രീ/ പു ജനസാന്ദ്രത 1991 | | | | സാക്ഷരതാനിരക്ക് | | |
|---|---|---|---|---|---|---|---|---|
| | | ആകെ | സ്ത്രീ | പു | അനുപാതം | ആകെ | സ്ത്രീ | പു |
| കേരള സംസ്ഥാനം | 38,863 | 29,096,518 | 1,48,06517 | 1,42,92001 | 1036 749 | 89.91 | 86.17 | 93.62 |
| കൊല്ലംജില്ല | 2,491 | 24,07,566 | 12,24,487 | 11,83,079 | 1035 967 | 9047 | 8700 | 94.09 |
| അഞ്ചൽ ബ്ലോക്ക് | 950.76 | 2,10,648 | 1,068,53 | 1,037,95 | 1029 221 | 78.36 | 75.66 | 81.14 |
| കുളത്തൂപ്പുഴ പഞ്ചായത്ത് | 424.06 | 33271 | 16,840 | 16,431 | 1025 78 | 75.65 | 72.66 | 78.72 |

1991- ലെ കാനേഷുമാരി കണക്കുകൾപ്രകാരം കുളത്തൂപ്പുഴ പഞ്ചായത്തിൽ ഏറ്റവും അധികം ജനങ്ങൾ താമസിക്കുന്നത് വാർഡ് 11 ലും ഏറ്റവും കുറവു വാർഡ് 9 ലും ആകുന്നു. പഞ്ചായത്തിലെ പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ ഏതാനും ചില വാർഡുകളിൽ മാത്രമായി ഒതുങ്ങിക്കൂടിയിരിക്കുന്നു. ഇവർ ഏറ്റവും കൂടുതലായി താമസിക്കുന്നത് 2,7,11 എന്നീ

സംബന്ധിച്ചിടത്തോളം എല്ലാതൊഴിൽ മേഖലകളിലും പുരുഷന്മാരുടെ പ്രാധിനിത്യത്തെക്കാൾ പിന്നിലാണ് സ്ത്രീകൾ. കുളത്തൂപ്പുഴ പഞ്ചായത്തിലെ ഏതാനും പ്രധാന തൊഴിൽ മേഖലകളിലെ തൊഴിൽ പങ്കാളിത്തം ഗ്രാഫ് 3- 8 ൽ കാണിച്ചിരിക്കുന്നു. പഞ്ചായത്തിൽ 865 പേർ നാമമാത്രതൊഴിൽ ഉള്ളവരാണ്. ഇവരിൽ 383 പുരുഷന്മാരും 482 സ്ത്രീകളും ഉൾപ്പെടുന്നു. തൊഴിൽ ഒന്നും

ഗ്രാഫ് - 3.8

## കുളത്തൂപ്പുഴ പഞ്ചായത്ത്
## തൊഴിൽ പങ്കാളിത്തം വിവിധ മേഖലകളിൽ



ചെയ്യാനില്ലാതെ 21,836 പേർ ഈ പഞ്ചായത്തിൽ താമസിക്കുന്നു. ഇവരിൽ 7979 പേർ പുരുഷന്മാരും 10,860 പേർ സ്ത്രീകളുമാണ്. 1991 ലെ കാനേഷുമാരി കണക്കുകൾപ്രകാരം കുളത്തൂപ്പുഴ പഞ്ചായത്തിലെ തൊഴിൽ സംബന്ധമായ വിവരങ്ങൾ പട്ടിക - 2 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പട്ടിക - 1

| വാർഡ് | ജനതാമസമുള്ള വീടുകൾ | ആകെവീടുകൾ | ജനസംഖ്യ | | | പട്ടികജാതി | | പട്ടികവർഗ്ഗം | | സാക്ഷരത | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആകെ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1. | 561 | 614 | 2489 | 1200 | 1289 | 281 | 291 | - | - | 1036 | 1085 |
| 2. | 622 | 647 | 3119 | 1504 | 1615 | 183 | 202 | 231 | 255 | 1134 | 1151 |
| 3. | 696 | 698 | 3532 | 1755 | 1777 | 291 | 275 | 11 | 16 | 1357 | 1300 |
| 4. | 652 | 653 | 3046 | 1498 | 1548 | 234 | 287 | - | - | 1264 | 1214 |
| 5. | 672 | 672 | 2980 | 1482 | 1498 | 457 | 426 | 28 | 38 | 1151 | 1071 |
| 6. | 562 | 575 | 2634 | 1309 | 1325 | 310 | 334 | 1 | - | 1042 | 998 |
| 7. | 551 | 554 | 2201 | 1077 | 1124 | 308 | 332 | 253 | 277 | 680 | 617 |
| 8. | 532 | 547 | 2654 | 1337 | 1317 | 1315 | 335 | - | 19 | 1071 | 949 |
| 9. | 401 | 415 | 1883 | 928 | 955 | 77 | 82 | 27 | 22 | 784 | 717 |
| 10. | 437 | 437 | 1917 | 919 | 998 | 207 | 213 | - | - | 760 | 776 |
| 11. | 864 | 868 | 4293 | 7178 | 2115 | 701 | 683 | 211 | 218 | 1635 | 1362 |
| 12. | 518 | 527 | 2523 | 1244 | 1279 | 108 | 144 | - | - | 1022 | 996 |
| ആകെ | 7,068 | 7,202 | 33,271 | 16,431 | 16,840 | 3472 | 3604 | 762 | 845 | 12,936 | 12,236 |



# കൃഷിയും ജലസേചനവും



തളരുന്ന കാർഷികമേഖലയുടെ കാരണങ്ങൾ കണ്ടെത്തുമ്പോൾ മണ്ണിൽനിന്ന് തുടങ്ങേണ്ടി യിരിക്കുന്നു. മണ്ണ് പ്രകൃതി തന്ന വരദാനമാണ്. മണ്ണിനെ സംരക്ഷിക്കാതിരിക്കുന്നത് പ്രകൃതി വിരുദ്ധമാണ്. പ്രകൃതിവിരുദ്ധമായ ഒന്നിനും നിലനിൽപ്പില്ല.

പ്രകൃത്യാനുകരണമായ കാട്- കാട് അതിനുചുറ്റും കൃഷി ആകുന്ന കാട് ആ സങ്കൽപ്പമായിരിക്കണം നമ്മുടെ പറമ്പുകൾക്ക്. സമ്പുഷ്ടമായ മണ്ണിലേ കൃഷിയുള്ളൂ. സ്വാദുള്ള,ഗുണമുള്ള ഫലമുണ്ടാവുകയുള്ളൂ. സമ്പന്നമായ ഉല്പന്നങ്ങളും ഫലങ്ങളും പച്ചക്കറികളും ശരീരത്തിന് ഗുണം ചെയ്യും.

**മണ്ണിനെ എങ്ങനെ സമ്പന്നമാക്കാം**

ജൈവാവശിഷ്ടങ്ങൾകൊണ്ടുമാത്രമേ മണ്ണ് സമ്പുഷ്ടമാവുകയുള്ളൂ. ധാരാളം ഇലകളും ജൈവാവശിഷ്ടങ്ങളും വീഴണം. അതിന് തക്കവണ്ണം ചെടികൾ പറമ്പിൽ ഉണ്ടാകണം. പയറുവർഗ്ഗങ്ങളും ശീമകൊന്നയും എല്ലാം മണ്ണിൽ ഉണ്ടാകണം. മണ്ണിനെ പുതപ്പിക്കണം.തുറന്നിടരുത് എല്ലാഭാഗവും ജൈവവസ്തുക്കളാൽ മൂടുക. മണ്ണിനെ സമ്പന്നമാക്കാം.

**ജല സംരക്ഷണം**

മണ്ണിലെ ഈർപ്പം നിലനിർത്തിയെങ്കിലേ പ്രയോജനപെടുകയുള്ളൂ. കൃഷി പുഷ്ടിപ്പെടും ഇതിനായി മഴവെള്ളം ഉപയോഗപ്പെടുത്തണം. നാം ജലത്തിന്റെ ഒഴുക്ക് തടയണം. ജലം മണ്ണിൽ താഴ്ന്നിറങ്ങണം. അതിന് നാം പാരമ്പര്യ മാർഗ്ഗങ്ങളാണ് സ്വീക രിക്കേണ്ടത്. കോണ്ടർ ബണ്ടുകൾ, ചെടികൾകൊണ്ടുള്ള മതിലുകൾ, ചെറുകുഴികൾ, പുൽ മതിലുകൾ, വിലങ്ങനേയുള്ള ചാലുകൾ തുടങ്ങിയവ ഉപയോഗിക്കാം. എല്ലാ ഒഴിവു സ്ഥലങ്ങളിലും ഉണങ്ങിയതോ പച്ചയോ ആയ ഇലകൾ ചെടികൾ, ചകിരി, ചവർ,കടലാസ്സ് തുടങ്ങി എന്തും ഉപയോഗിച്ച് മൂടണം. ജലത്തിന്റെ ബാഷ്പീകരണം തടയൽ മാത്രമല്ല അളവറ്റ ഇനം സൂക്ഷ്മജീവികളെയും മണ്ണിരകളെയും സംരക്ഷിക്കുവാനും ഇത് ആവശ്യമാണ്.

**ജൈവവൈവിദ്ധ്യം**

ജൈവവൈവിദ്ധ്യം സംരക്ഷിക്കുവാൻ ഏകവിളതോട്ടങ്ങളെ നിരുത്സാഹപ്പെടുത്തണം. ഇതുമൂലം ഒരേ ഇലകൾ മാത്രം മണ്ണിൽ പൊഴിയുന്നു. ഒരുപ്രത്യേക കാലത്തുമാത്രം ഇലകൾ മണ്ണിൽ ലയിപ്പിക്കുവാൻ പ്രവർത്തിക്കുന്ന ജീവികൾക്ക് നിലനിൽപ്പില്ല. മണ്ണ് ദരിദ്രമാകുന്നു. ഈ ചെടികൾ വലിച്ചെടുക്കുന്നത് ഒരേ തരം പോഷക മൂല്യമാണ്. അതുമൂലം ആ വസ്തുക്കളെ സംബന്ധിച്ചിടത്തോളം മണ്ണ് ഒന്നിനും കൊള്ളാത്തതാകുന്നു. ഈ ചെടികൾ വളം വലിച്ചെടുക്കുന്നത് മണ്ണിന്റെ പ്രത്യേക വിതാനത്തിൽ നിന്നാണ്. ആ ഭാഗം മാത്രം നശിക്കുന്നു. പലതരം ചെടികളും മരങ്ങളും പലതട്ടിൽ നിന്നും ഉപയോഗിച്ചും ബാക്കിയുള്ളവ ഇലകൾ കൊഴിഞ്ഞുപോകുകയും മറ്റുചെടികൾക്ക് കിട്ടുകയും മേൽ മണ്ണ് സമ്പുഷ്ടമാകുകയും ചെയ്യുന്ന

പ്രകൃതിയുടെ രീതി തടയുന്നു. നിമ വിരകളടക്കം ധാരാളം ജീവികൾ ചെടികളുടെ ഇലകളും വേരുകളും ഭക്ഷിച്ചു ജീവിക്കുന്നു. ഒരു ചെടി മാത്രമാവുമ്പോൾ അവ മാത്രം ഭക്ഷിക്കുന്ന ജീവികൾ പെരുകുന്നു. അവയെ നശിപ്പിക്കാനുള്ളവ പെരുകുന്നില്ല. നാം കീടനാശിനികളെ അഭയം പ്രാപിക്കുന്നു. കീടങ്ങൾ അവയെ അതിജീവിക്കുന്നു. നാം. കൂടുതൽ ശക്തിയുള്ളവ തേടുന്നു. എല്ലാം കൊണ്ടും മരിച്ചുകൊണ്ടിരിക്കുന്ന മണ്ണിനെ ജീവനുള്ളതാക്കുവാൻ നാം രാസവളങ്ങളിലേക്ക് തിരിയുന്നു. കൃഷിക്കാരന്റെ പരാശ്രയവും പാരാമ്പ്ദവും കൂടിക്കൂടി വരുന്നതേയുള്ളൂ. ഒരു കാലത്ത് കാടുവെട്ടിതെളിച്ച് സമ്പുഷ്ടമാക്കി മണ്ണിൽ കൃഷിചെയ്തിരുന്നവർ ഇന്ന് ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നു മണ്ണ് മരിച്ചുകൊണ്ടിരിക്കുന്നു. ഇത് സംബന്ധിച്ചുള്ള പഠനം വ്യക്തമാക്കുന്നു. സ്വാശ്രയബോധം കൃഷിയിലും ജീവിതത്തിലും വളരണം. അതിനുതകുന്ന കൃഷിരീതിയും ജീവിതരീതിയും സ്വീകരിക്കുവാനുള്ള വിവേകം ജനകീയ ആസൂത്രണത്തിലൂടെ വളരണം. പരിമിതമായ സ്ഥലത്തുനിന്നും സാദ്ധ്യമായ കൂടുതൽ ഉല്പാദനം എന്നതായിരിക്കും കൃഷി വികസനത്തിന്റെ സമീപനം.

നെൽകൃഷി

നെൽകൃഷി സമൃദ്ധമായിരുന്നു കുളത്തൂപ്പുഴയിൽ. ഇവിടേയ്ക്ക് ആവശ്യമായ നെല്ലിന്റെ 75% ഈ പഞ്ചായത്തിൽ നിന്നും കൃഷി ചെയ്ത് ഉല്പാദിപ്പിച്ചിരുന്നു. ഫലഭൂയിഷ്ടമായ മണ്ണാണ് ഇവിടെയുള്ളത്. ഇപ്പോൾ നെൽകൃഷി ലാഭകരമല്ലാതെയായതിനാൽ 25% ഉല്പാദനമേ ഇവിടെയുള്ളൂ. നെൽകൃഷി ലാഭകരമല്ലാത്തതിന്റെ കാരണങ്ങൾ അമിതമായ കൂലിചെലവ് ശാസ്ത്രീയ കൃഷി രീതികളുടെ അപര്യാപ്തത, കൃഷിനാശം, വന്യമൃഗശല്യം, ജലസേചന സൗകര്യക്കുറവ് എന്നിവയാണ്. ഇതുമൂലം ഭൂരിഭാഗം കർഷകരും നെൽകൃഷി ഉപേക്ഷിച്ച മട്ടാണ്. ഇവയ്ക്ക് പരിഹാരമായി വളം സബ്സിഡി നൽകി കർഷകരെ പ്രോത്സാഹിപ്പിച്ചും സോളാർ ഫെൻസിംഗിലൂടെ വന്യമൃഗങ്ങളുടെ കൃഷിനാശം തടയുകയും ചെയ്യാം. കൂടാതെ തോടുകളും ഉറവകളും വൃത്തിയാക്കിയും ജലസേചന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയും നെൽ വയലുകൾ നികത്തുന്നത് നിരുത്സാഹപ്പെടുത്തിയും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതും ലാഭകരമാവുന്നതുമാണ്. കുളത്തൂപ്പുഴ പഞ്ചായത്തിൽ നിലവിൽ 13 ഏലാകളാണുള്ളത്. 272 ഹെക്ടർ നിലം കൃഷി ചെയ്തുവരുന്നു. ഇരിപ്പു കൃഷിയാണ് നടക്കുന്നത്. പഞ്ചായത്തിലെ നെല്ലുല്പാദനം നാലിൽ ഒന്നായി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ താഴെപറയുന്ന പരിഹാര നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. ഗ്രൂപ്പ് ഫാമിംഗ് ശക്തമാക്കും.
2. വിത്തുല്പാദന പരിപാടികൾ നടപ്പാക്കും.
3. കീടനിയന്ത്രണം നടപ്പാക്കും.
4. സംയോജിത ധാന്യവിള വികസനം
5. ചെറുകിട യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കും
6. വിള ഇൻഷ്വറൻസ് പ്രോത്സാഹിപ്പിക്കുക.
7. പാടശേഖര സമിതികൾ മുഖേന ബോധവക്കരണ പരിപാടികളും കൃഷി സാങ്കേതിക പരിജ്ഞാനവും നല്കും.
8. ജലസേചലസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തിവ്രയന്ത പരിപാടികൾ നടത്തും.
9. മികച്ച നെൽകൃഷിക്കാർക്ക് അവാർഡ് ഏർപ്പെടുത്തും.
10. ഇടവിളകൾ പ്രോത്സാഹിപ്പിക്കും.

**കുളത്തുപുഴ പഞ്ചായത്തിലെ ഏലാകളുടെ വിവരം**

| നമ്പർ | ഏലാകളുടെ പേരു് വിവരം | ഹെക്ടർ |
|---|---|---|
| 1 | കടമാൻകോട്ഗ്രൂപ്പ് ഫാമിംഗ്ഏല | 30.50 |
| 2. | ഏഴംകുളംഗ്രൂപ്പ് ഫാമിംഗ് ഏല | 22.696 |
| 3. | കൊച്ചുകരിക്കം ഗ്രൂപ്പ് ഫാമിംഗ് ഏല | 17 |
| 4. | ആലും പൊയ്ക ഗ്രൂപ്പ് ഫാമിംഗ് ഏല | 10.36 |
| 5. | ചന്ദനക്കാവ്ക് ഗ്രൂപ്പ് ഫാമിംഗ് ഏല | 25.482 |
| 6. | മാത്തിൽ കോണം ഗ്രൂപ്പ് ഫാമിംഗ് ഏല | 10.84 |
| 7. | വലിയേലഗ്രൂപ്പ് ഫാമിംഗ് ഏല | 45.376 |
| 8. | കല്ലുവെട്ടാം കുഴി ഗ്രൂപ്പ് ഫാമിംഗ് | 18.252 |
| 9. | ചെമ്പനഴികം ഗ്രൂപ്പ് ഫാമിംഗ് ഏല | 43.168 |

| | | |
|---|---|---|
| 10. | ഡാലികരിക്കം ഗ്രൂപ്പ് ഫാമിംഗ് ഏല | 41.168 |
| 11. | ചിനിക്കാല ഗ്രൂപ്പ് ഫാമിംഗ് ഏല | 19.388 |
| 12. | തകരമൺ ഗ്രൂപ്പ് ഫാമിംഗ് ഏല | 23.748 |
| 13. | തിങ്കൾ കരിക്കം ഗ്രൂപ്പ് ഫാമിംഗ് ഏല | 17.141 |
| 14. | വില്ലുമല്ല ഗ്രൂപ്പ് ഫാമിംഗ് ഏല | 20.348 |
| 15 | ചെറുകര ഗ്രൂപ്പ് ഫാമിംഗ് ഏല | 18.125 |

**ഗ്രാമസഭകളിൽ കൃഷിയെസംബന്ധിച്ചുള്ള ആവശ്യങ്ങൾ**

1. ഡാലികരിക്കും ഗ്രൂപ്പ് ഫാമിംഗ് ഏലായിൽ തോമസ്സ് ഈശോവക സ്ഥലത്തിനടത്തും M-M- എബ്രാഹാമിന്റെ നിലത്തിനടുത്തംചീപ്പുകൾ സ്ഥാപിച്ച് നെൽകൃഷികാർക്ക് വെള്ളമെത്തിക്കുവാൻ നടപടിയെടുക്കുക.

2. കല്ലുവെട്ടാൻ കുഴി താഴെ ചതുപ്പിൽ മുസ്ലിയാരുടെ നിലം തൊട്ട് താഴോട്ട് തൊടിന്റെ ഭാഗങ്ങൾ കെട്ടു കയും ബണ്ട് ഉണ്ടാക്കുകയും വേണം.

3. ഡാലികരിക്കും, ഇസ്റ്റേൺ ഡാലി, വട്ടകരിക്കം, മാത്രകരിക്കം, എന്നി ചതിപ്പു വരമ്പുകളിലെ തോടുകൾ മൈനർ ഇറിഗേഷനെ കൊണ്ട് കെട്ടിക്കണം.

4. കൃഷിക്കാർക്ക് സൗകര്യ പെടുന്ന ഡാലി പാലം പണി പൂർത്തിയാക്കുക.

5. മൈലമുട്ടിൽ, പാങ്ങോടൻ, കല്ലമ്പലം ഏലാകളിൽ സൈഡ് കെട്ടി കൃഷിക്ക് സൗകര്യപെടുത്തുക.

6. കൈതക്കാട് ആശാരികോണം റോഡിൻെറ ഏലാ ഭാഗത്തു് സൈഡ്കെട്ടി കലുംഗ് പണിയണം.

7. പൊരിയൽമുക്ക്, വട്ടകരിക്കം ഏലായുമായി ബന്ധപെടുത്തി റോഡ് നിർമ്മിക്കണം.

8. വട്ടകരിക്കം ആശാരി ക്കോണം എന്നി ഏലാകളുടെ തലയ്ക്കൽ കുളം നിർമ്മിക്കണം.

9. വട്ടമൺ പണ ഏലാ കുളം ശരിയാക്കണം.

10. ചെമ്പനഴികം, അടവിക്കോണം ഏലാകളിൽ ജലസേജന സൗകര്യം എർപ്പെടുത്തണം.

11. ആമക്കുളം ജലസേചന സൗകര്യത്തിനായി വൃത്തിയാക്കുക.

12. പെരുവഴിക്കാല, രണ്ടാം മൈയിൽ, വില്ലുമല എന്നിവിടങ്ങളിലെ ചതുപ്പുകൾ തെളിച്ച് ജലസേചന സൗകര്യം ഉണ്ടാക്കണം.

13. ചന്ദനക്കാവ്വ് വയലിന്റെ ആരംഭത്തിൽ നിന്നുള്ള തോട് ഇറിഗേഷൻ വകുപ്പ്ക്കാരെ കൊണ്ട് കെട്ടിക്കണം.

14. വെള്ളിലാ, തച്ചൻകോണം, തോടുകൾ.തെളിച്ച് ജലസേചനസൗകര്യം എത്തിക്കുക.

15. നെൽകൃഷികാർക്ക് പ്രയോജനം വരുന്ന E.M.S. പടിക്കൽ നിന്നും കാഞ്ഞിരോട് കുന്നിലേക്കുള്ള റോഡ് വെട്ടുക.

16. കാഞ്ഞിരോട് തലപ്പച്ച ഏലായിൽ പമ്പ് സെറ്റ് സ്ഥാപിക്കണം.

17. കുഴിവിള കരിക്കം ഏലായിൽ കുളം നിർമ്മിക്കണം.

18. ഏലാ വികസനത്തിന് വേണ്ടി നെല്ലിമുട് K.K റോഡിൽ നിന്നും ചെക്കും മുട്ടിൽ പടിക്കലേക്ക് റോഡ് വെട്ടണം. അമ്പലക്കുളം കുമരംകരിക്കം ഏലായിലെ പൊതു ഓടതെളിയിക്കുക.

19. റോസ് മലയിലെ വൈദ്യർ ക്കുന്നിൽ നിന്നും വരുന്ന നീരുറവാ തെളിച്ച് കുളമാക്കി ടാങ്ക് നിർമ്മിച്ച് വെള്ളമെടുത്താൽ റോസ്സ് മലയിലെ കൃഷികാർക്ക് ഉപയോഗിക്കാം.

20. കുളമ്പി, പെരുവഴിക്കാല, രണ്ടാംമൈൽ ഏലാ വികസനത്തിന് വേണ്ടി റോഡ് നിർമ്മിക്കണം.

21. മാർത്താണ്ഡക്കര, കൊച്ചാഞ്ഞലിമുട് ഏലാതോടുകൾ തെളിച്ച് കൃഷിയ്ക്ക് ജലമെത്തിക്കുക.

22. കുഴവിയോട്, മുക്ക ചിറകൾ കൃഷിയോഗ്യമാക്കുക

23. കിഴക്കേവയൽ, പുത്തൻകരിക്കം ഏലാത്തോടുകൾ സംരക്ഷിക്കുക

**തെങ്ങ്കൃഷി**

തെങ്ങ്കൃഷി കുളത്തുപുഴയിൽ വ്യാപകമാണ്. തെങ്ങിനുണ്ടാകുന്ന മണ്ടചീയൽ രോഗം കൃഷിക്കാരെ ധർമ്മസങ്കടത്തിലാക്കുന്നു. തെങ്ങുകൃഷി വ്യാപകമാക്കുവാനും രോഗം വന്നവ വെട്ടിമാറ്റുവാനും പുതിയവവെച്ചു പിടിപ്പിക്കുവാനും സമഗ്ര തെങ്ങ് കൃഷിപദ്ധതിക്ക് രൂപംകൊടുക്കുവാൻ പഞ്ചായത്തും കൃഷിഭവനും കേരസംരക്ഷണ സമതിയും ചേർന്ന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി സമഗ്ര സർവ്വേ നടന്നു കഴിഞ്ഞു തെങ്ങുകൃഷിയോടപ്പം പയർ, വാഴ, ഉഴുന്ന്, മരച്ചീനി പച്ചകറികൾ തുടങ്ങിയ ഇടവിളകളെയും പ്രെത്സാഹിപ്പിക്കുന്നതാണ്. ജനപ്പെരുപ്പം ഭൂമിയിൽ വരുത്തുന്ന മാറ്റങ്ങളും വീടുകളുടെവർദ്ധനവും പരിസ്ഥിതിക്കു ദോഷമായിട്ടുണ്ട് റോഡുകൾ പുതുതായി നിർമ്മിക്കുമ്പോൾ സ്വാഭാവികമായ നീർച്ചാലുകൾക്ക് തടസ്സമുണ്ടാക്കുന്നു. പാടം നികത്തൽ മൂലം നീർക്കെട്ട് വർദ്ധിപ്പിച്ചു. കുളങ്ങളും തോടുകളും പൊതുസ്വത്തായതോടെ സംർക്ഷിക്കുവാനാളില്ലാത്ത അവസ്ഥയായി.

പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള താല്പര്യംകുറഞ്ഞു വരികയാണ്. ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുകയും ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ വമ്പിച്ച പ്രചരണവും വന്നതോടുകൂടി പുതിയ തലമുറക്ക് പാടത്തും പറമ്പിലും പണിയെടുക്കുന്നതിനോ. ., താല്പര്യമില്ലാതായി. കർഷകകുടുംബത്തിൽ ജനിച്ചതാണെന്ന് പറയുവാനുള്ള അഭിമാനബോധം പോലും പലർക്കും നഷ്ടപെട്ടിരിക്കുന്നു. ഇതേതുടർന്ന് കാർഷിക പണികൾക്ക് തൊഴിലാളികളെ കിട്ടാത്ത അവസ്ഥയുണ്ടായി. ഉള്ളവർക്ക് കൂലിയും വർദ്ധിച്ചു.

നടീൽ വസ്തുക്കളുടെ കാര്യത്തിലും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകളുടെ വിതരണം ഗുണം ചെയ്തില്ല. മറിച്ച് നാടൻ തൈകൾ പ്രയോജനകരമായി. കാരണം നാടൻ തൈകൾക്ക് പ്രതിരോധശേഷിയും ഉറപ്പും കൂടുതലാണ്. ജൈവവളങ്ങളായ ചാണകം, പച്ചില വളങ്ങൾ എന്നിവയുടെ ഉപയോഗം കുറച്ചതും കൃഷി പരാജയപെടുവാൻ കാരണമായി. രാസവളങ്ങൾ മാത്രം തുടരെ തുടരെ ഉപയോഗിച്ചതുകാരണം മണ്ണിന്റെ ഫലഭൂയിഷ്ടത കുറഞ്ഞു. വിളവ് മോശമാകുകയും ചെയ്തു.

**പച്ചക്കറി**

കുളത്തുപ്പുഴയിൽ പച്ചക്കറികൃഷി വ്യാപകമല്ല. ഇവിടെ ആവശ്യമായ പച്ചക്കറികൾ തമിഴ് നാട്ടിൽ നിന്നാണ് എത്തുന്നത്. ഇത് ഗൗരവമായി കണക്കിലെടുത്ത് കൊണ്ട് പഞ്ചായത്തു കമ്മറ്റി ഈ പ്രദേശത്തെ സമഗ്രപച്ചക്കറി കൃഷിക്കു വേണ്ടി തെരഞ്ഞെടുത്തുട്ടുണ്ട്. മുഴുവൻ കുടുംബങ്ങളെയും ഇതിൽ പങ്കാളികളാക്കുക എന്നതാണ് ഇതിന്റെ പ്രത്യേകത. ഇതിനുവേണ്ടി പച്ചക്കറി വിത്തുകൾ സൗജന്യമായി പഞ്ചായത്തിൽ നിന്നും നല്കും. ബഹുജന പങ്കാളിത്തത്തോടെയാണ് പരിപാടി നടപ്പിലാക്കുന്നത്. പഞ്ചായത്തുതലത്തിൽ ഇതിനായി പ്രസിഡന്റ് ചെയർമാനും, കൃഷി ആഫീസറും പഞ്ചായത്തു സെകട്ടറിയും കൺവീനർമാരായും വിവിധ രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾ, മഹിളാസമാജങ്ങൾ, സാക്ഷരതാ പ്രവർത്തകർ, മികച്ച കർഷകർ, തൊഴിലാളികൾ എന്നിവരടങ്ങിയ കമ്മറ്റി നേതൃത്വം നല്കും.

**റബ്ബർ**

റബ്ബർ കൃഷി കുളത്തുപ്പുഴയിൽ വ്യാപകമാണ് 40 വർഷത്തോളമായി റബ്ബർ കൃഷി ആരംഭിച്ചിട്ട് 20 ശതമാനം ഭൂമി റബ്ബർ കൃഷിക്കായി ഉപയോഗിക്കുന്നുണ്ട്. റബ്ബർ കൃഷി ആദായകരവുമാണ്. ഏറ്റവും മികച്ച റബ്ബർ തോട്ടങ്ങൾ കുളത്തുപ്പുഴയിലുണ്ട്. ഒരു ഹെക്ടറിൽ നിന്ന് 1500 കിലോഗ്രാം റബ്ബർ വരെഒരു വർഷം ഇവിടെ നിന്നും ഉല്പാദിപ്പിക്കുന്നു.ഇത് ദേശിയശരാശരിയെക്കാൾ വളരെ കൂടുതലാണ് ഉല്പാദനം. എന്നാൽ റബ്ബർ നല്ലരീതിയിൽ

ടാപ്പിംഗ് നടത്തുന്നതിന് സൗകര്യങ്ങളില്ല. ആളെ കിട്ടാനുമില്ല. ടാപ്പിംഗ് പരിശീലന കേന്ദ്രം തുടങ്ങേണ്ടിയിരിക്കുന്നു. റബ്ബർ പാൽ വിപണത്തിനും സൗകര്യമുണ്ടാക്കുന്നതു് നല്ലതാണ്. റബർമാർക്കറ്റിംഗ് സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്.

പുഷ്പകൃഷി

കുളത്തുപ്പുഴയിൽ അലങ്കാര പുഷ്പങ്ങളായ അന്തൂറിയവും ഓർക്കിഡും ധാരാളമായി വന മേഖലയിൽ വളരുന്നുണ്ട്. ഇവശേഖരിക്കുകയും വീട്ടമ്മമാരുടെയും കൃഷിക്കാരുടെയും നേട്ടത്തിനായി നട്ടുവളർത്തുവാനുള്ള ഒരു സമഗ്രപദ്ധതി സദാനന്ദപുരം കാർഷിക വിജ്ഞാനകേന്ദ്രവുമായി ചേർന്ന് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ രണ്ട് രാസവള വില്പന കേന്ദ്രങ്ങളാണുള്ളത്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗവും ഫലഭൂയിഷ്ഠതയും പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ ഊർജ്ജിതപെട്ടുവരുന്നു.

വിദഗ്ദ്ധ കർഷകതൊഴിലാളികളുടെ അഭാവം കൃഷിക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ എന്നിവ സുലഭമല്ല.ആഗ്രോ ക്ലിനിക്കുകളും സജിവമായിട്ടില്ല. ട്രാക്ടറുകൾ, സ്പെയറുകൾ, പമ്പുകൾ ഇവയുടെ വിതരണവും ഉപയോഗവും കാര്യക്ഷമമാക്കേണ്ടി യിരിക്കുന്നു.

കാർഷിക പ്രവർത്തനങ്ങളെ പറ്റി ജനങ്ങളെ പഠിപ്പിക്കുകയും കഴിയുന്നത്ര കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് ഓരോ കുടുംബ ത്തേയുംപ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവന്റെയും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെയും സഹകരണത്തോടെ ജനവിദ്യാ കേന്ദ്രങ്ങൾ ലൈബ്രറികൾ, കൃഷിവികസന സമതികൾ എന്നിവയിലൂടെ പദ്ധതി വിവരങ്ങളും ബോധവത്ക്കരണ ക്ലാസുകളും പ്രദർശനങ്ങളും നടത്തും. കർഷകർക്കുള്ള സാമ്പത്തിക സഹായ വിതരണം കുറ്റമറ്റതാക്കുകയും

ഗ്രാമ സഭയിൽ നടന്ന ചർച്ചകളും ശേഖരിച്ച വിവരങ്ങളും

1. നെൽകൃഷി നഷ്ടത്തിൽ അവസാനിക്കുന്നതിനാൽ കൃഷികാർക്ക് നെൽകൃഷിയിൽ താല്പര്യമില്ല.

2. മണ്ണുപരിശോധന യഥാസമയം നടക്കുന്നില്ല.

3. കർഷകതൊഴിലാളികളെ കിട്ടാനില്ലാത്ത സ്ഥിതിയും കൂലികൂടുതലും.

4. ജൈവവളങ്ങൾ പ്രോത്സാഹിപ്പിക്കുന്നില്ല.

5. നടീൽ വസ്തുക്കളുടെ വിതരണം ശാസ്ത്രീയമല്ല.

6. പുതിയ തലമുറയ്ക്ക് കൃഷിയോട് താല്പര്യമില്ല.

7. അഗ്രോ സർവ്വീസ് സെന്ററുകൾ കാര്യമായി പ്രവർത്തിക്കുന്നില്ല.

8. നാളികേരത്തിനുവിലകിട്ടുന്നില്ല.

9. മണ്ടചീയൽ രോഗവും കൊമ്പൻ ചെല്ലിയുടെ ശല്ല്യവും മൂലം തെങ്ങുകൾ നശിക്കുന്നു.

10. കൊപ്രാവിപണനവും വെളിച്ചണ്ണയാട്ടും നടക്കുന്നില്ല.

ഗ്രാമസഭയിൽ കൃഷിയെ സംബന്ധിച്ച് വന്ന ആവശ്യങ്ങൾ.

1. കാട്ടു മൃഗങ്ങളുടെ ശല്യം, വിദഗ്ദ്ധതൊഴിലാളികളുടെ ക്ഷാമം, മണ്ണൊലിപ്പ് ജലദൗർലഭ്യം എന്നിവ കാർഷിക വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു. പരിഹാരം കാണേണ്ടതാണ്.

2. ഏലയോടു ബന്ധപെട്ടു കിടക്കുന്ന വെള്ളില തച്ചൻകോണംതോട്, മാർത്താണ്ഡൻകര തോട്, കൊച്ചാഞ്ഞിലിമൂട്, ഇസ്റ്റേൺ ഡാലിതോട് വരമ്പുകൾ, ശിവപുരം, കുഴവിയോട്, കിഴക്കേവയൽതോടുകൾ,

ചന്ദനക്കാവ്, വലിയേലതോടുകൾ മാത്തികോണം, വില്ലുമല, പെരുവഴിക്കാല, രണ്ടാംമൈൽ,കുളമ്പി, പേരാൻക്കോവിൽ തോടു വരമ്പുകൾ എന്നിവയുടെ സൈഡുവാൾ കെട്ടുകയും ഉള്ള സൈഡുവാൾ മെയ്ന്റനൻസ് നടത്തുകയും ചെയ്യേണ്ടതാണ്. ടി. തോടുകളിൽ ബണ്ടുകൾ നിർമ്മിച്ച് ജലസേചനം നടത്താവുന്നതാണ്.

3 കൃഷി ഭവൻ പ്രവർത്തനം കാര്യ ക്ഷമമാക്കുക.

4. മണ്ണുപരിശോധനാ നടത്തുന്നതിലേക്ക് മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം കർഷകർക്കും ലഭ്യമാക്കണം

5. വട്ടക്കരിക്കം ആശാരികോണം, ചന്ദനക്കാവ്, വട്ടമൺ പണ, ചെമ്പനഴികം, അടവികോണം, പേരാൻകോവിൽ, പെരുവഴിക്കാല, രണ്ടാംമൈൽ, മാത്തികോണം, ഏലാകളുടെ തലയ്ക്കൽ കുളം നിർമ്മിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

7. പഞ്ചായത്തു തലത്തിൽ വിള ഇൻഷ്വറൻസ് എർപ്പെടുത്തുക.

8. നിലവിലുള്ള ചിറകൾ വൃത്തിയാക്കി ബണ്ടുകൾകെട്ടി ജലസേജനസൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

9. കാറ്റു വീഴ്ച ബാധിച്ച തെങ്ങ് മുറിച്ച് മാറ്റി പകരം തൈവയ്ക്കുന്നതിനുള്ള സഹായം ലഭിക്കുന്നതിലേക്ക് കോക്കനട്ട് റജിനറേഷൻ സ്കീമിൽ കേരകർഷകരെ ഉൾപ്പെടുത്തണം.

10. തെങ്ങിന് മരുന്നു തളിക്കുന്നതിലേക്ക് സബ്സിഡി നിരക്കിൽ തുരിശ് വിതരണം ചെയ്യണം.

11. എല്ലാവാർഡുകളും ഉൾപെടുത്തി വാട്ടർഷെഡ് സ്കീം നടപ്പിലാക്കണം.

12. കുരുമുളക് കൃഷിയെ ബാധിക്കുന്ന ദ്രുതവാട്ടം തടയുന്നതിലേക്ക് കീടനാശിനികളും സാമ്പത്തിക സഹായവും.കൃഷികാർക്ക് നല്കേണ്ടതാണ്.

13. പച്ചക്കറികൃഷി വികസിപ്പിച്ച് സ്വയം പര്യാപത്ത നേടുന്നതിലേക്ക് അത്യുല്പാദശേഷിയുള്ള വിത്തും വളവും കീടനാശിനികളും എല്ലാകുടുംബങ്ങൾക്കും സൗജന്യമായി നൽകണം.

14. ഏലകളിൽ ട്രാക്ക്ടർ ഇറക്കാവുന്ന രീതിയിൽ വഴി സൗകര്യം ഉണ്ടാക്കണം.

15. എല്ലാ വാർഡുകളിലും അഗ്രോസർവ്വീസ് സെന്ററുകൾ പ്രവർത്തിപ്പിക്കണം.

16. വന്യമൃഗ സംരക്ഷണ കേന്ദ്രത്തോടു ചേർന്നു കിടക്കുന്ന കൃഷി സ്ഥലങ്ങളെ സോളാർ ഫെൻസിംഗ് മുഖേന സംരക്ഷിക്കണം.

## ഗ്രാമ സഭയിൽ കൃഷിയെ സബന്ധിച്ചു വന്ന നിർദ്ദേശങ്ങൾ

1. കുളത്തൂപ്പുഴ പഞ്ചായത്തിനെ മൊത്തത്തിൽ വാട്ടർ ഷെഡ് പദ്ധതിയിൽ ഉൾപെടുത്തണം

2. പാടശേഖര സമതികൾക്ക് കൊയ്ത്തു യന്ത്രവും മെതിയന്ത്രവും വാങ്ങുന്നതിന് സഹായം നൽകണം

3. വിള ഇൻഷ്വറൻസ് പദ്ധതി രോഗമൂലം കൃഷിനാശമുണ്ടായവർക്ക് നൽകണം

4. മണ്ണു പരിശോധനയ്ക്കായി സോയിൽ കൺസർവേഷൻ വിഭാഗത്തിന്റെ മൊബൈൽ വിഭാഗത്തെ ഉപയോഗപെടുത്തണം

5. വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുവാൻസോളാർ ഫെൻസിംഗ് ഏർപ്പെടുത്തുക

6. കുൺകൃഷി, പഴവർഗ്ഗങ്ങൾ, എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കണം .

7. കാർഷിക വിളകൾ വിൽക്കുന്നതിന് പൊതു ചന്തവേണം

8. പ്ലാന്റേഷനുള്ളിൽ പുൽകൃഷി പ്രോത്സാഹിപ്പിക്കണം

9. തോട്ടങ്ങളിൽ ടാങ്കിയ കൃഷി പ്രോത്സാഹിപ്പിക്കണം.

10 എല്ലാ വാർഡുകളിലും അഗ്രോസർവ്വീസ് സെന്ററുകൾ സ്ഥാപിക്കണം. ❐

# മൃഗ സംരക്ഷണവും ക്ഷീര വികസനവും



കേരളത്തിന്റെ ഉല്പാദന പ്രക്രിയയിൽ സുപ്രധാനമാണ് മൃഗസംരക്ഷണവും ക്ഷീര വികസനവും.കൃഷിയും മൃഗസംരണവും പരസ്പരം ബന്ധിതവുമാണ്. കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ കന്നുകാലി വളർത്തലും പ്രോത്സാഹിപ്പിക്കുവാനും അതുവഴി ഉല്പാദനമേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുവാനും കഴിയും. കൃഷി, മൃഗസംരക്ഷണം എന്നി മേഖലകളിലുണ്ടായ മാന്ദ്യം വിലയിരുത്തുന്നതിനോടപ്പം വസ്തു നിഷ്ഠവും സ്ഥായിയുമായ പുതിയ കാഴ്ചപാട് രുപപെടുത്തേണ്ടതുമുണ്ട്. കേരളത്തിന്റെ ഈ രംഗത്തെ വികസനംസാമ്പത്തിക അടിത്തറ ശക്തമാക്കുക എന്നലക്ഷ്യത്തോടുള്ള ഗ്രാമവികസനത്തിലേക്ക് നയിക്കും

കാർഷികഗ്രാമമായിരുന്ന കുളത്തുപ്പുഴയിൽ കന്നുകാലി വളർത്തൽ സജീവമായിരുന്നു. വളരെ വിസ്തൃതമായ വനഭൂമിയും പുൽമേടുകളും ഇതിന് സഹായകമായിരുന്നു.പാൽ ഉല്പാദിപ്പിക്കുന്നതിന്നും വണ്ടി വലിക്കുന്നതിനും ഭക്ഷണത്തിനുവേണ്ടിയുള്ള ഇറച്ചിക്കും ഇവിടെ കന്നുകാലികളെ ഉപയോഗിച്ചിരുന്നു. പഴയകാലങ്ങളിൽ യാത്ര ചെയ്യുന്നതിനും സാധനങ്ങൾ കൊണ്ടുപോകുന്നതിനും കാളവണ്ടി ഇവിടെ ധാരാളമായി ഉപയോഗിച്ചിരുന്നു. കൃഷിക്കാവശ്യമായ ജൈവവളങ്ങൾക്കും കന്നുകാലികളെയാണ് ആശ്രയിച്ചിരുന്നത്. കുളത്തുപ്പുഴയുടെ പഴയകാല ചരിത്രത്തിൽ നിന്നും വ്യക്തമാകുന്നത് ഭൂരിഭാഗംപേരും കൃഷിയേയും കന്നുകാലിവളർത്തലിനേയും ആശ്രയിച്ചാണ് കുടുംബപുലർത്തിയിരുന്നതെന്നാണ്. കൃഷികാരന്റെ സമ്പത്തിൽ പ്രധാനസ്ഥാനം കന്നുകാലികൾക്ക് ഉണ്ടായിരുന്നു. കന്നുകാലി സംരക്ഷണം ആരാധനയുടെ ഭാഗമായി കണക്കാക്കിയിരുന്നവരുമുണ്ട് നാടൻ പശുക്കളെയായിരുന്നു മുഖ്യമായി വളർത്തിയിരുന്നത്. കന്നുകാലി വളർത്തലിന്റെ രംഗത്ത്, എന്നാൽ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. കന്നുകാലി വളർത്തൽ ഇന്ന് 15% കുടുംബങ്ങളിൽ മാത്രമായി ചുരുങ്ങിയിരിക്കുന്നു. കന്നുകാലി സംരക്ഷണത്തിന്നു വേണ്ടിയുള്ള മൃഗസംരക്ഷണ വകുപ്പിന്റെ കിഴിൽ പ്രവർത്തിക്കുന്ന രണ്ട് ഐ.സി.ഡി.പി. സെന്ററുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ മൃഗസംരക്ഷണത്തിനും ക്ഷീരവികസനത്തിനും അനന്തസാദ്ധ്യതകളാണ് ഉള്ളത്. ദാരിദ്ര്യ നിർമ്മാർജനം സാദ്ധ്യമാക്കാനുള്ള ഏറ്റവും ശക്തമായ ഒരു മേഖലയായി ക്ഷീര വികസനത്തെ മാറ്റിയെടുക്കേണ്ടിയിരികുന്നു. ക്ഷീരകർഷകർക്ക് തൊഴിൽ കണ്ടെത്തതിനും കാലി വളർത്തലിനും ക്ഷീരോല്പന നിർമാണത്തിലും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുമുള്ള പരിശീലനവും ബോധവത്ക്കരണവും നൽകുന്ന കേന്ദ്രം പഞ്ചയത്തിൽ ആരംഭിച്ചാൽ തൊഴിൽ അവസരം വർദ്ധിപ്പിക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും. ക്ഷീര വികസനവകുപ്പ് ഓരോബ്ലോക്കിലും എക്സ്റ്റൻഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമീണ വികസനവും വിജ്ഞാന വ്യാപനവും പുൽകൃഷി വികസനം, പദ്ധതി

ക്ഷീരകർഷകർക്കുള്ള പ്രത്യേക പദ്ധതി, ക്ഷീരസംഘങ്ങളുടെ ആധുനിക വൽക്കരണം തുടങ്ങിയവയാണ് പദ്ധതികൾ കുളത്തുപ്പുഴയിൽ ക്ഷീരോല്പാദക സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും സംഘത്തിന് ആവശ്യമായ പാൽ ലഭ്യമല്ല. പാലിന് പ്രധാനമായും തമിഴ്നാടിനെ ആശ്രയിക്കേണ്ടി വരുന്നു ഈ സ്ഥിതി മാറ്റുവാനും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുവാനും വേണ്ടി K-L-D. ബോർഡുമായി സഹകരിച്ചുകൊണ്ട് പഞ്ചായത്തിൽ പ്രത്യേക ക്ഷീരവികസനപദ്ധതിയ്ക്ക് രൂപം കൊടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. മുഴുവൻ വീടകിലേക്കും സബ്സിഡി നിരക്കിൽ പശുവിനെ കൊടുത്തു കൊണ്ട് ജനപങ്കാളിത്തത്തോടെ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ തീരമാനിച്ചിരിക്കുകയാണ്.ഈ പരിപാടിയിലൂടെ പഞ്ചായത്തിനാവശ്യമുള്ള 5,000 ലിറ്റർ പാൽ ഇവിടെ നിന്നും ഉല്പാദിപ്പിക്കുവാനാണ് ശ്രമം ഇതിനുള്ള പ്രാരംഭ ചർച്ചകളും പ്രവർത്തനങ്ങളും നടന്നു കഴിഞ്ഞു. വനവകുപ്പ് K.L.D ബോർഡിനു നല്കിയ 2 ഏക്കർ ഭൂമിയിൽ ഇതിന്റെ ഭാഗമായി പുൽ വളർത്തലിനും കാലിതീറ്റ ഫാക്ടറി സ്ഥാപക്കുന്നതിനും വേണ്ടി ഉപയോഗിക്കുന്നതാണ്. കുളത്തുപുഴയിൽ നാലു് ഇറച്ചി കടകൾ പ്രവർത്തിക്കുന്നുണ്ട്.

കുളത്തുപ്പുഴക്ക് ആവശ്യമായ കോഴിമുട്ട ഇവിടെ നിന്നും ലഭ്യക്കുന്നില്ല. കോഴികൾക്ക് രോഗംമൂലം ജീവനാശം സംഭവിക്കുന്നതും തീറ്റിയുടെ കുറവുമാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഇവിടത്തേക്കാവശ്യമായ കോഴിമുട്ടഎത്തുന്നത് തമിഴ് നാട്ടിൽ നിന്നുമാണ്. മൃഗസംരക്ഷണ വകുപ്പും നൽകുന്ന കോഴികുഞ്ഞുങ്ങൾ ഈ പ്രദേശത്ത് വിജയ മല്ല എന്നാണ് പല വീട്ടുകാരുടെയും അഭിപ്രായം. നാടൻ കോഴികുഞ്ഞുങ്ങളുടെ പ്രോത്സാഹനമാണ് പ്രയോജനകരമെന്ന് കർഷകർ അഭിപ്രായപെടുന്നു.

രണ്ട് പൗൾട്രിഫാമുകൾ പ്രവർത്തിക്കുനുണ്ട്. ഇറച്ചി കോഴികളുടെ വില്പന നടക്കുനുണ്ട്. ലാഭകരമല്ല എന്ന് അഭിപ്രായവും ഉണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. കാലിതീറ്റയുടെ അഭാവം.

2. ഉല്പാദന ചിലവിനനുസരിച്ച് പ്രതിഫലം ലഭിക്കുന്നില്ല.

3. മൃഗസംരക്ഷണ രംഗത്തെ ഔദ്യോഗിക സംവിധാനങ്ങൾ അപര്യാപ്തമാണ്.

4. നല്ലയിനം കിടാരികളെ കിട്ടാനില്ലാത്ത അവസ്ഥ.

5. കോഴിതീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടകോഴികളെ വ്യാപകമായി വളർത്തുവാൻ കഴിയുന്നില്ല.

6. കോഴികളുടെ അസുഖം.

7.പുൽകൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

8. കന്നു കാലി വളർത്തലിന് കാർഷിക ബാങ്കുകൾ വേണ്ടത്ര സഹായം നൽകുന്നില്ല.

9. വളർത്തു മൃഗങ്ങൾക്ക് ഇൻഷ്വറൻസ് എർപ്പെടുത്തണം.

10. ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കണം.

11. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കണം

ക്ഷീര വികസനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ

1. എല്ലാം വാർഡുകളിലുംക്ഷീര വികസന സംഘങ്ങൾ ആരംഭിയ്ക്കുക

2. ചെറുകിട പരിമത കർഷകർക്ക് ക്ഷീരസംഘങ്ങൾ വഴി കാലിതീറ്റവാങ്ങുന്നതിന് ധനസഹായം അനുവദിയ്ക്കുക

3. കറവ പശുക്കൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിയ്ക്കുക

4. കാലിതൊഴിത്തിന്റെ പുനരുദ്ധാരണ പദ്ധതിയ്ക്ക് ധനസഹായം നൽകുക.

5. കന്നുകാലി പ്രദർശനങ്ങൾ സംഘടിപ്പിക്കുക
6. മാതൃകാ ഡയറി യൂണിറ്റുകൾ ആരംഭിയ്ക്കുക
7. സഞ്ചരിക്കുന്ന ബീജാദാനയൂണിറ്റ് ആരംഭിയ്ക്കുക.
8. ക്ഷീരകർഷകർക്ക് വിജ്ഞാന ബോധനപദ്ധതികൾ ആരംഭിയ്ക്കുക.
9. പുൽകൃഷി വ്യവസായമാക്കുക.
10. തീറ്റപ്പുൽ കൃഷി പ്രദർശനത്തോട്ടം
മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം
12 ചെറുകിട കാലിതീറ്റ ഫാക്ടറി
13. കന്നുകുട്ടി വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
14. കന്നകുട്ടികൾക്ക് കാലി തീറ്റ വിതരണം
15 ക്ഷീരസംഘങ്ങളുടെ രൂപികരണം
16. മുയൽ വളർത്തലും ഗോട്ടുഫാമും പ്രോത്സാഹനം
17. കുളമ്പുരോഗത്തിനെതിരെ കുത്തി വയ്പ്പ് ഊർജ്ജിത പെടുത്തണം

മത്സ്യകൃഷി വികസനം

കുളങ്ങളും ചതുപ്പു നിലങ്ങളും ധാരാളമായിയുള്ള പഞ്ചായത്താണ് കുളത്തൂപ്പുഴ. ഇവ നികന്നും ഉപയോഗമില്ലാതെയും കിടക്കുകയാണ്. ഇവ സംരക്ഷിച്ചാൽ കൃഷിക്കും മത്സ്യകൃഷി വികസനത്തിനും അനന്ത സാദ്ധ്യതകളാണുള്ളത്. ഭൂപ്രകൃതിയും കാലാവസ്ഥയും അനുകൂലമാണ്. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പഠനപര്യടന പരിപാടിയിൽ കൊല്ലം മത്സ്യകൃഷി വികസന ഏജൻസി (F.F.D.A) ഓഫീസ്സറും സംഘവുംപങ്കെടുത്തിരുന്നു. പഞ്ചായത്തിലെ നെടുമണ്ണൂർക്കടവ്, വില്ലുമല, ആറ്റിനക്കര, കടമാൻകോട്, ഏഴംകുളം, ചോഴിയക്കേട് എന്നി ഭാഗങ്ങളിലെ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ പഠനവും പരിശോധനകളും നടത്തുന്നതാണ്. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതാണ് പഞ്ചായത്തിന്റെ ജലസ്രോതസുകൾ പരാമാവധി മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്

നിർദ്ദേശങ്ങൾ

1. നല്ലയിനം മത്സ്യകുഞ്ഞുങ്ങളെസൗജന്യമായി പഞ്ചായത്തു മുഖാന്തിരം വിതരണം ചെയ്യുക.

2. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

3. കുളം കുഴിയ്ക്കുനതിനും തെളിക്കുന്നതിനും ധനസഹായം കൂട്ടുക. ❖




KULATHUPUZHA PANCHAYAT. SCHOOLS
N
Kallada Ar
RPL
OIL PALM
THENMALA
Rosemala
Kallada reservoir
A.K. ROAD
YEROOR
OIL PALM
Kallar Estate
Rockwood Estate
ALAYAMON
CHITHARA PANCHAYAT
T.S. ROAD
PERINGAMMALA PANCHAYAT
1 മാർത്താണ്ഡങ്കര U.P.S
2 കടമാംകോട് W.L.P.S
3 ചെറുകര G L.P.S
4 കുവക്കാട് H.S
5 S.M.U.P.S ചന്ദനക്കാവ്
6 B.M.G.H.S.
7 E.S.M. കോളനി L.P.S
8 G.U.P.S കുളത്തൂപ്പുഴ
9 വില്ലുമല ഗവ. T.L.P.S.
10. W.L.P.S. ഡാലി
11. ഗവ H.S കല്ലുവെട്ടാംകുഴി
12. ഗവ. THS
13. ചോഴിയക്കോട് LPS
14. റോസ്മല LPS
15. SDA Unaidid school
16. Rever De Unaidid school
Major Roads
Ar
Boundary of Panchayat
M

# വിദ്യാഭ്യാസം




ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് കുളത്തൂപ്പുഴ വിദ്യാഭ്യാസ മേഖലയിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പക്ഷേ പഠനങ്ങളിൽ നിന്നും വസ്തുതകളിൽ നിന്നും സൂചിപ്പിക്കുന്നത് ഈ നേട്ടം വിദ്യാർത്ഥികളുടേയും വിദ്യാലയങ്ങളുടേയും എണ്ണത്തിൽ മാത്രമാണ്. ഗുണമേന്മയുടെ കാര്യത്തിൽ നാം പിന്നിലാണ്. അതുകൊണ്ടുതന്നെ മനുഷ്യ വിഭവശേഷിയുടെ വിനിയോഗം ഫലപ്രദമാകുന്നില്ല എന്നു മനസ്സിലാക്കിയിട്ടുണ്ട്. പ്രാഥമിക വിദ്യാലയങ്ങളിലെ പഠനം പൂർത്തിയാക്കി പുറത്തുവരുന്ന വിദ്യാർത്ഥികളിൽ ഏതാണ്ട് 30% മാത്രമേ നിശ്ചിതതോതിലുള്ള പഠന പ്രാപ്തികൾ നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് പോരായ്മയാണ്.

ഭരണഘടനയിൽ സാർവ്വത്രികപ്രാഥമിക വിദ്യാഭ്യാസം പ്രാധാന്യമായി പറയുന്നു. സമൂഹത്തിലെ ദുർബലരും ആനുകൂല്യം നിഷേധിക്കപ്പെട്ട വിഭാഗക്കാരെയുമെല്ലാം മുന്നോട്ട് കൊണ്ടുവരണം. ഈ രംഗത്ത് സുപ്രധാന കടമ ഗ്രാമപഞ്ചായത്ത് നിർവഹിച്ചുകൊണ്ടിരിക്കുന്നു. സാർവ്വർത്രീക വിദ്യാലയപ്രദേശം( Universal Enrolment) സർവരേയും നിലനിർത്തൽ (Retension) ഗുണനിലവാരം കൈവരിക്കൽ (Quality Improvement) ഇവയിൽ ഊന്നിയായിരുന്നു വിദ്യാഭ്യാസ നയം. നമ്മളെ സംബന്ധിച്ചിടത്തോളം ആദ്യത്തെ രണ്ടു ലക്ഷ്യങ്ങളും സാക്ഷാത്ക്കരിച്ചുകഴിഞ്ഞു. ലഭ്യമായ എല്ലാ വിഭവങ്ങളും ഉപയോഗിച്ചുകൊണ്ട് സാർവ്വർത്രിക ഗുണനിലവാരം നേടുക എന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസം ജീവിതത്തിന്റെ ഉന്നതവും മെച്ചപ്പെട്ടതുമായ ഗുണമേന്മ നേടുന്നതിനുവേണ്ടിയുള്ള മനുഷ്യ ശക്തിയുടെ വിനിയോഗ പ്രക്രിയയാണ് എന്നു മനസ്സിലാക്കി പ്രവർത്തിക്കുന്നു. ഇവിടെയാണ് വികസനം. ഇത് സാധിത പ്രായമാക്കുന്നതിന് ചെറുകണികകളായി സാംശീകരിക്കുകയാണ് മാർഗ്ഗം. ഈ കണികയാണ് പ്രാപ്തി. ഇത് വിദ്യാഭ്യാസ പ്രക്രിയയിലൂടെ ഉല്പാദിപ്പിക്കപ്പെടേണ്ട ശക്തിയുടെ കണികയാണ്. പ്രാപ്തിയും പ്രാവിണ്യവും നേടുന്നതിന് ഉദ്ദേശിച്ച് കുളത്തൂപ്പുഴ പഞ്ചായത്ത് ഡയറ്റ്, CACEE എന്നിവയുമായി ചേർന്നുനടത്തിയ അക്ഷരോത്സവവും വിദ്യാഭ്യാസ സെമിനാറുകളും മുഖേന ഗുണമേന്മ കണ്ടുതുടങ്ങിയിരിക്കുന്നു.

വ്യക്തമായ ലക്ഷ്യബോധമാണ് വിദ്യാഭ്യാസപ്രക്രിയയുടെ മുഖമുദ്ര. പഠിതാവിൽ വികസിച്ചുവരേണ്ടവയെന്ന് മുൻകൂട്ടി നിർണ്ണയിച്ചിട്ടുള്ള വർത്തനവ്യതിയാനങ്ങളെയാണ് വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത്. ഈ ലക്ഷ്യം നേടണമെങ്കിൽ വ്യക്തമായ ആസൂത്രണംവേണം. നിരന്തര വിലയിരുത്തലുകളിലൂടെയും തുടർന്നുള്ള പരിഹാരബോധനപ്രക്രിയകളിലൂടെയും മാത്രമേ വിദ്യാഭ്യാസലക്ഷ്യം പൂർണ്ണമായി നേടുവാൻ കഴിയുകയുള്ളൂ. ഇത് സംബന്ധിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നു.

ഇന്ന് നിലവിലുള്ള പഠനബോധനരീതികളെ വിശകലനംചെയ്യുമ്പോൾ കാണാവുന്ന അപാകതകൾ.

1. പാഠപുസ്തകത്തിൽ മാത്രം കേന്ദ്രീകരിച്ചുള്ള പഠനരീതി പ്രവർത്യോന്മുഖമല്ല.
2. വ്യക്തമായ ലക്ഷ്യബോധമില്ലാത്ത പഠനബോധനപ്രവർത്തനങ്ങൾ.
3. കുട്ടികളുടെ അടിസ്ഥാന നൈപുണികളുടെ വികസനത്തിന് പകരം വിവരങ്ങൾ അടിച്ചേൽപ്പിക്കുന്ന ബോധനരീതികൾ.
4. കുട്ടികളുടെ മാനസിക- സാമൂഹിക വികാസവും, താല്പര്യവും അഭിരുചിയും, പഠനസന്നദ്ധതയും കണക്കിലെടുക്കാതെയും കുട്ടികളുടെ വ്യക്തിപരമായ വ്യത്യാസങ്ങളും പരിഗണിക്കാതെയുള്ള വിദ്യാഭ്യാസ രീതി.
5. മൂല്യനിർണ്ണയ രീതികളുടെ ഫലപ്രാപ്തിയില്ലായ്മ.
6. കുട്ടികളുടെ സമഗ്രവികാസം ലക്ഷ്യമാക്കാതെ പഠനബോധനം വൈജ്ഞാനിക വികാസത്തിൽ ഊന്നി നിൽക്കുന്നതുകൊണ്ട് വിദ്യാഭ്യാസ പ്രക്രിയയിൽ കുട്ടികളിൽ ഉറക്കേണ്ട മൂല്യബോധം അവഗണിക്കപ്പെടുന്നു.



പരിഹാര മാർഗ്ഗങ്ങൾ

1. പ്രാപ്തികളെ അടിസ്ഥാനപ്പെടുത്തി പഠനവും ബോധനവും രൂപപ്പെടുത്തണം.
2. പരിഹാരബോധന പ്രവർത്തനങ്ങളിലൂടെ വിജയം ഉണ്ടാകുന്ന പഠനബോധനരീതി.
3. കൂട്ടായ്മയിലൂടെയുള്ള പഠനം.
4. പ്രവർത്യോന്മുഖപഠനം.
5. സംഘാദ്ധ്യാപനം
6. ശിശുകേന്ദ്രീകൃത സംവിധാനം.
7. വീടും സമൂഹവും പഠനകേന്ദ്രമാവുന്നു.
8. ശരിയായ മൂല്യനിർണ്ണയം.

**ഗ്രാമ സഭയിൽ നടന്ന ചർച്ചയും ശേഖരിച്ച വിവരങ്ങളും**

കുളത്തൂപ്പുഴയിൽ 4 ഹൈസ്ക്കൂളും 3 U.P സ്ക്കൂളുകളും 7 L.P സ്ക്കൂളുകളും പ്രവർത്തിക്കുന്നു. 420 ൽ പരം വിദ്യാർത്ഥികൾ ഹൈസ്ക്കൂൾ നിലവാരം പൂർത്തിയാക്കി പുറത്തിറങ്ങുന്നു. കോളേജ് വിദ്യാഭ്യാസത്തിന് സാദ്ധ്യതമങ്ങുകയാണ്. 19 കിലോമീറ്റർ ദൂരെയാണ് അഞ്ചൽ കോളേജ് ( പിന്നീട് 62 കിലോമീറ്റർ പിന്നിട്ട് തിരുവനന്തപുരത്തേയോ കൊല്ലത്തേയോ ആശ്രയിക്കേണ്ട ഗതികേടാണുള്ളത്.) ഇത് ഇവിടുത്തെ പ്രധാന വിദ്യാഭ്യാസ പ്രശ്നമാണ്. കോളേജ് ആരംഭിക്കണമെന്ന് പൊതു ആവശ്യം എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു. കോളേജിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതു സംബന്ധിച്ചും ചർച്ചകൾ സജീവമായി നടന്നു. ചോഴിയക്കോട് മുസലിയാർ കൈവശപ്പെടുത്തിയിട്ടുള്ള ഗവൺമെന്റു ഭൂമി 745/1 സർവ്വയിൽപ്പെട്ട 94 ഏക്കർ ഗവൺമെന്റ് കോളേജിനുവേണ്ടി ഏറ്റെടുക്കുകയും അവ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ട് ൗണിൽ 16ഏക്കറിനു സമീപമുള്ള ഫോറസ്റ്റ് വക ഭൂമി വാങ്ങുകയും അവിടെ കോളേജ് ആരംഭിക്കുകയും ചെയ്യുന്നത് സൗകര്യപ്രദവും പ്രയോജനകരവുമായിരിക്കും.

2. കുളത്തൂപ്പുഴയിൽ പ്രവർത്തിക്കുന്ന ഏക സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ ടെക്നിക്കൽ ഹൈസ്ക്കൂൾ പോളിടെക്നിക്കായി ഉയർത്തണമെന്ന ആവശ്യവുമുയർന്നു.

3. സ്ക്കൂളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞുപോകുന്നതു തടയുവാൻ തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പരിപാടികൾ വേണം.

4. സ്ക്കൂൾ കോംപ്ലക്സുകൾ സജീവമാക്കുവാനും P.T.A കൾക്ക് ഫലപ്രദമായി പ്രവർത്തിക്കുവാൻ അധികാരങ്ങൾ നൽകണമെന്നും അഭിപ്രായമുണ്ടായി.

5. അദ്ധ്യാപകരുടെ ഇൻസർവ്വീസ് കോഴ്സുകൾ പരിഷ്ക്കരിക്കണം.

6. സ്ക്കൂൾ സംരക്ഷണ സമതികൾ രൂപികരിക്കുകയും വേണം.

7. മാതൃസംഗമങ്ങൾ ആഴ്ചയിലും നടത്തണം

**ഗ്രാമ സഭയിൽ ഉയർന്നു വന്ന ആവശ്യങ്ങൾ**

1. ഏഴംകുളം വാർഡിൽ നിന്നും 10 കി.മി. അകലെയാണ് ഹൈസ്ക്കൂൾ ഉള്ളത്. ഇവിടെ ഒരു ഹൈസ്ക്കൂൾ ഉണ്ടാകണം.

2. കുളത്തൂപ്പുഴ U.P.S ഡാലി, വില്ലുമല, കടമാൻകോട്, ചെറുകര, എക്സ് സർവ്വീസ് എന്നിവിടങ്ങളിലെ സ്ക്കൂൾകെട്ടിടങ്ങളുടെ അപര്യാപ്തത പരിഹരിക്കുക.

3. അദ്ധ്യാപകരുടെ ഒഴിവുകൾക്ക് പരിഹാരം കാണുക.

4. കടമാൻകോട് L.P.S ന് ഭീഷണിയായി നിൽക്കുന്ന ഫോറസ്റ്റ് വക മരങ്ങൾ വെട്ടിമാറ്റണം.

5. സാം നഗറിൽ റവന്യൂവകുപ്പ് മാറ്റിയിട്ടിട്ടുള്ള 61 സെന്റ് സ്ഥലത്തും ചന്ദനക്കാവിലും L.P.S അനുവദിക്കുക.

6. കല്ലുവെട്ടാംകുഴി G.H.S, B.M.G.H.S ഇവ പ്ലസ് ടു ആയി ഉയർത്തുക. 14 കി.മി. അകലെ ഉൾപ്രദേശമായ റോസ്മല, ചോഴിയക്കോട്, E.S.M കോളനി, കടമാൻകോട് എന്നീ L.P.S കൾ U.P.S ആയി ഉയർത്തുക.

7. മെയിൻ റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന സ്ക്കൂളുകൾക്ക് അടുത്തു സിഗ്നൽ ബോർഡുകൾ സ്ഥാപിക്കണം.

8. എല്ലാ വാർഡുകളിലും നെഴ്സറി സ്ക്കൂളുകൾ ആരംഭിക്കുക.

9. നെഴ്സറി സ്ക്കൂളുകളിലെ ആയമാരുടെ ഒഴിവ് നികത്തുക.

10. സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടികൾ സജീവമാക്കുക. ജനവിദ്യാകേന്ദ്രം ഇൻഫർമേഷൻ കം ഗൈഡൻസ് സെന്റർ ആയി ഉയർത്തുക.

11. വിദ്യാഭ്യാസ നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന

കുട്ടികളെ പഠനത്തിൽ പ്രോത്സാഹിപ്പിക്കുവാൻ ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തുക.

12. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി( DPEP) യിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

13. ജൂനിയർ ടെക്നിക് ഹൈസ്ക്കൂളിന്റെ കെട്ടിടം പണി പൂർത്തീകരിച്ച് ഒരു പോളിടെക്നിക് സ്ഥാപനമായി ഉയർത്താനുള്ള നടപടി സ്വീകരിക്കുക.

14. കുളത്തൂപ്പുഴ ഗവ: U.P.S കെട്ടിടത്തിന്റെ അപര്യാപ്തത മാറ്റി ഷിഫ്റ്റ് സമ്പ്രദായം മാറ്റേണ്ടതാണ്.

**തുടർ വിദ്യാഭ്യാസ പരിപാടികൾ**

കുളത്തൂപ്പുഴ പഞ്ചായത്തിൽ ഒന്നും രണ്ടും ഘട്ട സാക്ഷരതാ പ്രവർത്തനങ്ങൾ സജീവമായിരുന്നു. 100 കണക്കിന് സേവന സന്നദ്ധരായ യുവതീ യുവാക്കളാണ് കക്ഷിരാഷ്ട്രീയ ജാതി മത ചിന്തകൾ ക്കതീതമായി ഈ പ്രസ്ഥാനത്തിൽ അണിചേരുന്നത്. അവരുടെ സാമൂഹ്യ പ്രതിബദ്ധതയേയും ഇച്ഛാശക്തിയേയും പ്രോത്സാഹിപ്പിക്കേണ്ടി യിരിക്കുന്നു. അതിലൂടെ അവരുടെ കർമ്മശേഷി നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്ന തിലൂടെയാണ്.ആസൂത്രണപ്രസ്ഥാനം സമ്പുഷ്ടമാക്കാം. അതിനുവേണ്ടി പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടി യിരിക്കുന്നു.

സാക്ഷരത വഴി ജനങ്ങൾക്കു ലഭിച്ച ചരിത്രബോധം(കാലബോധം) ഇന്നലെയിൽ നിന്നും ഇന്നിൽ എത്തിച്ചേരുന്നതിനും നാളേയിലേയ്ക്ക് മുന്നേറുന്നതിന് സഹായിക്കും. സംവാദകാത്മ കഥയിലൂടെ ജീവിതത്തിന്റെ സമസ്ത മേഖലകളേയും തൊട്ടുണർത്തുന്ന ഒരു സജീവ പരിപാടിയായി സാക്ഷരതാ ദൗത്യം പരിണമിക്കണം. അക്ഷരം താക്കോലാണ്. ഏതെല്ലാം ഖനികളും നിലവറകളും അതുകൊണ്ട് തുറക്കാനാകുന്നു എന്നതാണ് പ്രധാനം. അക്ഷരം ഒരു സ്പർശിനിയാണ്. എത്രസൂക്ഷ്മതയോടും ജാഗ്രതയോടും കൂടി അത് ഉപയോഗിക്കുന്നു എന്നതാണ് പ്രധാനം. അക്ഷരം അഗ്നിയാണ്. അത് ആരെയെല്ലാം പൊള്ളിക്കുന്നു. ആർക്കെല്ലാം വെളിച്ചമേകുന്നു എന്നതാണ് പ്രധാനം. അക്ഷരത്തിന്റെ അഗ്നികിട്ടിയവരിൽ ഭൂരിഭാഗവും ആത്മാവിൽ ചിന്തകളിൽ മൂല്യങ്ങളിൽ പ്രവർത്തികളിൽ കൊളുത്തുവാൻ മറന്നു പോയവരാണ്. പാലങ്ങൾ ഉദ്ഘാടനം കഴിയാൻപോലും കാത്തു നിന്നില്ല. രോഗം കണ്ടുപിടിക്കുന്നതിനു മുൻപ് രോഗി മരിച്ചുപോകുന്നു. പാരിസ്ഥിതികസാക്ഷരത ഇല്ലാത്ത ശാസ്ത്രജ്ഞരേയും സാങ്കേതിക വിദഗ്ദരേയും സാക്ഷരർക്കും വരെ സാക്ഷരതാജ്യോതി അണയുവാൻ പാടില്ല. ആത്മീക സാക്ഷരതാ ഇല്ലാത്ത മതനേതൃത്വങ്ങളെ സാക്ഷരരാക്കും വരെ ജനാധിപത്യ സാക്ഷര തയില്ലാത്ത മുഴുവൻ ഉദ്യോഗസ്ഥരേയും ഉപഭോക്തൃ സാക്ഷരതയില്ലാത്ത വ്യാപാരി വ്യവസായി കുലത്തെയും സാക്ഷരരാക്കും വരെയും അത് അണക്കരുത്. നമ്മുടെ അഭ്യസ്ത വിദ്യാസമൂഹത്തെ പുനർവിദ്യാഭ്യാസം ചെയ്യുന്ന ഉത്തരവാദിത്വം നവസാക്ഷരരും സാക്ഷരരായവരും ഏറ്റെടുക്കണം.

ഒരേ വസ്തുവിലും സംഭവത്തിലും പ്രശ്നത്തിലും വിഭവത്തിലും കൈവിരൽതൊട്ട് പ്രതികരിക്കുമ്പോൾ നവ സാക്ഷരരർ ചോദിക്കുമ്പോൾ കേരളത്തെ മഹത്വമാക്കുന്ന കേരളത്തിന്റെ തുടർ വിദ്യാഭ്യാസം ആരംഭിക്കുകയാവും ചെയ്യുന്നത്. അദ്ധ്യാപകനും വിദ്യാർത്ഥിയും ഡോക്ടറെ രോഗിയും കാർഷിക ശാസ്ത്രജ്ഞനെ കർഷകനും വക്കീലിനെ കക്ഷിയും നേതാവിനെ അനുയായിയും എഴുത്തുകാരനെ വായനക്കാരനും പഠിപ്പിച്ചു തുടങ്ങുന്ന സമൂഹത്തിന് മോക്ഷം ഉണ്ട് സ്വന്തം അവസ്ഥയെ മാനുഷീ കരിക്കുവാനും ഇരുട്ടിന്റെ ശക്തികളെ മറികട ക്കാനുമുള്ള വ്യക്തിയുടെയും സമൂഹത്തിന്റെയും ഇച്ഛാശക്തിയെ ജ്വലിപ്പിക്കലുമാണത്. വികസന സാക്ഷരതാ രണ്ടു കണ്ണുകളും അല്ല മൂന്നാം കണ്ണാണ് അത് അഞ്ച് ഇന്ദ്രിയങ്ങളുമല്ല ആറാം ഇന്ദ്രിയമാണ്, നിൽക്കുന്ന തറയുടെ കനലും ചുഴലിയും അറിയലാണ്. നക്ഷത്രങ്ങളിൽ തന്നെ സ്വപ്നങ്ങളുടെ ഊഞ്ഞാലിടലാണത്. അവലംബം പീഡിതരുടെ ബോധന ശാസ്ത്രം സ്വാതന്ത്ര്യത്തിനുള്ള സാംസ്ക്കാരിക പ്രവർത്തനം.

ദേശീയ സാക്ഷരതാ മിഷൻ( N-L-M) നയ രൂപ രേഖയിൽ ചൂണ്ടിക്കാട്ടുന്നു. സാക്ഷരതാ

സാമൂഹ്യമാറ്റത്തിന്റെ ശക്തമായ ഉപാധിയാണ്.

സാക്ഷരരായ സമൂഹത്തിൽ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് കുറവാണ്.

പ്രതിരോധകുത്തിവെയ്പ്പുകൾ, പാനീയ ചികിത്സ തുടങ്ങിയ ആവശ്യകാര്യങ്ങൾ യഥാസമയം ചെയ്യുന്നു.

ശിശുമരണ നിരക്ക് കുറയ്ക്കുന്നു. ചെറിയ കുടുബം എന്ന ആശയം കൂടുതൽ പ്രായോഗികമാക്കപ്പെട്ടിരിക്കുന്നു.

സാമൂഹ്യവും നിയമപരവുമായ അവകാശങ്ങളെ കുറിച്ചുള്ള ബോധം കുടുംബഭരണത്തിനാവശ്യമുള്ള വിഭവങ്ങൾ ആർജ്ജിക്കാനുള്ള കഴിവ്, സാമൂഹ്യപ്രതിബദ്ധത എന്നിവയുടെ കാര്യത്തിൽ സാക്ഷരരായവർ മുന്നിൽ നിൽക്കുന്നു.

തമസോ മ ജ്യോതിർ ഗമയാ

അന്ധകാരത്തിൽ നിന്നെന്നെ പ്രകാശത്തിലേക്ക് നയിച്ചാലും ഉപനിഷത്ത് വാക്യമാണ്.

നിന്റെ സൃഷ്ടാവിന്റെ നാമധേയത്തിൽ നീ വായിക്കുക എന്ന വാക്യത്തോടെയാണ് പരിശുദ്ധ ഖുറാൻ ആരംഭിക്കുന്നത്.

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രവാചകനായ യേശുദേവനും അറിവിന് ഉയർന്ന പരിഗണന നൽകിയിരുന്നു.

സാക്ഷരത സമഗ്ര വികസനത്തിന് എന്ന ലക്ഷ്യം നേടിയെടുക്കുന്നതിലൂടെ സാമൂഹ്യമാറ്റത്തിന് ആക്കം കൂട്ടുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു. നിത്യജീവിതങ്ങളോട് ഹൃദ്യമായ നൈപുണികളുള്ള സംസ്ക്കാരം ജീവിത പുരോഗതിക്ക് പ്രയോജനപ്പെടുത്തുവാൻ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇവ വിജയിക്കുകയുള്ളൂ. മനുഷ്യന്റെ ഭൗതികവും സാംസ്ക്കാരികവുമായ ആവശ്യങ്ങളുടെ സാക്ഷാത്ക്കാരമാണ് വികസനത്തിന്റെ പരമ ലക്ഷ്യം. അതിന്റെ ആദ്യ പടിയായി സാക്ഷരത ബോധപൂർവ്വം സംവിധാനം ചെയ്യുന്ന വികസന പരിപാടികളാണ് വിദ്യാഭ്യാസം.

സ്വാശ്രയത്വം, മിതവ്യയം, സമ്പാദ്യശീലം, ഉപഭോക്തൃ സംരക്ഷണം, ആരോഗ്യപരിപാലനം, പരിസ്ഥിതി ജലസംരക്ഷണം, ഗതാഗത വികസനം, സാംസ്കാരിക പ്രവർത്തനങ്ങൾ, കായിക വിനോദം, ദേശീയ ബോധത്തിന്റെ പരിപോഷണം, വ്യക്തി കുടുംബ ബന്ധങ്ങൾ മെച്ചപ്പെടുത്തൽ, പുകയില ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവക്ക് പ്രാധാന്യം നൽകണം.

കഴിഞ്ഞകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ സാക്ഷരതാ തുടർ വിദ്യാഭാസപരിപാടികൾ വിജയകരമായി മാറ്റുവാൻ ചില ഘടകങ്ങൾ ഗവേഷണ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

1. പഠനത്തോട് പഠിതാവിന് ആഭിമുഖ്യം.

2. സുസജ്ജമായ പ്രവർത്തകർ.

3. ഫലപ്രദമായ പഠന ബോധന സമ്പ്രദായം.

4. അർത്ഥവത്തായ പഠനബോധന സാമഗ്രികൾ.

5. ശക്തവും പ്രായോഗികവുമായ അനുബന്ധ പ്രവർത്തനങ്ങൾ.

6. മികച്ച സംഘാടനം.

7. അനുകൂല അന്തരീക്ഷസൃഷ്ടി.

വിവിധതലത്തിലും തരത്തിലുമുള്ള പരിപാടികൾ.

നാഷണൽ ലിറ്ററസി മിഷന്റെ പുതിയ തുടർ വിദ്യാഭ്യാസ പരിപാടികളിൽ പ്രാധാന്യമായവ നമ്മുടെ പ്രദേശത്ത് പ്രസക്തിയുള്ളതാണ്.

1. തുല്യതാ പരിപാടികൾ.

a. കണ്ടൻസഡ് കോഴ്സ് :

പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം നടത്തിയ കണ്ടൻസസ് കോഴ്സ് സമാനമായി ഫലപ്രദമായ വിദ്യാഭ്യാസ പരിപാടികൾക്കു രൂപം നല്കണം. പ്രൈമറി വിദ്യാഭ്യാസം ഹൈസ്ക്കൂൾ വിദ്യാഭ്യാസം തുടങ്ങി പൊതുസരണിയിലും തൊഴിൽസരണിയിലും യോഗ്യത നേടുവാൻ സംവിധാന മുണ്ടാക്കണം.

2. ഓപ്പൺ ലേണിംഗ് :

മുൻ ഔപചാരിക വിദ്യാഭ്യാസയോഗ്യതകളില്ലാതെ തന്നെ ഔപചാരിക വിദ്യാഭ്യാസം നേടുവാൻ കഴിയുന്ന പഠനസംവിധാനം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഓപ്പൺ സ്കൂൾ, ഓപ്പൺയൂണിവേഴ്സിറ്റി തുടങ്ങിയ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ട്.

3. വരുമാന വർദ്ധന പരിപാടികൾ.

ചെയ്യുന്ന തൊഴിൽ മെച്ചപ്പടുത്തുവാനും പുതിയ തൊഴിൽ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുവാനും കഴിയുന്ന വിദ്യാഭ്യാസ പരിശീലന പരിപാടിക ൾ അനിവാര്യമാണ്. വിവിധതരത്തിലുള്ള പഠിതാക്കളെ സ്ത്രീകൾ, തൊഴിലാളികൾ ചേരിനിവാസികൾ, ആദിവാസികൾ എന്നിവരെ മുന്നിൽ കണ്ടുകൊണ്ട് വൈദഗ്ദ്ധ്യമുള്ള സാമ്പത്തിക വളർച്ചയെ സഹായിക്കുന്ന പുതിയ പരിപാടികൾ സംഘടിത രൂപത്തിൽ വികസിപ്പിച്ചെടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

ജീവിത മേന്മ വികസന പരിപാടികൾ

മെച്ചമായ ജീവിതത്തിനാവശ്യമായ അറിവ്, മനോഭാവം, മൂല്യങ്ങൾ, നൈപുണികൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിന് അനുയോജ്യമായ വിദ്യാഭ്യാസ വികസന പരിപാടികൾ ഉണ്ടാക്കണം. ജീവിതകാര്യങ്ങളിലും നിലവാരത്തിലും മാറ്റം ഉണ്ടാകുവാൻ സഹായമുണ്ടാകണം. ജീവശാസ്ത്രപരം, സാമൂഹ്യപരം, പരിസ്ഥിതി തുടങ്ങിയ രംഗങ്ങളിൽ അടിസ്ഥാനപരമായ മാറ്റത്തിന് ഉപകരിക്കണം.

വ്യക്തിഗത താല്പര്യ പ്രോത്സാഹന പരിപാടികൾ

വ്യക്തിയുടെ വളർച്ച സമൂഹമായി ബന്ധപ്പെട്ടസ്ഥിതിക്ക് അഭിലഷണീയമായ വ്യക്തിഗത താല്പര്യങ്ങൾക്കനുസരിച്ച് പഠിക്കുവാനും വളരുവാനും അവസരങ്ങൾ സൃഷ്ടിക്കണം. സാമൂഹ്യം സാംസ്ക്കാരികം, ആദ്ധ്യാത്മികം, ആരോഗ്യം, കലാപരം തുടങ്ങിയ വിവിധ വിഷയങ്ങളിൽ പ്രത്യേക താല്പര്യമുള്ളവരുടെ പഠനാവശ്യങ്ങൾ പൂർത്തിരിക്കുവാനുള്ള അവസരം. തുടർവിദ്യാഭ്യാസ പരിപാടികളിൽ ഉണ്ടാകണം.

പഠനാവശ്യങ്ങളും താല്പര്യങ്ങളും

പഞ്ചായത്തുതലത്തിൽ പഠിതാക്കളുടെ നിലവാരം പഠനാവശ്യങ്ങൾ, ലഭ്യമായ വിവിധ വിഭവങ്ങൾ, സൗകര്യങ്ങൾ തുടങ്ങിയ പശ്ചാത്തലം ഒരുക്കണം പരിപാടികൾക്ക് വമ്പിച്ച ജനപങ്കാളിത്തവും ജനകീയ സ്വഭാവവും ഉണ്ടാകണം.

തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ

പഠിതാക്കളുടെ അംഗസംഖ്യ, ആവശ്യങ്ങൾ, സൗകര്യങ്ങൾ, വിഭവങ്ങൾ എന്നിവ കണക്കിലെടുത്ത് വാർഡ്തലത്തിൽ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ 500 പേർക്ക് 1 എന്ന ക്രമത്തിൽ ആരംഭിക്കാം. പ്രവർത്തകൻ പ്രേരക് ആകാം. പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരം ആവാം.

1. പഠന നൈപുണികൾ വികസിപ്പിക്കുന്നതിന് സായാഹ്നക്ലാസ്സുകൾ
2 ലൈബ്രറി സൗകര്യവും വായനാശീലവും
3. ചർച്ചാക്ലാസ്സുകൾ, പരിശീലനങ്ങൾ
4. തൊഴിൽ യൂണിറ്റുകൾ.
5. കലാസാംസ്ക്കാരിക കായിക പരിപാടികൾ
6. ഇൻഫർമേഷൻ സെന്റർ
7. ആശയ വിനിമയ കേന്ദ്രം

ഇതോടൊപ്പം പഠനഗ്രൂപ്പുകളുടെ ആവശ്യമനുസരിച്ച് മറ്റു പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.

നിരന്തരമായ മോണിറ്ററിംഗും വിലയിരുത്തലും നടത്തി നിലവാരം മെച്ചപ്പെടുത്തേണ്ടതാണ്.



## പഞ്ചായത്തിലെ സ്കൂളുകളുടെ വിവരങ്ങൾ

| സ്കൂളിന്റെപേര് | അദ്ധ്യാപകരുടെ എണ്ണം | കുട്ടികളുടെ എണ്ണം | | | പട്ടികജാതിപട്ടികവർഗ്ഗ വിദ്യാർത്ഥികൾ | | | വിദ്യാഭ്യാസ നിലവാരം തൃപ്തികരമാണ്/ അല്ല | സ്കൂളിന് അത്യാവശ്യവേണ്ട സൗകര്യങ്ങൾ ഉണ്ട്/ ഇല്ല | PTA ഉണ്ട്/ ഇല്ല |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | | |
| സാം ഉമ്മൻ മെമ്മോറിയൽ ടെക്നിക്കൽ ഹൈസ്കൂൾ | 12 | 75 | 15 | 90 | 12 | 1 | 13 | തൃപ്തികരം | ഇല്ല | ഉണ്ട് |
| ഗവൺമെന്റ് ഹൈസ്കൂൾ | 19 | 268 | 272 | 540 | 112 | 78 | 190 | തൃപ്തികരം | ഉണ്ട് | ഉണ്ട് |
| ബി.എം.ജി.H.S | 25 | 337 | 468 | 805 | 43 | 63 | 106 | വളരെനല്ലത് | ഉണ്ട് | ഉണ്ട് |
| ഗവ: U.P.S കുളത്തൂപ്പുഴ | 35 | 660 | 653 | 1313 | 164 | 176 | 340 | തൃപ്തികരം | ഇല്ല | ഉണ്ട് |
| U.P.S ഏഴംകുളം | 20 | 275 | 325 | 600 | 82 | 64 | 146 | തൃപ്തികരം | ഇല്ല | ഉണ്ട് |
| G.W L.P.S | 3 | 39 | 45 | 84 | 26 | 15 | 41 | തൃപ്തികരം | ഇല്ല | ഉണ്ട് |
| ചോഴിയക്കോട് L.P.S | 6 | 148 | 117 | 265 | 53 | 43 | 96 | തൃപ്തികരം | ഉണ്ട് | ഉണ്ട് |
| E.S.M കോളനി L.P.S | 5 | 102 | 50 | 152 | 15 | 9 | 24 | തൃപ്തികരം | ഇല്ല | ഉണ്ട് |
| വില്ലുമല T L.P.S | 5 | 69 | 80 | 149 | 38 | 32 | 70 | തൃപ്തികരം | ഇല്ല | ഉണ്ട് |
| കടമാൻകോട് L.P.S | 4 | 47 | 47 | 94 | 30 | 35 | 65 | തൃപ്തികരം | ഉണ്ട് | ഉണ്ട് |
| ചെറികക്കാണി L.P.S | 3 | 53 | 37 | 90 | 50 | [illegible] | 81 | തൃപ്തികരം | ഉണ്ട് | ഉണ്ട് |
| S.M U.P.S കുളത്തൂപ്പുഴ | 14 | 200 | 165 | 365 | 16 | 10 | 26 | തൃപ്തികരം | ഉണ്ട് | ഉണ്ട് |
| റോസ്മല L.P.S | 3 | 60 | 68 | 128 | 22 | 18 | 40 | തൃപ്തികരം | ഇല്ല | ഉണ്ട് |
| W L.P.S കണ്ടൻചിറ | 4 | 71 | 62 | 133 | 8 | 13 | 21 | തൃപ്തികരം | ഉണ്ട് | ഉണ്ട് |
| കുവക്കാട് H.S | 17 | 140 | 108 | 246 | 26 | 20 | 46 | തൃപ്തികരം | ഉണ്ട് | ഉണ്ട് |

# കുടിവെള്ളവും പൊതുജനാരോഗ്യവും



ഒരു വ്യക്തി തന്റെ ജീവിത ചുറ്റുപാടുകളുമായി സന്തുലിതാവസ്ഥയിലെത്തുന്ന സ്ഥിതിയാണല്ലോ ആരോഗ്യം. ഈ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടുമ്പോഴാണ് ആരോഗ്യസ്ഥിതി നഷ്ടപ്പെടുന്നതും രോഗമുണ്ടാകുന്നതും. രോഗകാരണങ്ങൾ നിരവധി യായതിനാൽ രോഗനിവാരണ മാർഗ്ഗങ്ങളും വ്യത്യസ്ഥ മാണ്. ഏത് ആരോഗ്യ പ്രശ്നവും ഉടലെടുക്കുന്നത് പ്രധാനമായും മൂന്ന് ഘടകങ്ങൾ തമ്മിലുള്ള പ്രവർത്തന ഫലമായാണ്. രോഗഹേതു, രോഗത്തി നടിമയാകുന്ന വ്യക്തി, രോഗഹേതുവും വ്യക്തിയും നിലനിന്നുപോരുന്ന സാഹചര്യം എന്നിവയാണ്. ശാസ്ത്രീയമായ അറിവിന്റെ വെളിച്ചത്തിൽ ഈ മൂന്നു ഘടകങ്ങളിൽ സാരമായ വ്യത്യാസങ്ങൾ ഉണ്ടാ കുന്നതുവഴി രോഗങ്ങളുണ്ടാകുന്നത് നമുക്ക് ഫലപ്രദമായി തടയുവാൻ കഴിയും. സാംക്രമിക രോഗങ്ങൾ രോഗിയുടെ ശരീരത്തിൽ നിന്നും നേരിട്ടോ അല്ലാതയോ മറ്റൊരാളിലെത്തുന്നു. സാംക്രമിക രോഗങ്ങൾക്ക് കാരണം ബാക്ടീരിയ വൈറസ് എന്നീ രോഗാണുക്കളാണ്. ഇവ ഒഴിവാക്കുവാൻ അണു നശീകരണം വഴി വായു വെള്ളം, ഭക്ഷണപാനീയങ്ങൾ മുതലായവ സുരക്ഷിതമാക്കി തീർക്കാവുന്നതാണ്.

കുടിവെള്ളത്തിലൂടെ പകരുന്ന കോളറ, വയറുകടി മുതലായരോഗങ്ങൾ സന്നിപാതജ്വരം, പിള്ളവാതം, മഞ്ഞപ്പിത്തം മുതലായ രോഗങ്ങൾ ശുദ്ധജലത്തിന്റെ ഉപയോഗത്തിലൂടെ ഒഴിവാ ക്കാവുന്നതാണ്. വെള്ളം ശരിയായി തിളപ്പിച്ച് ഉപയോ ഗിച്ചാൽ രോഗാണുക്കളെ നശിപ്പിക്കുവാൻ കഴിയും. ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ മുതലായ രാസ വസ്തുക്കളും അണുനശീകരണത്തിന് ഉപയോഗിക്കാ വുന്നതാണ്.

ഗ്രാമപ്രദേശങ്ങളിൽ കിണറുകളിലെ വെള്ളമാണ് ഉപയോഗിക്കുന്നത്. കിണറുകളുടെ നിർമ്മാണവും, സംരക്ഷണവും പ്രാധാന്യമർഹിക്കുന്നു. വെള്ളം രോഗാണവിമുക്തമാകണമെങ്കിൽ കിണർ, മാലിന്യങ്ങളുടെ ഉറവിടങ്ങളിൽ നിന്നും അകലെ ആയിരിക്കണം. വിസർജ്യവസ്തുക്കളും അഴുകി ജീർണ്ണിച്ച മലിന വസ്തുക്കളും ഒഴുകിയെത്തി കിണർവെള്ളം മലിനപ്പെടാതെ നോക്കണം. തിളപ്പിച്ച് ആറിച്ചവെള്ളം കുടിക്കാൻ ഉപയോഗിക്കണം. സാനിറ്ററി കക്കൂസുകളുടെയും കിണറുകളുടെയും ഉപയോഗം രോഗങ്ങളെ ഒഴിവാക്കാൻ സഹായിക്കും.

കുടിവെള്ളത്തിന്റെ കാര്യത്തിലെന്നപോലെ തന്നെ ഭക്ഷണപാനീയങ്ങളുടെ കാര്യത്തിലും ശുചിത്വം പാലിക്കേണ്ടതാണ്. ഭക്ഷണവും മറ്റും വൃത്തിയായ സാഹചര്യങ്ങളിൽ വേണം പാകം ചെയ്യുവാനും സൂക്ഷിക്കുവാനും ചൂടോടെ ഉപയോഗിക്കുകയും വേണം.

### രോഗനിവാരണ മാർഗ്ഗങ്ങൾ

1 രോഗിക്ക് യഥാസമയം രോഗനിർണ്ണയം നടത്തി ഫലപ്രദമായ ചികിത്സ നൽകുക.

2 രോഗമില്ലാത്തവരിൽ നിന്ന് മാറ്റി പാർപ്പിച്ച് രോഗസംക്രമണം തടയാം.

3 രോഗത്തിനെതിരെ സംരക്ഷണം നൽകുക.

4 പോഷകാഹാരത്തിലൂടെയും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളിലൂടെയും ആരോഗ്യ നില ഉയർത്തുക.

5 പ്രത്യേക പ്രതിരോധ ചികിത്സകൾ ഏർപ്പെടുത്തുക.

6 സാർവത്രിക പ്രതിരോധ ചികിത്സാ പരിപാടി നടപ്പിലാക്കുക.

7 പരിസരം ശുചിത്വം ഉറപ്പുവരുത്തുക.

8 പരിസരശുചിത്വത്തോടൊപ്പം വ്യക്തി ശുചിത്വവും ഉറപ്പുവരുത്തുക.

9 മലിനജലം കെട്ടിക്കിടക്കാതെ ഒഴുക്കി കളയുക.

10 ചപ്പു ചവറുകൾ കംമ്പോസ്റ്റ് ആക്കുക.

കുളത്തൂപ്പുഴ പഞ്ചായത്തിലെ മുഖ്യ കുടിനീർ കേന്ദ്രം കിണറുകളാണ്. 82% വീടുകളിലും കിണറുകളുണ്ട്. 18% കുടുംബങ്ങൾ അയൽ വീടുകളിലെ കിണറുകളെയും പൈപ്പുകളെയും ആശ്രയിക്കുന്നു. പഞ്ചായത്തിൽ ഉടനീളം കടന്നുപോകുന്ന ജലസേചന പദ്ധതികളില്ല. ചെറുകരയിൽ ലോകബാങ്ക് പദ്ധതിപ്രകാരം അനുവദിച്ച വാട്ടർ സപ്ലൈസ്ക്കീം ഉണ്ട്. കുളത്തൂപ്പുഴ പഞ്ചായത്തിലെ മൈലമൂട് പ്രദേശത്ത് വാട്ടർ സപ്ലൈസ്ക്കീം ഉണ്ടെങ്കിലും പ്രയോജനം മറ്റു പഞ്ചായത്തുകളായ ചിതറ, കടക്കൽ, നിലമേൽ പഞ്ചായത്തുകൾക്കാണ് ലഭിക്കുന്നത്. കുളത്തൂപ്പുഴ പഞ്ചായത്തുകാർക്ക് കൂടി ഇതിന്റെ പ്രയോജനവും ജലസേചന സൗകര്യവും ലഭ്യമാക്കണം.

കുളത്തൂപ്പുഴ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രയോജനം വരത്തക്കരീതിയിൽ കല്ലടയാറ്റിൽ നിന്നും വെള്ളം പമ്പുചെയ്യുന്നതിന് വാട്ടർസപ്ലൈസ്ക്കീം ആരംഭിച്ചാൽ മുഴുവൻ വാർഡിലും വെള്ളം എത്തിക്കുവാനും ഭാവിയിൽ ഉണ്ടായേക്കാവുന്ന ജല ദൗർലഭ്യം പരിഹരിക്കുവാനും കഴിയും. പഞ്ചായത്തിലെ 75% വീടുകൾക്കും സ്വന്തമായി കക്കൂസുണ്ട്. കക്കൂസ് ഉപയോഗിക്കുന്നതിൽ 15% പേർ ബോധവാന്മാരല്ല. വീടും പരിസരവും വൃത്തിയാക്കുന്നതിലും മലിനജലം കൈകാര്യം ചെയ്യുന്നതിലും പ്രത്യേക ശ്രദ്ധ വേണം.

കുളത്തൂപ്പുഴയിൽ പ്രൈമറി ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇൻപേഷ്യന്റ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടവും ഡോക്ടർമാർക്കും സ്റ്റാഫുകൾക്കും താമസിക്കുന്നതിനു വേണ്ടിയുള്ള ക്വാർട്ടേഴ്സ് ഉണ്ട്. രണ്ട് ഡോക്ടർമാരാണ് ഇവിടെ ഉള്ളത്. മൂന്ന് സ്റ്റാഫ് നേഴ്സും ഫീൽഡ് വർക്കറന്മാരും പ്രവർത്തിക്കുന്നു. സബ് സെന്ററുകളും പ്രവർത്തിക്കുന്നു. 2 ആയുർവേദ ആശുപത്രികളും ഉണ്ട്. വില്ലുമലയിലും ചന്ദനക്കാവിലുമാണ് ഇവ പ്രവർത്തിക്കുന്നത്. പ്രൈമറി ഹെൽത്ത് സെന്റർ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജനപങ്കാളിത്തത്തോടെ നാട്ടുകാർ ബഡ്സുകളും മൈക്രോസ്ക്കോപ്പും വാങ്ങി ആശുപത്രിക്ക് നൽകിയിട്ടുണ്ട്. കുടുംബക്ഷേമ പരിപാടികൾക്ക് പ്രത്യേക പ്രോത്സാഹനവും, ശ്രദ്ധയും നൽകുന്നു. കുടുംബാരോഗ്യപരിപാടികളിൽ 47% ദമ്പതികളും സ്ഥിരമായ സന്താന നിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. കുട്ടികളുടെ എണ്ണം കുറയുന്നു. മരണനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് 5.1% ശിശുമരണ നിരക്കും കുറവാണ് 2.3% (ആരോഗ്യസർവ്വേ അനുബന്ധം ) ഇസ്നോഫീലിയ ഈ പ്രദേശത്ത് വ്യാപകമാണ്.

ഉൾമേഖലകളിൽ കഴിയുന്നവരിൽ ലെപ്രസി, ക്ഷയം എന്നിവയുണ്ട്. ആരോഗ്യ ബോധവൽക്കരണ പരിപാടികളിൽ മുൻകരുതൽ നടപടികൾ എടുക്കുന്നതിന്റെ ഫലമായി രോഗങ്ങൾ ഗണ്യമായി കുറയുന്നുണ്ട്.

പ്രശ്നങ്ങൾ

1. ജനസംഖ്യാനുപാതികമായി അർഹമായത്ര സബ്സെന്ററുകൾ അനുവദിക്കപ്പെട്ടിട്ടില്ല.

2 പ്രൈമറി ഹെൽത്തുസെന്ററിൽ ഡോക്ടർമാരുടെ എണ്ണം കുറവാണ്

3 സ്കൂൾ ആരോഗ്യപരിപാടികൾ കാര്യക്ഷമമല്ല.

4 നിലവിലുള്ള സബ് സെന്ററുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

5 ഓപ്പറേഷൻ തിയേറ്ററിന്റെ ഇല്ലായ്മ.

6. ശുദ്ധജല വിതരണ പദ്ധതിയുടെ അഭാവം.

7 കൊതുകു ശല്യം വ്യാപകമാണ്.

8 ആയുർവേദ ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല.

9 ഹോമിയോ ആശുപത്രികളുടെ കുറവ്.

10 ശുചിത്വ പരിപാടികൾ ഊർജ്ജിതമാക്കുക.

11 ക്ലോറിൻ വിതരണം.

12 അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യം.

13 ടൗണിലെ ഡ്രെയിനേജ് സംവിധാനത്തിന്റെ അപര്യാപ്തത.

14 ചപ്പു ചവറുകൾ ഫലപ്രദമായി ഉപയോഗിക്കുക.

15 ആരോഗ്യ ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമാക്കണം.

16 പ്രതിരോധകുത്തിവെയ്പുകൾ സാർവത്രികമാകുക.

17 കുടുംബക്ഷേമപ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുക.

18 ജനസംഖ്യാ വിദ്യാഭ്യാസം പ്രചരിപ്പിക്കണം.

19 മദ്യം, പുകവലി എന്നിവയ്ക്കെതിരെ ബോധ വൽക്കരണം.

20 ക്യാൻസർ, എയ്ഡ്സ് എന്നീ മാരകരോഗങ്ങൾ ക്കെതിരെ ഊർജ്ജിത പ്രചാരണത്തിന്റെ അഭാവം.

മദ്യപാനവും,പുകവലിയും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ശ്വാസകോ ശാർബ്ബുദ രോഗികളിൽ 80% പുകവലിക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മദ്യപാനം ശാരീരിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും കുടുംബഭദ്രത തകർക്കുകയും ചെയ്യുന്നു. ഇവയ്ക്കെതിരെ ശക്തമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. നിയമം മൂലം നിരോധിക്കുന്നതിലുപരി ജനങ്ങളിൽ അവബോധവും, നിശ്ചയദാർഢ്യവും വളർത്തണം.

ശരീരത്തിന്റെ രോഗപ്രതിരോധ ശക്തി ബലഹീനമാക്കുന്നത് മൂലമുണ്ടാകുന്ന മാരക രോഗങ്ങളുടെ ഭീഷണി വർദ്ധിച്ചിരിക്കുന്നു. ഇവയ്ക്കെതിരെ ഫലപ്രദമായി പ്രവർത്തിക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കുവാനും നമക്കു കഴിയണം.

**സ്വകാര്യാശുപത്രികൾ**

കുളത്തൂപ്പുഴ പഞ്ചായത്തിൽ 4 സ്വകാര്യ ആശുപത്രികളുണ്ട്. സ്വകാര്യ ലബോറട്ടറികൾ 3 എണ്ണം ഉണ്ട്. ഒരു പ്രൈവറ്റ് എക്സറേ യൂണിറ്റുണ്ട്.അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെയുള്ള ആശുപത്രികൾ പഞ്ചായത്തിൽ നിലവിലില്ല. ഇതിനാൽ രോഗികൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

ആംബുലൻസിന്റെ അഭാവവും പഞ്ചായത്തിലുണ്ട്. പഞ്ചായത്ത് സമിതി മുൻകൈ എടുത്ത് ആംബുലൻസ് വാങ്ങിയാൽ പ്രയോജനപ്രദവും ഉപകാരപ്രദവുമാണ്.

**ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ**

1 കുളത്തൂപ്പുഴ ഗവ: ആശുപത്രി മാതൃകാ പി.എച്ച്.സി പദവിയിലേക്ക് ഉയർത്തണം.

2 കുളത്തൂപ്പുഴ ടൗണിൽ പൊതു കക്കൂസുകൾ നിർമ്മിക്കുക.

3 ശുചിത്വപരിപാലനം ഊർജ്ജിതപ്പെടുത്തണം.

4 ഡാലി- L.P.S ന് കിണർ അനുവദിക്കണം.

5 മൈലമൂട് സ്ഥാപിച്ചിട്ടുള്ള വാട്ടർ സപ്ലൈസ്ക്കീമിൽ നിന്നും മൈലമൂട് -ചോഴിയക്കോട് നിവാസികൾക്ക് ശുദ്ധജലം അനുവദിക്കുക.

6 മുക്കാൽ സെന്റ്, 4 സെന്റ് പ്രദേശത്തെ മുഴുവൻവീട്ടുകാർക്കും കക്കൂസ് അനുവദിക്കുക.

7 ചോഴിയക്കോട് പ്രൈമറി ഹെൽത്ത് സബ് സെന്ററിൽ ആഴ്ചയിൽ 3 ദിവസം ഡോക്ടർ വരുവാൻ ഏർപ്പാടുണ്ടാക്കുക.

8 പൂമ്പാറയിൽ പൊതുകിണർ അനുവദിക്കുക

9 E.S.M കോളനിയിൽ പൊതു മൂത്രപ്പുര അനുവദിക്കുക.

10 വടക്കേ ചെറുകരയിൽ വാട്ടർ ടാങ്കുകൾ സ്ഥാപിച്ച് വെള്ളം എത്തിക്കുക.

11 പണയിൽ, പാറവിളക്കോണം എന്നീപ്രദേശങ്ങളിൽ പൊതുകിണർ അനുവദിക്കണം.

12 വടക്കേ ചെറുകരയിലെ വീടുകൾക്ക് കക്കൂസ് അനുവദിക്കുക.

13 ചോഴിയക്കോട് ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണം.

14 റോസ്മല വൈദ്യർകുന്നിൽ കുളം കുഴിച്ച് വാട്ടർ സപ്ലൈസ്ക്കീം ആരംഭിച്ചാൽ റോസ്മലയിലെ മുഴുവൻ വീടുകൾക്കും ശുദ്ധജലം എത്തിക്കുവാൻ കഴിയും

15 കടമാൻകോട് പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കണം.

16 കുളത്തൂപ്പുഴ P.H.C യിലേക്ക് ആവശ്യമായ ഡോക്ടർമാരെ നിയമിക്കുക.

17 ഡാലിയിൽ P.h സബ് സെന്റർ അനുവദിക്കുക.

18 കുട്ടികൾക്കുള്ള പ്രതിരോധകുത്തി വെയ്പുകൾ നടത്തുക.

19 ചെമ്പനഴികം ഡീസന്റ്മുക്ക്, 50 ഏക്കർ എന്നീ സ്ഥലങ്ങളിൽ പൊതുകിണർ സ്ഥാപിക്കുക.

20 റോസ്മല P.H സബ്സെന്ററിൽ ഡോക്ടറെ ആഴ്ചയിൽ 3 ദിവസം വരുത്തുവാനുള്ള നടപടി സ്വീകരിക്കണം.

21 ശുചിത്വ പരിപാലനത്തിന്, ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുക.

22 കുളത്തൂപ്പുഴ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉള്ളവർക്ക് പ്രയോജനപ്രദമായി ചന്ദനക്കാവിൽ സ്ഥിതിചെയ്യുന്ന ആയുർവ്വേദ ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കുക.

23 ആദിവാസി മേഖലകളിൽ ചികിത്സാസൗകര്യങ്ങൾക്കുവേണ്ടി മൊബൈൽ സൗകര്യം ഏർപ്പെടുത്തി എങ്കിലും പ്രവർത്തനം ഫലപ്രദമല്ല. ഉൾവനങ്ങളിൽ കഴിയുന്ന ആദിവാസികൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ മൊബൈൽ ചികിത്സ കാര്യക്ഷമമാക്കണം.

24 കുളത്തൂപ്പുഴ P.H.C യിൽ 50 ബഡ്ഡുകളും ആതിനാവശ്യമായ കെട്ടിടങ്ങളും 4 ഡോക്ടർമാരേയും നിയമിച്ച് മാതൃകാ P.H സെന്ററായി ഉയർത്തുക.



# വ്യവസായം



ഏതൊരു രാജ്യത്തിന്റെയും വികസനം ഏറിയപങ്കും വ്യവസായത്തെ ആസ്പദമാക്കിയാണ്. ചരിത്രം പരിശോധിച്ചാൽ വികസിത രാജ്യങ്ങളായ അമേരിക്ക, ജപ്പാൻ തുടങ്ങിയവ വ്യവസായികമായാണ് ഉയർച്ച നേടിയത് എന്നു കാണാം. ഇന്ത്യയെ സംബന്ധിച്ചിടത്തോളം വ്യവസായികമായി വളരെയോറെ മുന്നേറിയിട്ടില്ല. കാർഷിക രാജ്യമായ ഇന്ത്യ കാർഷിക മേഖലയിൽ അധിഷ്ഠിതമായ വ്യവസായ മുന്നേറ്റം നടത്തേണ്ടിയിരിക്കുന്നു.

കേരളവും വ്യവസായികമായി പിന്നോക്കാവസ്ഥയിലാണ്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നില്ല എന്നുമാത്രമല്ല ഉള്ളവ തന്നെ പ്രതിസന്ധിയിലാണ്. സ്ഥലത്തിന്റെ ലഭ്യതക്കുറവ്, സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ അഭാവം, ഊർജ്ജ പ്രതിസന്ധി, മൂലധന നിക്ഷേപങ്ങളുടെ കുറവ്, തൊഴിലാളികളുടെ കാര്യക്ഷമതയില്ലായ്മ എന്നിവയാണ് കാരണങ്ങൾ. ഇവ പരിഹരിക്കുന്നതിന് വ്യവസായിക രംഗത്ത് ദീർഘവീക്ഷണത്തോടെ കൂട്ടായ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

തൊഴിൽ മേഖല പരിശോധിച്ചാൽ കുളത്തൂപ്പുഴ അഭിമാനകരമാണ്. എന്നാൽ വ്യവസായിക സ്ഥാപനങ്ങളുടെ സ്ഥിതി പരിശോധിച്ചാൽ പരിതാപകരമാണ്. 700ഓളം തൊഴിലാളികൾ തടിലോഡിംങ്ങിൽ പണിപെയ്യുന്നു. 500ഓളം തൊഴിലാളികൾ വനമേഖലയുമായി ബന്ധപ്പെട്ടു പണിയെടുക്കുന്നു. ശ്രീലങ്കക്കാരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, K.L.D ബോർഡ്, ഓയിൽപാം ഇന്ത്യാ ലിമിറ്റഡ് എന്നിവയാണ് ഫാക്ടറികൾ. ഓയിൽ ഫാമിൽ 200റോളം തൊഴിലാളികൾ പണിയെടുക്കുന്നു. പരമ്പരാഗത കൈത്തൊഴിൽ മേഖലകളിൽ 150 പേർ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. വനിതാ പട്ടികവർഗ്ഗ നെയ്ത്തുസംഘം പ്രവർത്തിക്കുന്നുണ്ട്. 20 പട്ടികവർഗ്ഗ യുവതികൾ നെയ്ത്തിൽ ഏർപ്പെടുന്നു.

വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിപുലമായ സാധ്യതകളാണ് കുളത്തൂപ്പുഴയിലുള്ളത്. വിദഗ്ദതൊഴിലാളികളുടെ അഭാവവും ദീർഘവീക്ഷണമില്ലായ്മയും ആയിരുന്നു വ്യവസായങ്ങൾ ആരംഭിക്കാതിരുന്നത്. പ്രകൃതിയും മണ്ണും വിഭവങ്ങളും ധാരളമുള്ള ഈ പഞ്ചായത്ത് വ്യവസായിക പഞ്ചായത്ത് ആയി ഉയർത്തുവാൻ ശ്രമം വേണ്ടിയിരിക്കുന്നു.

സ്വയം തൊഴിൽ സംരഭമെന്ന നിലയിൽ വനിതകൾ നടത്തുന്ന റൈസ്മില്ല് കടമാൻകോടും ക്ഷീരോൽപന്ന യൂണിറ്റ് മഠത്തിൽകോണത്തും പ്രവർത്തിക്കുന്നു.

അനുദിനം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് പരിഹാരം കാണുവാനും സംഘടിത മേഖലയിൽ സ്ഥായിയായ തൊഴിൽ ലഭിക്കുന്നതിനും വേണ്ടി നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക ജ്ഞാനം

അസംസ്കൃത പദാർത്ഥങ്ങളുടെയും വസ്തുക്കളുടെയും ആവശ്യമായ യന്ത്രസാമഗ്രികളുടെയും ലഭ്യത ബാങ്കുകളിൽ നിന്നും വായ്പ വിപണന സൗകര്യങ്ങൾ വ്യവസായ വികസനത്തെകുറിച്ചു വാർഡ്തലത്തിൽ സെമിനാർ,സിംപോസിയങ്ങൾ വർക്ക്ഷോപ്പുകൾ എന്നിവ നടത്തുന്നു.

കൊല്ലം ജില്ലയിൽ ഇദംപ്രദമായി ആരംഭിച്ച ആസൂത്രിത സ്വയംതൊഴിൽ പദ്ധതിയുടെ മാതൃകയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്കുവേണ്ടി ഗ്രാമ പഞ്ചായത്ത് മുൻകൈ എടുത്ത് വിവിധ ഏജൻസികൾ,ബാങ്കുകൾ എന്നിവയുടെ സഹകരണത്തോടെ സ്പെഷ്യൽ എംപ്ലോയിമെന്റ് പരിപാടി ആരംഭിക്കുന്നു. ഓരോ വാർഡിന്റെയും സാധ്യതകളും പരിമിതികളും വിലയിരുത്തി സാധ്യമായ തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**തൊഴിലധിഷ്ഠിത കോഴ്സുകൾ**

തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്കുവേണ്ടി തൊഴിൽ പരിശീലന കോഴ്സുകളായ കംപ്യൂട്ടർ സയൻസ്, കൊമേഴ്സ്, ടൂറിസം, അകൗണ്ടൻസി & ആഡിറ്റിംഗ്, തേനീച്ച വളർത്തൽ, കൂൺകൃഷി, ടിഷ്യൂ കൾച്ചർ എന്നിവ ആരംഭിക്കുന്നതാണ്. ഇതിനു വേണ്ടി സ്റ്റേറ്റ് റിസോഴ്സ് സെന്റർ, CACEE, ഡയറ്റ്, കൃഷി വിജ്ഞാന കേന്ദ്രം, ശ്രമിക് വിദ്യാപീഠ് എന്നിവയുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്.

**പ്രശ്നങ്ങൾ**

1 വൈദ്യുതിയുടെ ലഭ്യതക്കുറവ്.

2 വിദഗ്ദ തൊഴിലാളികളുടെ അപര്യാപ്തത.

3 വ്യവസായ സംരംഭകർക്ക് ലൈസൻസ് ലഭിക്കുന്നതിന് കാലതാമസം.

4 വാണിജ്യ ബാങ്കുകൾ വ്യവസായ സംരംഭകരോട് സഹകരണക്കുറവ്.

5 തൊഴിൽ പരിശീലനത്തിന്റെ അഭാവം.

6 ഗ്രാമ തലങ്ങളിൽ വ്യവസായ അവബോധത്തിന്റെ കുറവ്.

7 സന്നദ്ധസംഘടന പ്രാധിനിത്യക്കുറവ്.

8 ക്ഷേമ പദ്ധതികളുടെ ഉപഭോക്താക്കളെ കണ്ടെത്താൻ പ്രോത്സാഹനക്കുറവ്.

9 വ്യവസായ ഗൈഡൻസ് സെന്ററിന്റെ അഭാവം.

10 ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ അഭാവം.

11 സുലഭമായ അസംസ്കൃത പദാർത്ഥങ്ങൾ പ്രയോജനപ്രദമായി ഉപയോഗിക്കുന്നില്ല.

**ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങൾ**

1 ഏഴംകുളം, കല്ലുവെട്ടാംകുഴി, നെടുമണ്ണൂർകടവ്, ഡാലി എന്നിവിടങ്ങളിൽ ക്രഷർയൂണിറ്റുകൾ ആരംഭിക്കണം

2 ടെമ്പിൾ വാർഡ്,സാംനഗർ ചോഴിയക്കോട് എന്നിവിടങ്ങളിൽ കരകൗശലവസ്തുക്കൾ, ഫർണ്ണിച്ചർ നിർമ്മാണം, തടികടച്ചിൽ, എംപ്രോയിഡറി, റെഡിമെയഡ് ഗാർമെന്റ് യൂണിറ്റ് എന്നിവ ആരംഭിക്കണം.

3 മാത്തിൽക്കോണം I.H.D.P കോളനി, ഡാലി, മൈലമൂട്എക്സ്സർവ്വീസ് എന്നിവിടങ്ങളിൽ തീപ്പെട്ടി മെഴുകുതിരി, ചന്ദനത്തിരി, കർപ്പൂരം എന്നി യൂണിറ്റുകൾ ആരംഭിക്കണം.

4 ഖാദി ബോർഡിന്റെ സഹായത്തോടെ നെടുമണ്ണൂർകടവ്,റോസുമല,ചെറുകരകാണി, വില്ലുമല,കടമാൻകോട് എന്നീ ആദിവാസികോളനികളിൽ ഈറ,മുള,ചൂരൽ,തഴപ്പായ് എന്നിവകൊണ്ടുള്ള ചെറുകിട കുടിൽ വ്യവസായങ്ങളും വനഉൽപ്പന്നങ്ങളിൽ നിന്നും വാർണീഷ് ഉണ്ടാക്കുന്ന യൂണിറ്റും ആരംഭിക്കണം.

5 ദുർബല വിഭാഗങ്ങൾക്കുവേണ്ടി ചെറുകര, വടക്കേചെറുകര, വില്ലുമല എന്നിവിടങ്ങളിൽ അഗ്രോസർവ്വീസ് സെന്ററായും വർക്ക് ഷെഡ്ഡുകളായും പണിതുവെറുതെകിടക്കുന്ന കെട്ടിടങ്ങളിൽ സോപ്പ്, ചന്ദനത്തിരി, ലോഷൻ, ചോക്ക് എന്നിവ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം

6 ഏഴംകുളം, ചന്ദ്രക്കാവ്, റൗൺ എന്നിവിടങ്ങളിൽ റബ്ബർ ഉൽപ്പന്ന നിർമ്മാണയൂണിറ്റുകൾ

ആരംഭിക്കുക.

7 തൊഴിൽ രഹിതരായ വനിതകൾക്കുവേണ്ടി. സാംനഗർ, ആശാരിക്കോണം, കട്ടിളപ്പാറ, മൈലമൂട്, 50ഏക്കർ, കല്ലുവെട്ടാംകുഴി, ബിഡിക്കുന്ന്, കൂവക്കാട്, I.C കോളനി എന്നിവിടങ്ങളിൽ എംബ്രോയിഡറി, റെഡിമെയ്ഡ്ഗാർമെന്റ്സ് എന്നിവയും വനിത നെയ്ത്തു സഹകരണസംഘവും ആരംഭിക്കണം.

8 ഏഴംകുളം,റോസ്മല,ചെറുകര എന്നിവിടങ്ങളിൽ മലഞ്ചരക്ക് ശേഖരിക്കുന്നതിനുള്ള ഗോഡൗൺ നിർമ്മിക്കുകയും രണ്ടാംമൈലിൽ പ്രവർത്തിക്കുന്ന ഗോഡൗണിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

9 മടത്തിൽകോണത്ത് പ്രവർത്തിക്കുന്ന ക്ഷീരവികസനയൂണിറ്റിനും കടമാൻകോട് പ്രവർത്തിക്കുന്ന D.W.C.R.A യൂണിറ്റിനും ധനസഹായം നൽകി വിപുലീകരിക്കണം.

10 വില്ലുമല, 50 ഏക്കർ എന്നിവിടങ്ങളിൽ ഇഷ്ടിക നിർമ്മാണ യൂണിറ്റും പെരുവഴിക്കാല, ഡാലി, റോസുമല, ചോഴിയക്കോട് എന്നിവിടങ്ങളിൽ ഗോട്ടുഫാമും ഡയറിഫാം യീണിറ്റും ആരംഭിക്കണം. കൂടാതെ മിനറൽ വാട്ടർ യൂണിറ്റ് കോൺക്രീറ്റുഫ്രെയിമുകൾ, ഷട്ടറുകൾ ഇലക്ട്രോണിക്ക്ചോക്ക് നിർമ്മാണം. കൊപ്രയാട്ടു മിൽ, ടി.വി. റേഡിയോ റിപ്പയറിംഗ് എന്നിവയും ആരംഭിക്കാവുന്നതാണ്.

11. എക്സ് സർവ്വീസ്, കല്ലുവെട്ടാം കുഴി 50 ഏക്കർ എന്നിവിടങ്ങളിലായി വേസ്റ്റ് പേപ്പർ, ഈറ, മുള ഇവ ഉപയോഗിച്ച് പേപ്പർ, നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

12. ഏഴംകുളം ,ഡാലി, ആറ്റിനക്കര എന്നിവിടങ്ങളിൽ ഹോളോബ്രിക്സ് യൂണിറ്റ് ആരംഭിക്കണം.

13. ഠൗൺ വാർഡിലും ചോഴിയക്കോടും പ്ലൈവുഡ് ഫാക്ടറി ആരംഭിക്കണം.



# ഗതാഗതവും റോഡുകളും




കുളത്തൂപ്പുഴ പഞ്ചായത്തിൽ മെച്ചപ്പെട്ട റോഡുകളുടെ ശൃംഖല തന്നെയുണ്ട്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ എണ്ണം 104 ആണ്. റോഡുകളുടെ നീളം 165 കി.മീആണ്. ഇതിൽ 63 കി.മീ ടാർ ചെയ്തിട്ടുള്ളതും 102 കി.മീ ഗ്രാമീണ റോഡുകളുമാണ്.

കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് 18.98 കി.മീ നീളത്തിൽ റോഡു സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ കാലയളവിൽ 46.75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ജനങ്ങളുടെ നിരന്തരാവിശ്യത്തെത്തുടർന്ന് പഞ്ചായത്തു കമ്മറ്റി ജനപങ്കാളിത്തത്തോടെ K.S.R.T.C ബസ്സ് ഡിപ്പോ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തു കമ്മറ്റിയും രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ സംഘടനകളും ചേർന്നുള്ള വികസന കമ്മറ്റിയും സംയുക്തമായി പ്രവർത്തിച്ചതിന്റെ ഫലമാണ് ഡിപ്പോ ആരംഭിച്ചത്. കൂട്ടായ പ്രവർത്തനങ്ങളുടെ വിജയം കൂടിയാണ്. 11 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് വിലക്കുവാങ്ങിയ രണ്ടു ഏക്കർ ഭൂമിയും സ്ഥലഉടമ എം.എം.ബഷീർ സൗജന്യമായി നൽകിയ അഞ്ചു സെന്റും സംഭാവനയായി സ്വീകരിച്ച മുന്നേകാൽ ലക്ഷം രൂപാ കൊടുത്തു വാങ്ങിയ 4 സെന്റു ഭൂമിയും 40 സെന്റു പുറംപോക്കും ഉൾപ്പെടെ 2 ഏക്കർ 86 സെന്റ് സ്ഥലത്ത് 12 ലക്ഷം രൂപാ ചെലവിൽ മണ്ണു ഫില്ലിംഗും കലുങ്കും ഭിത്തികളും കെട്ടുകയും ശ്രീ. കൊടുക്കുന്നിൽ സുരേഷ് എം.പി.യുടെ M.P'S-L.A.D സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച 200000 രൂപായും ചെലവിൽ പഞ്ചായത്തു ഫണ്ട് ഉപയോഗിച്ച് വെയിറ്റിംഗ് ഷെഡും, മൂത്രപ്പുരയും,ഒരു വർക്കുഷോപ്പു കെട്ടിടവും നിർമ്മിച്ചു. കുളത്തൂപ്പുഴയുടെ ഭാവി വികസനത്തിന് പ്രചോദനമാകുന്ന ഈ ഡിപ്പോയുടെ ഉദ്ഘാടനം കഴിഞ്ഞു. സ്റ്റേഷൻ മാസ്റ്റർ ആഫീസ് ആരംഭിക്കുകയും ബസ്സുകൾ വരികയും പോകുകയും ചെയ്യുന്നുണ്ട്. ഈ ഡിപ്പോയിൽ നിന്നും അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കാവുന്നതാണ്. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിച്ചാൽ ലാഭകരവും ഈ പ്രദേശത്തിന്റെ വികസനവും സാധ്യമാകുന്നതാണ്. ഇവയോടൊപ്പം വർക്ക് ഷോപ്പ്, ഡീസൽ പമ്പ്, ആവശ്യമായ കെട്ടിടം, സ്റ്റാഫ് എന്നിവ അനുവദിച്ച് കുളത്തൂപ്പുഴ ഡിപ്പോ വിപുലമാക്കണം.

റെയിൽവേ സൗകര്യങ്ങൾ കുളത്തൂപ്പുഴയിൽ ഇല്ല. റബ്ബർ, കാപ്പി, ഏലം,കുരുമുളക് തുടങ്ങി നാണ്യവിളകളുടെ നാടായ കുളത്തൂപ്പുഴയുടെ വികസനത്തിന് റെയിൽവേ സൗകര്യങ്ങൾ ആവശ്യമാണ് ഇതിനായി ശബരി റെയിൽവേ പുനലൂരിൽ നിന്നും കുളത്തൂപ്പുഴ വഴി തിരുവനന്തപുരത്തേക്ക് നീട്ടുകയും ചെങ്കോട്ട തെന്മല ലൈൻ കുളത്തൂപ്പുഴ വഴി നെടുമങ്ങാട് തിരുവനന്തപുരം വരെ നീട്ടാവുന്നതുമാണ്.

ഗ്രാമസഭയിലെ ആവശ്യങ്ങൾ

1. ഭാരതീപുരം - വെള്ളില റോഡ്, ഏഴംകുളം ശാസ്താജംഗഷനിൽ നിന്നും തെക്കോട്ടുള്ള റോഡ്, കളിയ്ക്കൽ പടിക്കൽ- കൊച്ചാഞ്ഞിലിമൂട് റോഡ്, പാലവളവുവരെയുള്ള എ.കെ റോഡ് എന്നീ റോഡുകളിൽ ആവശ്യസ്ഥലങ്ങളിൽ ഓടകൾ കെട്ടി സൈഡുകൾ കെട്ടുകയും വേണം.

2. ഭാരതീപുരത്തു നിന്നും ഓയിൽപാം വിളക്കുപാറ വഴി ഇടമൺ 34 ലേക്ക് ബസ്സ് സർവ്വീസ് ആരംഭിക്കണം.

3. പൊരിയൽ മുക്കുമുതൽ വട്ടക്കരിക്കം വരെയുള്ള റോഡിന്റെ നിർമ്മാണം വളരെയധികം പ്രയോജനപ്രദമാണ്.

4. നെല്ലിമൂട് - കാഞ്ഞിരോട്ടുകുന്ന് റോഡ്, സാംനഗർ കാഞ്ഞിരോട്ടുകുന്നുവഴി ഗവൺമെന്റ് H.S ജംഗഷൻ റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം.

5. ആനക്കുഴിയിലേക്ക് കുളത്തൂപ്പുഴ വഴി വരുന്ന ബസ്സ് സർവ്വീസുകൾ വർദ്ധിപ്പിക്കണം.

6. ഡിപ്പോ ജംഗഷനിൽ നിന്ന് കുമരംകരിക്കം റോഡ് ഓട- സൈഡുവാൾ എന്നിവ കെട്ടണം, ലക്ഷം വീട്- കുമരം കരിക്കം റോഡ് ടാർ ചെയ്യണം. കാഞ്ഞിരോട്ട് കുന്നുറോഡ്, H.S ജംഗഷൻ 38-ാം മൈൽറോഡ്, കല്ലുവെട്ടാം കുഴി-തേക്കുപറമ്പുറോഡ്, ഡിപ്പോ മുതൽ J.T.S വഴി പോലീസ് കോട്ടേഴ്സ് വഴി റാക്കൂട് കടവ് റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം. കുമരംകരിക്കം ഏലായിൽ നിന്നും കാഞ്ഞിരോട്ടുകുന്ന് റോഡ് ടാർ ചെയ്ത് സഞ്ചാരപ്രദമാക്കണം.

7. മൈലം മൂട് ലക്ഷംവീട് കോളനി തെക്കോട്ട് T.S ലേക്കുള്ള റോഡ് കല്ലുവെട്ടാംകുഴി H.S വഴി മുക്കാൽ സെന്റിലേക്കുള്ള റോഡ്, A.T.K.M ജംഗഷൻ വഴി നാലുസെന്റ് കോളനിയിലേക്കുള്ള റോഡ്, മൈലംമൂട്- മർത്തോമ പള്ളി വഴി കണ്ടംചിററോഡ്, മൈലമൂട- യൂക്കാലി പ്ലാന്റേഷൻറോഡ് എന്നിവ പുനരുദ്ധരിക്കുകയും ഡാലി കരിക്കത്തിൽ പണി നിർത്തിവെച്ചിരിക്കുന്ന പാലം പണിപൂർത്തീകരിക്കുകയും വേണം.

8. ചോഴിയക്കോട്- കൈപ്പത്തികുന്നു റോഡ്, മിൽ പാലംറോഡ്, ചോഴിയക്കോട്- കല്ലുക്കുഴി റോഡ്, ഓന്തു പച്ച ബീഡികുന്ന് റോഡ്, ചോഴിയക്കോട്- ആനക്കുളം റോഡ് എന്നിവ സഞ്ചാര യോഗ്യമാക്കണം.

9. ആര്യങ്കാവ്- റോസുമല റോഡ്, റോസുമല- ഹാജിയാർകുഴി റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം.

10. അമ്പതേക്കർ- വില്ലുമല റോഡ്, വില്ലുമല- രണ്ടാം മൈൽ- പെരുവഴിക്കാല റോഡ്, അമ്പതേക്കർ- പേരാൻകോവിൽ റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം.

11. അമ്പലക്കടവ്- അമ്പതേക്കർ റോഡ് റീ ടാറിംഗ് നടത്തണം.

12. ഡീസന്റ് മുക്ക്- ശേന്തുരുണി എസ്റ്റേറ്റു റോഡ്, ഉരിയരികുന്ന്- അമ്പലക്കടവ് റോഡ് പാലയ്ക്കൽ കടവ്- ഉരിയരിക്കുന്നുറോഡ്, റാക്കൂട് കടവ്- ചണ്ണമലറോഡ് എന്നിവ സഞ്ചാര യോഗ്യമാക്കണം.

13. പഞ്ചായത്തു പടിക്കൽ നിന്നും കാസിംപിള്ള കരിക്കം വഴി ഗണപതിഅമ്പലം കുഴിവിള കരിക്കം റോഡിലേക്കുള്ള വഴി സഞ്ചാര യോഗ്യമാക്കുക.

14. T.B പടിക്കൽ നിന്നും നെല്ലിമൂട്ടിലേക്കുള്ള റോഡ് കോൺക്രീറ്റു ചെയ്യണം.

15. ഗവൺമെന്റ് U.P.S, പതിനാറേക്കർ വഴി മരുതിമൂട റോഡ് സഞ്ചാര യോഗ്യമാക്കുക. അയ്യപ്പൻപിള്ള വളവ് R.P .L വഴി മാത്തിക്കോണം റോഡ് പുതിയതായി നിർമ്മിക്കണം.

16. അയ്യൻപിള്ള വളവ് - മെഡിസിൻ പ്ലാന്റേഷൻ വഴി മരുതിമൂട റോഡ് സഞ്ചാര്യയോഗ്യമാക്കുക. അയ്യൻപിള്ള വളവ്- സിലോൺമുക്ക് വഴി മാർത്തോമ്മ പള്ളി റോഡ് മെറ്റലിങ്ങ് നടത്തി സഞ്ചാരയോഗ്യമാക്കണം.

17. നെടുമണ്ണൂർ കടവ്- കട്ടിളപ്പാററോഡ്, പതിനഞ്ച്ഏക്കർ ചെക്ക്പോസ്റ്റ് റോഡ്, E.S.M കോളനി - പൂമ്പാറ- നെടുമണ്ണൂർകടവ്റോഡ്, E.S.M കോളനി വെങ്കിട്ടമൂട് ചതുപ്പുറോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം.

18. ചന്ദനക്കാവ് -ചെറുകരറോഡ്, ചെറുകര- കല്ലുപച്ച റോഡ്, തിങ്കൾകരിക്കം താഴെ ജംഗഷൻ മുതൽ ചെറുകര L.P.S റോഡ്, മഠത്തിൽ പുരയിടം- വടക്കേ ചെറുകര- ചെറുകരറോഡ് സഞ്ചാര യോഗ്യമാക്കുക.

19. ശാലേം മർത്തോമാപള്ളി - ആനന്ദവിലാസം വഴി മൂന്ന്സെന്റ് കോളനിറോഡ്, വിലിയേല, നാലുസെന്റ് റോഡ്, അയ്യൻപിള്ള വളവ്- സിലോൺമുക്ക് റോഡ്, തീപ്പെട്ടി ആഫീസ്, ചിരക്കരോട്റോഡ്, സിലോൺമുക്ക്- കൈതക്കാടുറോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം.

20. കടമാൻകോട് - പുനലൂർ ബസ്സ് സർവ്വീസ്
സാം നഗർ - പുനലൂർ
50 ഏക്കർ - പുനലൂർ
കട്ടിളപ്പാറ- പുനലൂർ
അഭയഗിരി - പുനലൂർ
കടമാൻകോട്- കൊട്ടാരക്കര
ചോഴിയക്കോട്- പെരുങ്ങമല

എന്നീ ബസ്സ് സർവ്വീസുകൾ മുടങ്ങാതെ സർവ്വീസ് നടത്തുകയും കുളത്തൂപ്പുഴ ഡിപ്പോയിൽ നിന്ന് ആരംഭിച്ച് ചോഴിയക്കോട് വഴി തിരുവനന്തപുരം വിമാനത്താവളം സാംനഗർവഴി കൊല്ലം 50 ഏക്കർ വഴി നെടുമങ്ങാട് എക്സ് സർവ്വീസ് വഴി കൊട്ടാരക്കര. കല്ലുവെട്ടാംകുഴി വഴി പുനലൂർ ഡാലി വഴി വർക്കല എത്തി കടമാൻകോട് കൊല്ലം എന്നീ സർവ്വീസുകൾ പുതുതായി അനുവദിക്കുകയും വേണം.

21. ചന്ദനക്കാവ് ചെറുകര മിച്ചഭൂമി റോഡ് പച്ചയിൽക്കട- ആനക്കുഴി, പച്ചയിൽക്കട- വട്ടക്കരിക്കം റോഡ് സഞ്ചാരയോഗ്യമാക്കണം.

22. കൈതക്കാട്- നെല്ലിമൂട്റോഡ് ടാർ ചെയ്യണം.

23. A.K റോഡിൽ കളിക്കൽ പടിക്കൽ റോഡ് ടാർ ചെയ്യണം.

24 അടിമുക്ക്- സാംനഗർ റോഡ് ടാർ ചെയ്യണം.

25. കളിക്കൽ പടിക്കൽ നിന്നും സാം നഗറിലേക്കുള്ള റോഡ്, ഇൻഡ്രസ്പടിക്കൽ വട്ടക്കരിക്കം ഏലാ റോഡ്, ആനക്കുഴി വട്ടക്കരിക്കം റോഡ് എന്നിവ നന്നാക്കുക.

26. 50 ഏക്കർ- ചെമ്പനഴികംറോഡ് ഗതാഗത യോഗ്യമാക്കുക.

☺



# ഊർജ്ജം



നമ്മുടെ സംസ്ഥാനമായ കേരളം അതിരൂക്ഷമായ വൈദ്യുതിപ്രതിസന്ധിയിലാണ്. ഗാർഹിക വ്യവസായ മേഖലകളിൽ വൈദ്യുതിയുടെ ആവശ്യം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു എന്നാൽ വൈദ്യുതി ഉൽപ്പാദനം കുറഞ്ഞുവരികയും ചെയ്യുന്നു. ഈപ്രതിസന്ധി പരിഹരിക്കുവാൻ ശാസ്ത്രീയവും യാഥാർത്ഥ്യവുമായ പദ്ധതികൾ അടിയന്തിരമായി . നടപ്പിലാക്കേണ്ടിയിരിക്കുന്നു.

**കേരളത്തിന്റെ വൈദ്യുതി പ്രശ്നങ്ങൾ ഒറ്റനോട്ടത്തിൽ**

| | | |
|---|---|---|
| കേരളത്തിലെ 1996-97 | | |
| വൈദ്യുതി ആവശ്യം | 10816 | ദശലക്ഷം യൂണിറ്റ്. |
| ഉല്പാദനം | 6844 | ദശലക്ഷം യൂണിറ്റ് |
| കേന്ദ്രവിഹിതം | 2825 | ദശലക്ഷം യൂണിറ്റ് |
| കമ്മി | 1147 | ദശലക്ഷം യൂണിറ്റ് |
| വർഷംതോറും ഉള്ള ഉപഭോഗവർദ്ധനവ് 15% | | |

കേരളത്തിലെ വൈദ്യുത കമ്മി പരിഹരിക്കുന്നതിന് രണ്ടു നിർദ്ദേശങ്ങളാണുള്ളത്.

1 വിവിധകാരണങ്ങളാൽ പണിമുടങ്ങികിടക്കുന്ന പദ്ധതികൾ പുനരാരംഭിക്കണം.

2 പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ വേഗം പൂർത്തീകരിക്കണം.

**പദ്ധതികൾ**

| പേര് | ശേഷി | മറ്റുവിവരങ്ങൾ |
|---|---|---|
| കക്കാട് | 50 മെഗാവാട്ട് | 8 വർഷങ്ങൾക്കുമുൻപ് ആരംഭിച്ചു |
| ലോവർ പെരിയാർ | 150 മെഗാവാട്ട് | |
| ബ്രഹ്മപുരം | 100 മെഗാവാട്ട് | 18 വർഷം മുൻപ് ആരംഭിച്ചു |
| കുറ്റ്യാടി എക്സ്റ്റൻഷൻ | 430 മെഗാവാട്ട് | |
| പൊരിങ്ങൽ കുത്ത് | " | |
| മലമ്പുഴ | " | |
| കായംകുളം | 380 മെഗാവാട്ട് | പണിയാരംഭിച്ചു. |
| പൂരിയാർകുട്ടിപ്പാറ | | 14.39 ഹെക്ടർ സ്ഥലം |
| | | കേന്ദ്രത്തിൽ നിന്നും കിട്ടണം |
| ആതിരപള്ളി | | പ്രോജക്റ്റ് സമർപ്പിച്ചു |
| പൂയംകുട്ടി ആതിരപള്ളി | 500 മെഗാവാട്ട് | |
| പൂരിയാർകുട്ടിക്കാരപ്പാറ | " | |
| കൊച്ചിൽ റിഫൈനറിസ് | 500 മെഗാവാട്ട് | കേന്ദ്രാനുമതികാത്തുകിടക്കുന്നു |
| നല്ലിളം ഡീസൽനിലയം | 120 മെഗാവാട്ട് | സംയുക്തമേഖല |

1 നിലവിലു എല്ലാ വൈദ്യുത ശ്രോതസ്സുകളും ഉപയോഗിക്കണം.

2 40% താപവൈദ്യുത നിലയങ്ങളിൽ നിന്നും വൈദ്യുതി കണ്ടെത്തണം.

| പേര് | ശേഷി | മറ്റ് വിവരങ്ങൾ |
|---|---|---|
| ബേപ്പൂരും വളപട്ടണവും | 100മെഗാവാട്ട് | ഞാർജ്മുൾട്ട് പദ്ധതി |
| സ്വകാര്യ ഉല്പാദനം | 4020മെഗാവാട്ട | അനുമതി നൽകിയിട്ടുണ്ട് |

ഈ പദ്ധതികൾ സമയബന്ധിതമായി പണിതീർത്താൽ കേരളത്തിന്റെ വൈദ്യുതിപ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്.

പ്രശ്നങ്ങൾ

1 ശേഷിയില്ലാത്ത വിതരണ പ്രസരണ ശൃംഖല
2 സബ് സ്റ്റേഷന്റെ കുറവ്
3 വൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിലും വിതരണത്തിലും ജനകീയ പങ്കാളിത്തത്തിന്റെ കുറവ്.
4 മോണിറ്ററിങ്ങിന്റെ അഭാവം
5 ശാസ്ത്രീയമല്ലാത്ത വൈദ്യുത കണക്ഷൻ നൽകൽ
6 മീറ്റർ റീഡിങ്ങ്, പണം അടക്കൽ എന്നിവ ശാസ്ത്രീയമാക്കണം.

കുളത്തൂപ്പുഴ പഞ്ചായത്തിൽ നിന്നും 29 കി.മി ദൂരം ഉള്ള ആയൂർ, 18 കി.മി. ഇടമൺ 110 കെ.വി സബ്സ്റ്റേഷനുകളിൽ നിന്നുമാണ് കുളത്തൂപ്പുഴ പഞ്ചായത്തിനാവശ്യമായ വൈദ്യുതി എത്തുന്നത്. തെന്മല,അഞ്ചൽ, കടക്കൽ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ കീഴിലാണ് കുളത്തൂപ്പുഴയുടെ വൈദ്യുത ഗുണഭോക്താക്കൾ. പഞ്ചായത്തിന്റെ വിവിധവാർഡുകളിലായി ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും തിങ്കൾ കരിക്കം, കല്ലുവെട്ടാംകുഴി, ഠൗൺ, പ്രോജക്റ്റ്, എസ്റ്റേറ്റ്, മാത്തിൽക്കോണം ചന്ദക്കാവ് എന്നീ വാർഡുകളിൽ പലയിടത്തും വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ 70%ത്തോളം വീടുകൾ വയറിംഗ് നടത്തിയിട്ടുള്ളതാണെങ്കിലും 62% വീടുകൾക്കുമാത്രമേ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളൂ. ആഭ്യന്തര ഉപയോഗത്തിന്റെ 4%ത്തോളം വൈദ്യുതി പരിമിതചെറുകിട കർഷകർ, കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചുവരുന്നു. പ്രേക്ഷണവിതരണ സംവിധാനങ്ങളുടെ തകരാറുമൂലം പഞ്ചായത്തിൽ വൈദ്യുതി നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ നഷ്ടത്തിന്റെ സാങ്കേതിക കാരണങ്ങൾ ചില പഴകിയ ട്രാൻസ്ഫോമറുകളുടെ അതികഭാരവും ദൈർഘ്യമേറിയ വൈദ്യുത ലൈനുകളുമാണ്. വൈദ്യുതലൈനുകളിൽ മുട്ടിയുരുമ്മി കിടക്കുന്ന മരചില്ലകൾ മുറിച്ചുമാറ്റുകയും ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനക്രമീകരിക്കുകയോ ചോഴിയക്കോട്, കല്ലുവെട്ടാംകുഴി, എസ്റ്റേറ്റ്, മാത്തിക്കോണം, 50 ഏക്കർ എന്നിവിടങ്ങളിൽ പുതുതായി ട്രാൻഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

പ്രധാനപ്പെട്ട ഗാർഹിക ഊർജ്ജ ആവശ്യകത വെളിച്ചം, പാചകം, ഇലക്ട്രാണിക്സ് ഉപകരണങ്ങളുടെ ഉപയോഗം എന്നിവയാണ്. ഊർജ്ജ ഉപഭോഗത്തെ സംബന്ധിച്ച് വിവിധ വീടുകളിൽ നടത്തിയ പഠനം കാണിക്കുന്നത് 72% ഊർജ്ജവും ഗാർഹികാവിശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്നാണ്.

കുളത്തൂപ്പുഴ പഞ്ചായത്ത് ആഫീസിന് പടിഞ്ഞാറുഭാഗത്തായി ഇൻസ്പെക്ഷൻ ബംഗ്ലാവിനോടുചേർന്ന് A.K റോഡ്സൈഡിൽ **K.S.E.B** വക 20 സെന്റ് പുരയിടം നിലവിലുണ്ടായിട്ടും കുളത്തൂപ്പുഴയിലെ വൈദ്യുതി ഗുണഭോക്താക്കൾ നിരവധി കിലോമീറ്ററുകൾ സഞ്ചരിച്ച് തെന്മല കടയ്കൽ, അഞ്ചൽ എന്നീ അസിസ്റ്റൻ്റ് എഞ്ചിനീയർ ആഫീസ്കളിൽ പോകേണ്ട ബുദ്ധിമുട്ടാണ് നിലവിലുള്ളത്.

കുളത്തൂപ്പുഴയിൽ നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു സബ് എഞ്ചിനീയർ ആഫീസ് മാത്രമാണുള്ളത്. ദൈനംദിനം ഉണ്ടാകുന്ന വൈദ്യുത പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ നിലവിലുള്ള സംവിധാനം കൊണ്ട് സാദ്ധ്യമല്ലാത്തതാണ്. വലിപ്പം കൊണ്ട് കേരളത്തിലെ ആറാമത്തെ സ്ഥാനത്ത് ഉള്ള ഈ പഞ്ചായത്തിലെ വൈദ്യുത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മുകളിൽ പറഞ്ഞ സർക്കാർ സ്ഥലത്ത് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് സ്ഥാപിക്കാവുന്നതാണ്.

കുളത്തൂപ്പുഴയിലെ ഒറ്റപ്പെട്ട വനമദ്ധ്യഗ്രാമമായ റോസുമലയിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് അനർട്ടിന്റെ സഹായത്തോടെ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാവുന്നതും സമുദ്ര നിരപ്പിൽ നിന്നും 2400 അടിയോളം ഉയരത്തിലുള്ള റോസുമല ഗണപതിക്കുന്നിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വിന്റ്മിൽ സ്കീം നടപ്പിലാക്കാവുന്നതുമാണ്. ഇതോടൊപ്പം തന്നെ ഭാരതീപുരത്ത് ഏഴംകുളംകുന്ന്, കടമാൻകോട്, ശിവപുരംകുന്ന്, നെല്ലിമൂട്, കാഞ്ഞിരോട്ടുകുന്ന് (പൊതുസ്ഥലം ലഭ്യമാണ്) ചോഴിയക്കോട് കൈപ്പത്തിക്കുന്ന്, കല്ലാർ എന്നിവിടങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വൈദ്യുതി പ്രതിസന്ധി

പരിഹരിക്കാവുന്നതാണ്.

നിലവിലുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് അത്യാവശ്യമുള്ള ഗാർഹിക ഉപയോഗത്തോടൊപ്പം തന്നെ പലഗുണഭോക്താക്കളും ആർഭാടകരമായി വൈദ്യുതി രാവും പകലും ഉപയോഗിക്കുന്നതും രാവിലെ 6 മണിക്കുശേഷവും തെരുവു വിളക്കുകൾ കത്തികിടക്കുന്നത് ഒഴിവാക്കിയും വിവിധ ഗവൺമെന്റ് ഓഫീസുകളിലെ അമിത ഉപയോഗവും ഒഴിവാക്കുന്നതിന് കാലാകാലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ K.S.E.B ബോധവൽക്കരണം നടത്തേണ്ടതാണ്.

വനപ്രദേശങ്ങളിൽ ആദിവാസികൾ അധിവസിക്കുന്ന കോളനികളായ വില്ലുമല പെരുവഴിക്കാല, രണ്ടാംമൈൽ, കടമാൻകോട്, മുക്കപ്രദേശം ചെറുകരഇടത്തറഭാഗം, കല്ലുപച്ച കാണിസെറ്റിൽമെന്റ്, റോസ്മല എന്നീ ഭാഗങ്ങളിൽ വനം വകുപ്പിന്റെ തടസ്സം മൂലം വൈദ്യുതി എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ മഠത്തിൽക്കോണം,കല്ലുവെട്ടാംകുഴി, 4 സെന്റ് കോളനി മുക്കാൽസെന്റ്, ഡാലി, വട്ടക്കരിക്കം, മാത്രക്കരിക്കം വെള്ളില, കൊച്ചാഞ്ഞിലിമൂടുഭാഗം, തിങ്കൾകരിക്കം, കിഴക്കേവയിൽ, കുഴിവിളകരിക്കം, കാഞ്ഞിരോട്കുന്ന്, കല്ലുവെട്ടാംകുഴി എന്നീഭാഗങ്ങളിൽ നിലവിലുള്ള ലൈനുകളുടെ എക്സ്റ്റൻഷൻ മുഖാന്തിരം വൈദ്യുതി എത്തിക്കേണ്ടത് അത്യാവശ്യമാണ്. ബഹുജന പങ്കാളിത്തത്തോടെ പൂമ്പാറ കല്ലുവെട്ടാംകുഴി, ഡാലി എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിലുള്ള സ്ലാബു സമ്പ്രദായ പ്രകാരം ഓരോ 6 മാസം കൂടുമ്പോഴും കൃത്യമായി എല്ലാ വൈദ്യുത ഉപഭോക്താക്കളുടെയും മീറ്റർ റീഡിംഗ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് എടുക്കുവാൻ കഴിയാത്തതു കാരണവും 3 ഉം 4 ഉം സ്ലാബുകൾ സ്വീകരിച്ചുകൊണ്ട് കൂടുതൽ വൈദ്യുത ബൾബുകൾക്കും ട്യൂബുകൾക്കും ഒപ്പം ഇലക്ട്രിക് അയൺ, മിക്സി, ഗ്രൈൻഡർ, ഫ്രിഡ്ജ്, ടെലിവിഷൻ, വി.സി.പി, വാട്ടർ ഹീറ്റർ എന്നിവ 5% ഗുണഭോക്താക്കൾ അവിഹിതമായി ഉയോഗിക്കുവാൻ ഇടയാകുന്നുണ്ട്. ഇതുമൂലം ഉണ്ടാകുന്ന വൈദ്യുത നഷ്ടം നിലവിലുള്ള സ്ലാബു സമ്പ്രദായത്തിൽ മീറ്റർ റീഡിംഗ വ്യവസ്ഥയിൽ വർദ്ധിക്കുവാനേ സാദ്ധ്യതയുള്ളൂ. ഇതിനു പരിഹാരം കാണുന്നതിന് കൂടുതൽ സ്റ്റാഫുകളെ ഉപയോഗപ്പെടുത്തി പ്രതിമാസം ശാസ്ത്രീയമായി മീറ്റർ റീഡിംഗ് നടത്തേണ്ടതാണ്. A.K റോഡിൽ ഭാരതീപുരം മുതൽ കുളത്തൂപ്പുഴ ടൗൺ വരെ തെരുവുവിളക്കുകൾ ഇല്ലാത്തിടത്ത് പുതുതായി സ്ഥാപിക്കുകയും ഏഴംകുളം, കടമാൻകോട്, സാംനഗർ, ഗണപതി റോഡ് എന്നിവിടങ്ങളിലും ഇല്ലാത്തിടത്ത് തെരുവുവിളക്കുകൾ പുതുതായി സ്ഥാപിക്കുകയും വേണം.

വാർഷിക വരുമാനം 30000 രൂപയ്ക്കും മുകളിലുമുള്ളവർ പുതുതായി വൈദ്യുതകണക്ഷന് അപേക്ഷിക്കുമ്പോൾ നിലവിലുള്ള നിരക്കിനു പുറമേ നിശ്ചിത തുക ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയിലുള്ള ഏരൂർ-പത്തടി സബ് സ്റ്റേഷന്റെ പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കിയാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനും കൂടുതൽ കണക്ഷനുകൾ നൽകുവാനും കഴിയും.

**ഗ്രാമ സഭയിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആവശ്യങ്ങൾ.**

ഡീസന്റ്മുക്ക്- ഉരിയരികുന്ന് റോഡ്, 50 ഏക്കർറോഡ്, വയലിൻകരപാറ, ചെമ്പനഴികം, റോസ്മല,മുക്കാൽ സെന്റ്, 4 സെന്റ്, കണ്ടൻചിറ, മൈലമൂട്, പണയിൽ ഹരിജൻകോളനി, ചന്ദക്കാവ്, തിങ്കൾകരിക്കം, കടമാൻകോട്, കുതിരവട്ടിറോഡ്, കൊച്ചുകലങ്ങുറോഡ്, തിങ്കൾകരിക്കം, ചെറുകരറോഡ്, കല്ലുവെട്ടാംകുഴി, ലക്ഷംവീട് ഭാഗം, കുമരംകരിക്കം, ഏലാഭാഗം, കല്ലുവെട്ടാംകുഴി, 38-ാം ഭാഗം കൈതക്കാട് കുന്നിൻപുറം മടത്തിക്കോണം ഏല, അയ്യൻപിള്ള വളവ്,മടത്തിക്കോണംറോഡ്, വില്ലുമല, പെരുവഴിക്കാല, രണ്ടാംമൈയിൽ,പത്തൻകോവിൽ,വട്ടക്കരിക്കം,കുളമ്പി,എക്സർവീസ് വെങ്കിട്ടമൂട്, പതിനഞ്ചേക്കർ, കട്ടളപ്പാറ, മോട്ടലുംമൂട്, ആമക്കുളം, ചണ്ണമല, മാർത്താണ്ഡംകര കേളൻവാതുക്കൽ, ഓന്ത്പച്ച, മുതിരകുപ്പ്, മിൽപ്പാലം E.M.S. പടിക്കൽ നിന്നും കാഞ്ഞിരോട്ടുകുന്നു എന്നീ പ്രദേശങ്ങൾ വൈദ്യുതീകരിക്കുക.

2. പാലയ്ക്കൽ, കൈതകാട്ടു, നെല്ലിമൂടു ഭാഗം, നെല്ലിമൂടു കാഞ്ഞിരോടു ഭാഗം, നെല്ലിമൂടു അടിമുക്കു, സാം നഗർ, കല്ലുവെട്ടാം കുഴി റോഡ്, മാർത്താണ്ഡംകര പാലം, ലക്ഷംവീടു കുമാരംകരിയ്കം ഭാഗം, അയ്യൻപിള്ള വളവ് മർത്തോമ്മപ്പള്ളി എന്നീ റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

4207



...TUTE OF LOCAL ... THRISSUR

സ്വന്തമായി ഇത്തിരി മണ്ണും അന്തിയുറങ്ങാനൊരു വീടും സാധാരണക്കാരുടെ സ്വപ്നമാണ്. ജനകീയ പങ്കാളിത്തത്തോടെ മാത്രമേ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളു.

കുളത്തുപ്പുഴ പഞ്ചായത്തിലെ പാർപ്പിടസ്ഥിതി തൃപ്തികരമാണ്. ഗൾഫ് വരുമാനത്തിന്റെ അടിസ്ഥാനത്തിലും തൊഴിൽ മേഖലയിലെ സാദ്ധ്യതകളും കൊണ്ട് കെട്ടിട നിർമ്മാണ മേഖലയിൽ വമ്പിച്ച മാറ്റമാണ് ഉണ്ടായത്. കഴിഞ്ഞ 5 വർഷങ്ങൾക്കിടയിൽ 2200 കെട്ടിടങ്ങൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്. 35% വീടുകൾ ഓടിട്ടതാണ്. 50% കോൺക്രീറ്റ് മേൽക്കുരയും 15% ഓലയും പുല്ലും മേഞ്ഞ വീടുകളുമാണ് കുളത്തൂപ്പുഴ പഞ്ചായത്തിലെ കല്ലുവെട്ടാൻകുഴി, മുക്കാൽസെന്റെ, കട്ടളപ്പാറ മാത്തിൽകോണം, ഡാംസെറ്റ് കോളനി, റോസുമല എന്നിവിടങ്ങളിൽ പാർപ്പിട പ്രശ്നമുണ്ട്. ഈ പ്രദേശങ്ങളിൽ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ ഫലപ്രദമായ നടപടികൾ വേണം.

കുളത്തൂപുഴയിൽ ഭവന നിർമ്മാണ സഹകരണസംഘങ്ങളില്ല. അടിയന്തിരമായി വേണ്ടതാണ്. ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ബോധവത്കരണവും പ്രചരണ പ്രവർത്തനങ്ങളും അടിയന്തിരമായി ആവശ്യമാണ്. പഞ്ചായത്തു തലത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ യൂണിറ്റും ആവശ്യമാണ്.

കുളത്തൂപ്പുഴ പഞ്ചായത്തിലെ റോഡ് പുറംപോക്കുകളിലും വാടക വീടുകളിലും താമസ്സിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ സർക്കാർ സഹായത്തോടെ 5 ഏക്കർ 62 സെന്റ് ഭൂമി വിലക്കു് വാങ്ങുകയും കല്ലുവെട്ടാൻകുഴി മാത്തിൽകോണം പ്രദേശങ്ങളിലായി 4സെന്റ് ഭൂമി വീതം 137 പേർക്കു് നൽകിയിട്ടുണ്ട്. കല്ലുവെട്ടാൻകുഴി, അഞ്ചൽ, കുളത്തൂപ്പുഴ റോഡ് പുറംപോക്കുകളിലുള്ളവരെ വസ്തു വാങ്ങി മാറ്റി പാർപ്പിക്കുവാൻ കഴിഞ്ഞു. ജെ. ആർ. വൈ. ഇന്ദിരാ ആവാസ്സ് യോജന കൃഷിവകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പുകൾ എന്നിവ മുഖാന്തിരം 1800 ഓളം വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ടു്. ഏറ്റവും ശ്രദ്ധേയമായതു് വേൾഡ്വിഷന്റെ സഹായത്തോടെ നിർദ്ധനരായവർക്കു് ചന്ദനകാവ്, കല്ലുവെട്ടാൻകുഴി, റോസുമല, സാംനഗർ എന്നിവിടങ്ങളിൽ ഡവലപ്മെന്റെ പ്രോജക്റ്റുകൾ മുകാന്തിരം 1800 വീടുകൾ നൽകിയിട്ടുള്ളതാണ്.

ശിശുസംരക്ഷണത്തിനും വാസന വൈഭവങ്ങളുടെ പരിപോഷണത്തിനും വേണ്ടി അംഗൻവാടികൾ ബാലവാടികൾ എന്നിവ എല്ലാവാർഡുകളിലും അനുവദിക്കണം. പഞ്ചായത്തിൽ ഇപ്പോൾ 3 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 26 പുതിയ അംഗൻവാടികൾ തുടങ്ങുവാനുള്ള നടപടികൾ കൈകൊണ്ടുവരുന്നു. വൃദ്ധൻന്മാരുടെ സംരക്ഷണത്തിനു് പദ്ധതികൾ വേണ്ടിയിരിക്കുന്നു. പകൽസമയത്ത് ജോലിക്ക്പോകുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനുള്ള പിള്ളപാടികൾ

(ക്രഷുകൾ) കുളത്തൂപ്പുഴ പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും തുടങ്ങണം.

കുളത്തൂപ്പുഴയിൽ ഒരു മാതൃകാപോസ്റ്റാഫീസും 2 സബ്പോസ്റ്റാഫീസുകളും 6 ബ്രാഞ്ച് പോസ്റ്റാഫീസുകളും പ്രവർത്തിക്കുന്നു. 30 ഓളം ജീവനക്കാർ പ്രവർത്തിക്കുന്നു. കുളത്തൂപ്പുഴയിൽ നിരവധി തപാൽ പ്രശ്നങ്ങളുമുണ്ട്. K.S.R.T.C. ബസ്സിലായിരുന്നു മെയിൽബാഗ് കൊണ്ട് വന്ന് കൊണ്ടിരുന്നത്. അത് നിർത്തൽചെയ്തതിനെ തുടർന്ന് ബാഗ് പ്രൈവറ്റ് വാഹനത്തിൽ അയക്കുന്നതുകൊണ്ട് താമസ്സമുണ്ടാകുന്നു. തപാൽവകുപ്പിന്റെ പരിഗണനയിലുള്ളതും ഉൾപ്രദേശവുമായ റോസ്മലയിൽ ഒരു E-Dപോസ്റ്റാഫീസ് ആവശ്യമാണ്. മാത്തിൽകോണം, ചെറുകരകാണി എന്നിവിടങ്ങളൽ പോസ്റ്റ് ബോക്സ് സ്ഥാപിക്കുകയും വേണം.

**സബ്ട്രഷറി**

കുളത്തൂപ്പുഴ പഞ്ചായത്തിൽ 102 സർവീസ് പെൻഷൻകാരുണ്ട് R-P-L-,K-L-D ബോർഡ്, ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ്, സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത്, വനം വകുപ്പ് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ, 4 ഹൈസ്കൂളുകൾ 6 U. P സ്കൂളുകൾ എന്നിവ ഉള്ള ഈ പ്രദേശത്ത് ഒരു സബ്ട്രഷറി അത്യാവശ്യമാണ്. പഞ്ചായത്തിന്റെ കെട്ടിടവും സൗകര്യങ്ങളും ഉപയോഗിച്ചുകൊണ്ട് സബ്ട്രഷറി ആരംഭിക്കാവുന്നതാണ്.

**സമ്പാദ്യശീലം.**

കുളത്തൂപ്പുഴ പഞ്ചായത്തിലെ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിനും അതിലൂടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും വേണ്ടി നടപടികൾ ആരംഭിച്ചുട്ടുണ്ട്. വാളകം അന്തർദ്ദേശീയ പഠനകേന്ദ്രവുമായി സഹകരിച്ചുകൊണ്ടു മഹിളാസമൃദ്ധിയോജന, സ്വയം സമ്പാദ്യസംഘം എന്നിവ രൂപീകരിക്കുകയും സ്ത്രീകളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. മുഴുവൻ കുടുംബങ്ങളേയും ഈ സംമ്പാദ്യപരിപാടിയിൽ ഉൾപ്പെടുത്താനാണ് പരിപാടി. നാലുരൂപായും അതിന് മുകളിലോട്ടും ഉള്ള തുകകൾ ശേഖരിച്ച് സംമ്പാദ്യപദ്ധതിയിൽ ചേർക്കുന്നതാണ് ഇതിനായി വിപുലമായ സംമ്പാദ്യ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

കുളത്തൂപ്പുഴ പഞ്ചായത്തിൽ കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം വികലാംഗപെൻഷൻ വാർദ്ധക്യകാലപെൻഷൻ, ചികിൽസാ സഹായം എന്നിവ വിതരണം ചെയ്തിട്ടുണ്ട് ഇവ അർഹരായവർക്ക് ലഭിക്കുന്നതിനും അപേക്ഷിക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്തുകൾ മുഖാന്തിരം ലഘൂകരിക്കേണ്ടതാണ്.

| ക്രമനമ്പർ | പെൻഷൻ ലഭിച്ചവരുടെ | എണ്ണം |
|---|---|---|
| 1. | വിധവാപെൻഷൻ | 125 |
| 2. | വികലാംഗപെൻഷൻ | 29 |
| 3. | വാർദ്ധക്യകാല പെൻഷൻ | 129 |
| 4. | ക്ഷയരോഗപെൻഷൻ | 31 |
| 5. | കുഷ്ഠരോഗപെൻഷൻ | 36 |
| 6. | കർഷകതൊഴിലാളി പെൻഷൻ | 423 |

അനാഥമന്ദിരം, ബാലമന്ദിരം, മറ്റ് സന്മാർഗ്ഗിക സദനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിടുതൽചെയ്തുവരുന്ന 14നും 21നും ഇടക്ക് പ്രായമുള്ള പെൺകുട്ടികളുടെ സംരക്ഷണവും പുനരധിവാസവും ലക്ഷ്യമാക്കിപ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ആഫ്റ്റർ കെയർ ഹോം. ഫോർ ദി അഡോളസെന്റെ ഫീ മെയിൽ പോലുള്ള സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പഞ്ചായത്തിൽ ആരംഭിക്കണം.

കുളത്തൂപ്പുഴയിൽ 3 പാരൽകോളേജുകളിലായി 320 ൽ പരം കുട്ടികൾ പഠിക്കുന്നുണ്ട് 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട് കളിലായി 100 ൽ പരം കുട്ടികളും 2 കംമ്പ്യൂട്ടർ സെൻന്റെറുകളിലായി 70 കുട്ടികളും പഠിക്കുന്നുണ്ട്. ടെലിഫോൺ എക്സ്ചേഞ്ചുകളുടെ 3 ഓഫീസുകളും S.T.D., I.S.D., സൗകര്യങ്ങളോടെ 7 ടെലഫോൺ ബൂത്തുകളും പ്രവർത്തിക്കുന്നുണ്ട്. ഫോട്ടോസ്റ്റാറ്റ് സെന്റർ 2എണ്ണവും ഫോട്ടോസ്റ്റുഡിയോകൾ 4 എണ്ണവും പ്രവർത്തിക്കുന്നു.

നിലവിലുള്ള അംഗൻവാടികളിൽനിന്നും ലഭിച്ചവിവരങ്ങൾ

| | | |
|---|---|---|
| 1. | ഗർഭിണികൾ | 28 |
| 2. | പാലൂട്ടുന്ന അമ്മമാർ | 33 |
| 3. | 0 _ 1 കുട്ടികൾ | 58 |
| 4. | 1 _ 2 കുട്ടികൾ | 62 |
| 5. | 2 _ 3 കുട്ടികൾ | 65 |
| 6. | 3 _ 6 കുട്ടികൾ | 148 |

ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ.

പട്ടിക ജാതി പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന തച്ചൻകോണം, കൊച്ചാഞ്ഞിലിമൂടു്, രണ്ടാംമൈൽ, കുഴിവിളകരിക്കം, സാം നഗർ, പൂപത്തൻകാടു്, ഒരുക്കത്തുപാറ, ഗവഃ റ്റിംബർ ഡിപ്പോക്കു് കിഴക്കു്, കല്ലുവെട്ടാംകുഴി കുമരക്കരിക്കം റോസ്മല എന്നീപ്രദേശങ്ങൾ ഹരിജൻകോളനിയായി പ്രഖ്യാപിക്കുകയും ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്യണം.

2. ലക്ഷം വീടുകൾ മെയിന്റയെൻസ് ചെയ്യണം
3. പഞ്ചായത്തിൽ 10000 വീടുകളിൽ 1500 വീടുകൾ താമസയോഗ്യമല്ല, വീടുകൾ നിർമ്മിച്ചു നൽകണം.
4. പതിനൊന്നാം മൈൽ, ചെറുകരക്കാണി, മാത്തികോണം, രണ്ടാം മൈൽ എന്നീ ഭാഗങ്ങളിൽ തപാൽപെട്ടി സ്ഥാപിക്കണം, റോസ് മലയിൽ E.D. പോസ്റ്ററാഫീസ് സ്ഥാപിക്കണം.
5. ചെറുകരയിൽ വനം വകുപ്പ് അനുവദിച്ചതും നിർമ്മിച്ചതുമായ പണിതീരാത്ത വീടുകളുടെ പണി പൂർത്തീകരിക്കണം.
6. മുക്കാൽ സെന്റിലെ മുഴുവൻകുടുംബങ്ങളെയും മാറ്റി പാർപ്പിച്ചു വീട് നിർമ്മിച്ചു കൊടുക്കണം. 4 സെന്റ് ബീഡിക്കുന്ന് എന്നിവിടങ്ങളിലെ വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി വീടു് നിർമ്മിച്ചു് നൽകണം.

I.R.D.P. ലിസ്റ്റ് പുതുക്കി നിശ്ചയിക്കണം, നിലവിലുള്ള ലിസ്റ്റ് പൂർണ്ണമല്ല



# സഹകരണം



സമഗ്ര ഗ്രാമ വികസനത്തിനും കാർഷിക വായ്പകൾ നൽകുന്നതിനും പറ്റിയ ഗ്രാമീണ ഏജൻസിയാണ് സഹകരണമേഖല. 1904ൽ ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചു. നമ്മുടെ രാജ്യത്തെ സഹകരണമേഖലയിലെ നിക്ഷേപത്തിന്റെ 65% കേരളത്തിലാണ്. ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ എന്നിവയുമായി ശക്തമായി മത്സരത്തിൽ ഏർപ്പെട്ടുകൊണ്ടാണ് നമ്മുടെ നാട്ടിൽ സഹകരണപ്രസ്ഥാനം വളർച്ചനേടുന്നത്. സാമ്പത്തിക തകർച്ച നേരിടുന്ന കൃഷിക്കാരുടെ അത്താണിയും സഹകരണ മേഖലയാണ്. ഗ്രാമങ്ങളിലെ ജനങ്ങളുടെ സാമ്പത്തിക വളർച്ചക്കുവേണ്ടിയുള്ള പരിശ്രമങ്ങളും സഹായങ്ങളും ചെയ്യുവാൻ കഴിയുന്ന വിധത്തിൽ സഹകരണമേഖലയെ ജനകീയ പ്രസ്ഥാനമാക്കി പുഷ്ടിപ്പെടുത്തുവാൻ നമുക്കു കഴിയണം. എല്ലാ കുടുംബങ്ങളെയും സഹകരണപ്രസ്ഥാനത്തിൽ അണിചേർക്കണം. സാമ്പത്തിക വളർച്ച ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളും പരിപാടികളും ഉണ്ടാകണം.സാധാരണ ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയും ആവശ്യമേഖലകളിൽ പുതിയ പ്രസ്ഥാനങ്ങൾ ആരംഭിച്ചും ജനജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്രങ്ങളായി സഹകരണ മേഖലയെ വളർത്തികൊണ്ടുവരണം. സഹകരണ മേഖലകളിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സ്വരൂപിക്കുന്നതിനും പ്രത്യേക പ്രോത്സാഹന നടപടികൾ ആവശ്യമാണ്.

കുളത്തൂപ്പുഴയിൽ സഹകരണ പ്രസ്ഥാനത്തിന് വേരോട്ടമുണ്ടായിട്ടുണ്ട്. രണ്ടു സഹകരണ സംഘങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്. കുളത്തൂപ്പുഴ സർവ്വീസ് സഹകരണ ബാങ്കും, കടമാൻകോട് സർവ്വീസ് സഹകരണ ബാങ്കുമാണ്. കൊല്ലവർഷം 1105 ൽ കുളത്തൂപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് രാമവർമ്മ രാജാവാണ് ആരംഭിച്ചത്. അംഗങ്ങളേ ഉൾപ്പെടുത്തികൊണ്ട്" പരസ്പര സഹായ സഹകരണസംഘം" എന്ന പേരിലാണ് ആരംഭിച്ചത്. തുടർന്ന് 'വിവിധോദ്ദേശ സംഘം' എന്ന പേരിലായി. തുടർന്നാണ് സർവ്വീസ് സഹകരണ ബാങ്കായി മാറിയത്. കാർഷിക വായ്പകളാണ് പ്രധാനമായും നൽകുന്നത്.

ഗ്രാമ തലത്തിൽ ബാങ്കുവായ്പാ സംവിധാനം വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും പാവപ്പെട്ട ഗ്രാമീണരിൽ വലിയൊരു പങ്ക് പ്രത്യേകിച്ച് നാമമാത്രകർഷകർ,ഭൂരഹിത കർഷകർ, കരകൗശല വസ്തുക്കൾ നിർമ്മിച്ചും കൈത്തൊഴിലുകൾ ചെയ്തും ഉപജീവനം കഴിക്കുന്നവർ, പട്ടികജാതി- പട്ടിക വർഗ്ഗക്കാർ, തമിഴ് ന്യൂനപക്ഷവിഭാഗക്കാർ തുടങ്ങിയ വിവിധവിഭാഗങ്ങൾ അവരുടെ അത്യാവശ്യങ്ങൾക്കായി ഇപ്പോഴും ഔപചാരിക ധനകാര്യസ്ഥാപനങ്ങളെ ആശ്രയിക്കാതെ അമിത പലിശയ്ക്ക് പണം കടംകൊടുക്കുന്ന വ്യക്തികളെ ആശ്രയിച്ചുവരുന്നു. ഇവർക്കു പൊതുവേ സ്വന്തമായി സമ്പാദ്യമൊന്നും ഉണ്ടായിരിക്കുകയില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ അത് തുച്ഛമായിരിക്കും. ഇക്കാരണങ്ങളാൽ ഈ വിഭാഗത്തിന് തുടരെത്തുടരെ ചെറിയ വായ്പകൾ എടുക്കേണ്ടിവരുന്നു. ഇടപാടുകളുടെ വർദ്ധിച്ച എണ്ണം, തുച്ഛമായ സംഖ്യകൾ,തിരിച്ചടക്കലിനെക്കുറിച്ചുള്ള

ആശങ്ക എന്നീകാരണങ്ങളാൽ ഈ വിഭാഗവുമായി ഇടപാടിലേർപ്പെടാൻ പൊതുവേ ബാങ്കുകൾ വിമുഖത കാണിക്കുന്നു. ചെറിയ അക്കൗണ്ടുകൾ കൈകാര്യം ചെയ്തുകൊണ്ടുപോകുവാനുണ്ടാകുന്ന വർദ്ധിച്ച ചെലവും മറ്റൊരു കാരണമാണ്. ഇത്തരം വിഭാഗങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

കുളത്തൂപ്പുഴ സർവ്വീസ് സഹകരണ ബാങ്കിന്റേയും കടമാൻകോട് സർവ്വീസ് സഹകരണ ബാങ്കിന്റേയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

കുളത്തൂപ്പുഴ സർവ്വീസ് സഹകരണ ബാങ്കിന് ഇന്ന് 9731 അംഗങ്ങളുണ്ട്. ഇതിന്റെ അംഗീകൃത ഓഹരി മൂലധനം 5000000 ആണ്. പൊതുജനങ്ങളിൽ നിന്നും ഹ്രസ്വകാല- ദീർഘകാല നിക്ഷേപങ്ങൾ സ്വീകരിക്കുന്നുണ്ട്. ഹ്രസ്വകാല നിക്ഷേപ ഇനത്തിൽ 143000462 രൂപയും ദീർഘകാല നിക്ഷേപ ഇനത്തിൽ 6873964 രൂപയും സ്വീകരിച്ചിട്ടുണ്ട്. കാർഷിക വായ്പകൾക്കാണ് ഈ സ്ഥാപനം മുൻഗണന നൽകുന്നത്.കാർഷിക വായ്പാ ഇനത്തിൽ മൊത്തം 2833500 രൂപ നൽകിയിട്ടുണ്ട്. മറ്റു വായ്പാ ഇനത്തിൽ 16392946 രൂപയും നൽകിയിട്ടുണ്ട്.

കടമാൻകോട് സർവ്വീസ് സഹകരണ ബാങ്കിൽ മൊത്തം 1877അംഗങ്ങളുണ്ട് ഇതിന്റെ അംഗീകൃത ഓഹരിമൂലധനം 5000000 രൂപയാണ്. സ്ഥിര നിക്ഷേപ ഇനത്തിൽ 5345000 രൂപയും ഹ്രസ്വകാല നിക്ഷേപ ഇനത്തിൽ 1670000 രൂപയും ലഭിച്ചിട്ടുണ്ട് ഈ സംഘം കാർഷിക വായ്പാ ഇനത്തിൽ 1400000 രൂപയും മറ്റു വായ്പാ ഇനത്തിൽ 5200000 രൂപയും നൽകിയിട്ടുണ്ട്.

കുളത്തൂപ്പുഴ, കടമാൻകോട് ബാങ്കുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. കുളത്തൂപ്പുഴ ബാങ്കിന് ചോഴിയക്കോട്ടും കടമാൻകോടിന് തിങ്കൾകരിക്കത്തും ബ്രാഞ്ചുണ്ട്. വളംഡിപ്പോ, തുണിക്കട എന്നിവ പ്രവർത്തിക്കുന്നുണ്ട്. ബാങ്കിംഗ് പ്രവർത്തനം, വായ്പാ വിതരണം തുടങ്ങിയ സേവനങ്ങൾ നടത്തുന്ന സഹകരണ ബാങ്കുകൾ പ്രവർത്തന മേഖലയിലെ എല്ലാ വിഭാഗക്കാരുടെയും ഒഴിച്ചുകൂടാനാവാത്ത മാർഗ്ഗമായി വളർന്നു കൊണ്ടിരിക്കുന്നു.

ഗ്രാമ സഭയിലെ നിർദ്ദേശങ്ങൾ

1. ബാങ്കുകളുടെ പ്രവർത്തന ബാഹുല്യം മൂലം വേണ്ടത്രലോണുകൾ ലഭ്യമല്ല.

2. പട്ടയ ഭൂമി ഇല്ലാത്തതിനാൽ കർഷകർക്ക് ലോൺകിട്ടുന്നതിന് ബുദ്ധിമുട്ട്.

3. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ബാങ്കുകളുടെ വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

4. ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ അഭാവം.

5. വനിതാ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നില്ല.

6. വായ്പാ വിതരണം കാര്യക്ഷമമല്ല.

7. കർഷകന്റെ ആവശ്യകത അനുസരിച്ച് കാർഷിക ഉപകരണങ്ങൾ ലഭ്യമല്ല.

8. വാർഷിക പൊതുയോഗങ്ങൾ നിയമാനുസരണം നടക്കുന്നില്ല.

9. ഗവൺമെന്റ് ഏജൻസികളുടെ ധന സഹായത്തോടു കൂടിയ പദ്ധതി വായ്പകൾക്ക് നിലവിലുള്ള നിർദ്ദേശപ്രകാരം പ്രാഥമിക ഷെയറിൽ തന്നെ വായ്പകൾ വിതരണം ചെയ്യുന്ന നടപടികൾ ത്വരിതപ്പെടുത്തണം.

10. സഹകരണ നിക്ഷേപ സമാഹരണത്തോടൊപ്പം നിയമാനുസൃതമായി സർവ്വീസ് ഏരിയായിലെ മുഴുവൻ ആളുകളെയും നിലവിലുള്ള സംഘങ്ങളിൽ അംഗങ്ങളാക്കണം.

11. സഹകരണ സംഘം പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തണം.

12. തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾക്ക് സാങ്കേതിക പരിശീലനം നൽകണം.

13. സുഗന്ധദ്രവ്യങ്ങളുടെയും വാണിജ്യവിളകളുടെയും ശേഖരണം നടത്തുക.

14. എല്ലാ വാർഡുകളിലും റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിക്കുക.

15. പഞ്ചായത്ത് കേന്ദ്രമായി മോട്ടോർ തൊഴിലാളി സഹകരണ സംഘം ആരംഭിക്കണം.

16. നിർമ്മാണ തൊഴിലാളികളുടെ ക്ഷേമസഹകരണ സംഘം രൂപീകരിക്കണം.

17. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നാളികേര സംഭരണവും എണ്ണയാട്ടും പ്രോത്സാഹിപ്പിക്കണം.

18. എല്ലാ വാർഡുകളിലും സഹകരണ സ്റ്റോറുകൾ ആരംഭിക്കണം.

[illegible] വായ്പാ കുടിശ്ശികകൾ [illegible] സംബന്ധിച്ച് ബോധവൽക്കരണ [illegible]ിപ്പിക്കണം

20. കെട്ടിട നിർമ്മാണ വസ്തുക്കൾ കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണം.

21. അംഗങ്ങൾക്കു വേണ്ടി സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ.

22. സ്കൂളുകളിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

23. പട്ടികജാതി- പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സജീവമാക്കണം.

24. കാർഷികോല്പന്നങ്ങൾ വിപണനത്തിനും സംസ്ക്കരണത്തിനും സഹകരണസംഘങ്ങൾ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

25. സഹകരണ മേഖലയിൽ ഹയർപർച്ചേസ് സാധ്യതകൾ പരിശോധിക്കണം.

26. സഹകരണ മേഖലയിൽ കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.

◆

# സംസ്ക്കാരം



ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്ന് മഹാത്മജിപറഞ്ഞത് എത്രയോശരിയാണ്. ഇന്ത്യയുടെ കഴിവും കരുത്തും ചൈതന്യവും ഗ്രാമങ്ങളിലാണ് ഉറങ്ങികിടക്കുന്നത് എന്ന് അദ്ദേഹം ശരിക്കും മനസ്സിലാക്കിയിരുന്നു. ഗ്രാമങ്ങളിലെ ആമംഗല മഹാശക്തിയെ തൊട്ടുണർത്തുക യാണ് പുരോഗതിക്ക് അനുപേക്ഷണീയമെന്നും ഗാന്ധിജി ചൂണ്ടിക്കാട്ടിയിരുന്നു. ആ യാഥാർത്ഥ്യം നാം മനസ്സിലാക്കണം.

സംസ്ക്കാരം എന്നത് ജീവിതചര്യ മാത്രമല്ല ജീവിതത്തിന്റെ താക്കോൽ കൂടിയാണ്. ജീവിതത്തിന്റെ സമസ്തമേഖലകളിലും വ്യാപിച്ച് അർത്ഥവും വ്യാപ്തിയും പ്രധാനം ചെയ്യുന്ന സംസ്ക്കാരം നമ്മുടെ മൂല്യബോധത്തിന്റെ അടിത്തറയാണ്. ഇത് സമൂഹത്തിന്റെ സന്തുലിതവും സർഗ്ഗാത്മകവുമായ നിലനിൽപ്പും പുരോഗതിയും നിലനിർത്തുന്നു. ഏതൊരു പ്രദേശത്തിന്റെയും വികാസ പരിണാമങ്ങളിലും യശസ്സിലും സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് പ്രധാന പങ്കുണ്ട്. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ജനങ്ങളിൽ ഉയർത്തെഴുന്നേറ്റ ദേശീയ ബോധവും ആത്മാഭിമാനവും ഭാരതീയ സാംസ്ക്കാരിക പൈതൃകത്തിന്റെ മുഖമുദ്രയാണ്.

കേരളത്തിൽ കമ്യൂണിസ്റ്റ് മുന്നേറ്റത്തെ തുടർന്നുണ്ടായ കർഷക സമരങ്ങളും സാമൂഹിക പരിഷ്ക്കരണ പ്രവർത്തനങ്ങളും പുതിയ സാംസ്ക്കാരിക അവബോധത്തിന് വഴി തുറന്നു. കുളത്തൂപ്പുഴയുടെ സാംസ്ക്കാരിക മുഖം പരിശോധനയ്ക്കു വിധേയമാക്കുമ്പോൾ ഉള്ളടക്കത്തിന് യശസ്സുള്ളതായി കാണാം. കേരളം ഇന്ത്യയ്ക്ക് മാതൃക കാട്ടിയ ആദിവാസി സാക്ഷരതാ സംസ്ഥാനതല പ്രഖ്യാപനത്തിന്റെ ആതിഥ്യവും ഭാരതസർക്കാരിന്റെ ദേശീയോദ്ഗ്രഥന ക്യാമ്പ് രണ്ടു തവണ മാതൃകാപരമായി നടത്തിയ അംഗീകാരവും നമുക്കുണ്ട്.

സാംസ്ക്കാരിക കാര്യങ്ങളിൽ ഗ്രാമപഞ്ചായത്തിന് വഹിക്കുവാൻ കഴിയുന്ന കാര്യങ്ങൾക്ക് പരിമിതികൾ ഉണ്ട്. കലാകാരന്മാരെ ആദരിക്കുക, ഉത്തമ കലാസൃഷ്ടിക്കനുകൂലമായ സാഹചര്യങ്ങൾ ഒരുക്കിയെടുക്കുക എന്നിവ പ്രധാനമാണ്. പഞ്ചായത്തു തലത്തിലെ കലാസാംസ്ക്കാരിക സംഘടനകൾക്ക്, അവയുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലത പകർന്നുകൊണ്ട് പുതിയൊരു സാംസ്ക്കാരിക ഉണർവിലൂടെ സാമൂഹ്യ മുന്നേറ്റം സാദ്ധ്യമാക്കണം. അതായിരിക്കണം ലക്ഷ്യം. വികസനവും സംസ്ക്കാരവും തമ്മിലും തൊഴിലുംസംസ്ക്കാരവും തമ്മിലും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

ഉല്പാദന മേഖലകളിലുണ്ടായ മാന്ദ്യവും കമ്പോളവൽക്കരണത്തിന്റെ അമിത സ്വാധീനവും വികസിത രാഷ്ട്രങ്ങളുടെ ചൂഷണ വ്യഗ്രതയും ചേർന്ന് രൂപപ്പെടുത്തിയ തെറ്റായ സാമൂഹിക അന്തരീക്ഷം സാംസ്ക്കാരിക മേഖലയെ സങ്കീർണ്ണമാക്കിയിരിക്കുന്നു. ഇത്തരുണത്തിൽ സാംസ്ക്കാരിക നയ സമീപനത്തെ കുറിച്ചും സജീവ ചർച്ച വേണ്ടിയിരിക്കുന്നു.

സമൂഹം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനം സാങ്കേതിക വിജ്ഞാനവിസ്ഫോടനമാണ്. ഇത് ദാനവും ശാപവും ആയിമാറി. ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങൾ ജനങ്ങളെ രസിപ്പിക്കുന്നതോടൊപ്പം അവരെ ബോധവൽക്കരിക്കുകയും വേണം. പുത്തൻ വിപണന തന്ത്രങ്ങളിലൂടെ ജനങ്ങളിൽ തെറ്റായ

അഭിരുചികൾ വളർത്തുകയും ആവശ്യവസ്തുക്കൾക്ക് പകരം ആഡംബര വസ്തുക്കളുടെ വർദ്ധിച്ച ഉപഭോഗവും ഉൽപ്പാദനവും സൃഷ്ടിക്കുന്ന മാദ്ധ്യമ സംസ്ക്കാരത്തിൽ മാറ്റം വരുത്തണം. അതോടൊപ്പം വായനയുടെ സാഹചര്യങ്ങളും വിപുലീകരിക്കണം. ഗ്രാമീണ വായനശാലകൾ നവീകരിക്കേണ്ടിയിരിക്കുന്നു. വായന സാംസ്ക്കാരിക വളർച്ചയുടെ പ്രധാന ഘടകമാണ്. നമ്മുടെ സംസ്ക്കാരത്തിന്റേയും പാരമ്പര്യത്തിന്റേയും സഞ്ചിതരൂപങ്ങളാണ് പുസ്തകങ്ങൾ. അതിനാൽ സംസ്ക്കാരം വായനയിലൂടെ രൂപപ്പെടുത്തിയാൽ മാനുഷിക ബന്ധങ്ങളും മൂല്യസങ്കൽപ്പങ്ങളും ഉറപ്പിക്കുവാൻ കഴിയും. കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിന് സ്കൂൾ ലൈബ്രറികൾ സജീവമാക്കണം.

"ആചാര്യാൽ പാദമാദത്തം
പാദം ശിഷ്യൻ സ്വമേധയാ
പാദം സമ്പ്രചാരിഭ്യാം
പാദം കാലക്രമേണച"

ജനങ്ങളെ സാംസ്ക്കാരികമായി ഉയർത്തുവാൻ സാഹിത്യകലാരംഗങ്ങളിലെ പുതിയ വികാസങ്ങൾ അവരുടെ അടുത്ത് എത്തിക്കേണ്ടിയിരിക്കുന്നു. ഇതിനായി പുതിയ പഞ്ചായത്ത്രാജ് അധികാരമുപയോഗിച്ച് ക്രിയാത്മകമായി മുന്നേറേണ്ടിയിരിക്കുന്നു. സാഹിത്യ ഉത്സവങ്ങളും സംഗീതോത്സവങ്ങളും പുസ്തകോത്സവവും ചരിത്ര പ്രദർശനങ്ങളും പ്രഭാഷണപരമ്പരകളും ജനപങ്കാളിത്തത്തോടെ നടത്തണം. നാടൻ കലകൾ, പാട്ടുകൾ, ക്ഷേത്രവാദ്യങ്ങൾ,സംഘഗാനങ്ങൾ,തെരുവു നാടകങ്ങൾ എന്നിവ ഉൾപ്പെടുത്തി ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കണം. കലാപഠനത്തിന് കലാകേന്ദ്രങ്ങൾ തുടങ്ങുന്നതും നല്ലതാണ്. പുതിയ തലമുറയിലെ എഴുത്തുകാരെയും,കലാകാരന്മാരേയും പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പരിപാടികൾ വേണം. ഗ്രാമീണ യുവതീ യുവാക്കളുടെ സർഗ്ഗാത്മകത പ്രകടിപ്പിക്കുവാൻ ക്യാമ്പുകളും ശില്പശാലകളും സംഘടിപ്പിക്കാവുന്നതാണ്. സ്കൂൾ യൂത്തുഫെസ്റ്റിവലുകൾ ഫലപ്രദമാക്കേണ്ടിയിരിക്കുന്നു. ഓരോ വാർഡിലും മലയാളം അക്ഷരങ്ങൾ നന്നായി പഠിപ്പിക്കുന്നതിനും അക്കങ്ങൾ കൂട്ടാനും ഗുണിക്കാനും ഹരിക്കാനും പഠിപ്പിക്കുന്ന കുടിപ്പള്ളിക്കൂടങ്ങൾ ആരംഭിക്കുകയും ആശാന്മാരെ നിയമിക്കുകയും വേണം. ഗ്രാമ-ബ്ലോക്ക്- ജില്ലാ-സംസ്ഥാന തലങ്ങളിൽ പരസ്പരബന്ധിതമായ സാംസ്ക്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുകൊണ്ട് സാംസ്ക്കാരിക രംഗത്ത് ശ്രദ്ധേയമായ മാറ്റം ഉണ്ടാക്കാവുന്നതാണ്.

മനുഷ്യനെ സാംസ്ക്കാരികമായി വളർത്തുന്നത് ഉദാത്തമായ ജീവിതാനുഭവങ്ങളാണ്. ലക്ഷ്യബോധത്തോടെ തെരഞ്ഞെടുത്ത് രൂപാന്തരം വരുത്തിയ ജീവിത അനുഭവങ്ങളാണ് സാഹിത്യം. ആയതിനാൽ സാംസ്ക്കാരിക വളർച്ചക്ക് സ്വന്തം ജീവിതാനുഭവങ്ങളെ കഴിച്ചാൽ ഏറ്റവും പ്രധാനം സാഹിത്യമാണ്. എന്നാൽ ജീവിതാനുഭവങ്ങൾ എപ്പോഴും രസകരമല്ല. സാഹിത്യം രസകരവുമാണ്. അതുകൊണ്ട് സർഗ്ഗാത്മക സാഹിത്യവും വൈജ്ഞാനിക ഗ്രന്ഥങ്ങളും നമ്മുടെ വഴികാട്ടിയാവണം. ആയതിനാൽ നമ്മൾ നല്ല സാഹിത്യാസ്വാദകരും കലാസ്വാദകരുമായി മാറുകയും കുട്ടികളെ ഇതിലേക്ക് മാറ്റാൻ പ്രേരിപ്പിക്കുകയും വേണം.

ശാസ്ത്ര സാങ്കേതിക വിജ്ഞാനം, കാർഷിക സാങ്കേതിക വിജ്ഞാനം, ആരോഗ്യ വിജ്ഞാനം മഹാന്മാരുടെ ദർശനങ്ങൾ, ചരിത്രപഠനം ഇവയെല്ലാവർക്കും പ്രയോജനപ്പെടത്തക്ക രീതിയിൽ പുസ്തകങ്ങൾ ഉണ്ടാക്കി പ്രസിദ്ധീകരിച്ച് ഗ്രാമീണ വായനശാലകളിൽ എത്തിക്കേണ്ടിയിരിക്കുന്നു. സഞ്ചരിക്കുന്ന ലൈബ്രറിയും പുസ്തകപ്രദർശനവും പ്രചാരത്തിൽ എത്തിക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയവുമാണ്.

**നിർദ്ദേശങ്ങൾ.**

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സാംസ്ക്കാരിക നിലയങ്ങൾ ആരംഭിക്കുക.

2. കായിക- കലാപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് യൂത്ത് ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കണം.

3 ദേശീയോത്സവങ്ങൾ പഞ്ചായത്തുതലത്തിൽ ആചരിക്കുന്നതിന് നടപടിവേണം.

4. കുട്ടികൾക്കുവേണ്ടി ചിൽഡ്രൻസ് ഫിലിം സൊസൈറ്റി ആരംഭിക്കണം.

5. പട്ടിക ജാതിക്കാർ- ആദിവാസികൾഎന്നിവരുടെ പരമ്പരാഗത കലകളെ പ്രോത്സാപ്പിക്കുന്നതിനുവേണ്ടി ഫോക്ക് ലോർ മ്യൂസിയം ആരംഭിക്കണം.

6 കായിക- കലാപ്രോത്സാഹനത്തിനുവേണ്ടി കുളത്തൂപ്പുഴ ഠൗണിൽ ഇൻഡോർ സ്റ്റേഡിയം ആരംഭിക്കണം.

7. പഞ്ചായത്ത് ലൈബ്രറി റിസേർച്ച് ലൈബ്രറി ആയി ഉയർത്തണം.

8. ജനവിദ്യാ കേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും ആരംഭിക്കുകയും ഇതോടനുബന്ധിച്ച് ഇൻഫർമേഷൻ കം ഗൈഡൻസ് സെന്റർ, തൊഴിൽ കോച്ചിംഗ് സെന്റർ എന്നിവ ആരംഭിക്കണം.

ആവിശ്യങ്ങൾ

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾക്കും, മഹിളാസമാജങ്ങൾക്കും പ്രവർത്തന ഗ്രാന്റ് അനുവദിക്കുക. സ്വന്തമായി കെട്ടിടം വെക്കുന്നതിന് ധനസഹായം അനുവദിക്കുക.

2. പതിനൊന്നാം മൈൽ,ഡാലിഎന്നിവിടങ്ങളിൽ ക്ലബ്ബിനുവേണ്ടി നാട്ടുകാർ സമ്പാദിച്ച സ്ഥലവും തിങ്കൾകരിക്കത്ത് റവന്യൂ പുറംപോക്ക് ഭൂമിയും പഞ്ചായത്ത് ഏറ്റെടുത്ത് ഗ്രന്ഥശാലകൾ ആരംഭിക്കണം.

3 പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ലൈബ്രറികൾ ആരംഭിക്കണം.

4. കല്ലുവെട്ടാംകുഴി, മഠത്തിക്കോണം,ഡാലി, പതിനൊന്നാം മൈൽ, ചന്ദനക്കാവ്, ബീഡിക്കുന്ന്, രണ്ടാംമൈൽ, പൂമ്പാറ,ചെമ്പനഴികം, സാംനഗർ എന്നിവിടങ്ങളിൽ T.V കിയോസ്ക്ക് സ്ഥാപിക്കണം.

5. എല്ലാ വാർഡുകളിലും ബാലഭവനുകൾ ആരംഭിക്കുക.

6. സ്കൂളുകൾ കേന്ദ്രമാക്കി കുട്ടികൾക്കുവേണ്ടി സാംസ്ക്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

7. പഞ്ചായത്തിൽ നടക്കുന്ന സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങളിലും സമിതികളിലും സംഘടനാപ്രതിനിധികൾക്ക് വേണ്ടത്ര പരിഗണന നൽകണം.

8. ശാസ്ത്രകിസ്സുകളും ശാസ്ത്രപ്രദർശനങ്ങളും സംഘടിപ്പിക്കുക.

9. ക്ലബ്ബുകൾക്ക് കൈയ്യെഴുത്ത് മാസികകൾ ഇറക്കുന്നതിന് പ്രോത്സാഹനം നൽകുക.

10. കുളത്തൂപ്പുഴ പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിലെ എക്കോ സിസ്റ്റം ശരിയാക്കുക.

11. കലാ- സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി എല്ലാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകളെയും കോ- ഓർഡിനേറ്റ് ചെയ്യുകയും സാംസ്ക്കാരിക കേന്ദ്രം ആരംഭിക്കുകയും ചെയ്യുക.

## കായിക രംഗം

ആരോഗ്യമുള്ള ഒരു തലമുറ ഏതൊരു രാജ്യത്തിന്റെയും അവഗണിക്കാനാവാത്ത സമ്പത്താണ്. ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സ് സ്ഥിതിചെയ്യുകയുള്ളൂ. ഒരു സമൂഹത്തിലെ വ്യക്തികളുടെ സമഗ്രവും സർവ്വതോന്മുഖവുമായ പുരോഗതിയായിരിക്കും ആ സമൂഹത്തിന്റെ വളർച്ചയുടെ ചൂണ്ടുപലക.

കായിക പരിശീലനം ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുവാനും നിലനിർത്തുവാനും അവരെ കായികശേഷിയും വികസിത മനസ്സിന്റെ ഉടമകളാക്കി തീർക്കുന്നതിനും കായിക പരിശീലനം ഒരു അവിഭാജ്യഘടകമാണ്. ഒരു രാജ്യത്തിന്റെ പൊതുവായ വളർച്ച ശാസ്ത്ര സാങ്കേതിക രംഗത്തുള്ള വികാസം എന്നീ ഘടകങ്ങളെല്ലാം തന്നെ കായിക സംസ്ക്കാരത്തിന്റെ വളർച്ചയെ സഹായിക്കുന്നതാണ്.ആധുനിക പരിഷ്കൃത രാജ്യങ്ങളും സമൂഹവും കായിക വികസനത്തെഒരു മുഖ്യലക്ഷ്യമായി കാണുന്നത് ഒരു കായിക സംസ്ക്കാരത്തിന്റെ രൂപീകരണമാണ്. കായിക പരിശീലനത്തിൽ ബഹുജന

പങ്കാളിത്തം മൊത്തം ജനതയുടെ ആരോഗ്യ നിലവാരം വിദ്യാഭ്യാസത്തിലും ഉല്പാദനപ്രക്രിയയിലും വിശ്രമവേളയിലും ദൈനംദിന ജീവിതത്തിലും കായിക സംസ്ക്കാരത്തിന്റെ സ്വാധീനം കായിക രംഗത്തിലെ പൊതുവിലുള്ള നേട്ടങ്ങൾ തുടങ്ങിയവ കായിക സംസ്ക്കാരത്തിന് സ്ഥാനം നിർണ്ണയിക്കുന്നതിനുള്ള സൂചകങ്ങളാണ്. ഇത്തരത്തിൽ നാം പരിശോധിക്കുമ്പോൾ നമ്മുടെ രാജ്യത്ത് നാളിതുവരെ നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ കായിക പ്രവർത്തനങ്ങൾ നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള ഒരു കായിക സംസ്ക്കാരം ജനതയിൽ വളർത്താൻ സഹായകമായിരുന്നില്ല എന്നുകാണാൻ കഴിയും. ഈ കുറവുകൾ പരിഹരിക്കുന്നതിന് നമുക്കു ലഭ്യമായ സാധ്യതകൾ വികസിപ്പിച്ച് പരമാവധി പരിശ്രമിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യമുള്ള കായിക പ്രേമികളായ ഒട്ടനവധി യുവതീയുവാക്കൾ ഉണ്ടെങ്കിലും അവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനമോ, സൗകര്യങ്ങളോ ഇന്നില്ല. ഇനി ഈ കുറവുകൾ പരിഹരിക്കുന്നതിന് ചില നിർദ്ദേശങ്ങൾ.

1 എല്ലാ കായിക ഇനങ്ങൾക്കും പരിശീലനം ലഭിക്കത്തക്ക വണ്ണം ഒരു കായിക സമിതി വിദഗ്ദരെ ഉൾപ്പെടുത്തി രൂപീകരിക്കണം.

2. ചെറു പ്രായത്തിലേ കായിക പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

3. കായിക പരിശീലനത്തിനുള്ള സ്റ്റേഡിയം നിർമ്മിക്കുക.

4 സ്വിമ്മിംഗ് പൂൾ( നീന്തൽക്കുളം) നിർമ്മിക്കുക.

5 ഈ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും കായിക പരിശീലനത്തിനാവശ്യമായ മൈതാനങ്ങൾ നിർമ്മിക്കണം.

6. ഒരു കായിക പരിശീലന സ്കൂൾ ഈ പഞ്ചായത്തിൽ ആരംഭിക്കണം.

7. ബാലവാടി മുതൽ കുട്ടികൾക്ക് കളിക്കോപ്പുകളും കായികഉപകരണങ്ങളുംനൽകേണ്ടതാണ്.

8 കായിക സമിതികൾക്ക് കായിക ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

9 യുവജനങ്ങൾക്കായി യൂത്ത് ഡവലെപ്മെന്റ് സെൻറുകൾ ആരംഭിക്കണം.

## വിനോദ സഞ്ചാരം

ഹൃദയം കവരുന്ന കാനന ഭംഗി. ഏതുകാലാവസ്ഥയിലും കുളിരുകോരുന്ന കുളിർമ്മ. പുളകോദ്ഗമകാരികളായ കല്ലോലിനികൾ, നയനാനന്ദകരമായ വെള്ളച്ചാട്ടങ്ങൾ, പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ചാരുതകൾകൊണ്ട് കുളത്തൂപ്പുഴക്കു് വിനോദസഞ്ചാര വികസന രംഗത്തു് അനന്തസാദ്ധ്യതകളാണുള്ളതു്.

പ്രകൃതി കനിഞ്ഞു നൽകിയ ഈ സൗകുമാര്യങ്ങൾ കാത്തു സൂക്ഷിച്ചാൽ കിഴക്കൻ മലമടക്കുകൾ ടൂറിസ്റ്റുകളുടെ പറുദീസയാക്കാം.

കുന്നുകളും താഴ്വരകളും തടാകങ്ങളും കാട്ടാറുകളും പാറക്കൂട്ടങ്ങളും കൊണ്ടു് സുന്ദരമായ ഈഭൂപ്രദേശത്തുനിന്നു് ജീവജാലങ്ങളുടെ മന്ത്രമധുരമായ ശബ്ദം ഇമ്പം പകരുന്ന ഗാനമാധുരി സദാ നിർഗളിക്കുന്ന അനുഭൂതിയാണു് നൽകുക.

സഹ്യാദ്രിയുടെ മടിത്തട്ടിൽ കാണുന്ന ശംഖിലിവനം ഏറെ പ്രത്യകതകൾ നിറഞ്ഞതാണു്. പകൽപോലും സൂര്യരശ്മി മണ്ണിൽ പതിക്കാത്ത നിത്യഹരിതവനപ്രദേശമാണിതു്. ഏറ്റവും കൂടുതൽ മഴലഭിക്കുന്ന ഇവിടെ നീലകൊടുവേലിയും ഉണ്ടു്.

കുളത്തൂപ്പുഴയിൽ നിന്നു് 20 k.m. അകലെ സ്ഥിതിചെയ്യുന്ന ശംഖലിവനങ്ങളിലില്ലാത്ത വന്യ ജീവികൾ കുറവാണു്. കഴുതുരുട്ടിയാറും

കുളത്തൂപ്പുഴയാറും ചെന്തുരുണിയാറും ചേർന്നൊഴുകുന്ന കല്ലടയാറിന്റെ സംഗമസ്ഥലമായ പരപ്പാറിലെ അണക്കെട്ടും അതിനെചുറ്റിയുള്ള നിത്യഹരിതവനങ്ങളുംടൂറിസ്റ്റുകളെ ആകർഷികുന്ന കാഴ്ചകളാണ്. ഇവിടെ ബോട്ടിംഗ് സൗകര്യം ഒരുക്കിയാൽ വന്യമൃഗസംരക്ഷണ മേഖലയിൽ സൈരവിഹാരം നടത്തുന്ന ആനയെയും കരടിയെയും കാട്ടുപോത്തിനെയും അടുത്തുകാണുവാൻ അവസരം ലഭിക്കും

പണ്ടുമുതലേ പ്രസിദ്ധമായ മീൻമുട്ടി നൂറുകണക്കിന് സഞ്ചാരികളെ ആകർഷിച്ചിരുന്നതാണ്. കല്ലട അണക്കെട്ടു വന്നതോടെ ഇത് ഇന്ന് വലിയ തടാകമായി മാറികഴിഞ്ഞിരിക്കുന്നു. ദീപുകളും ഉപദ്വീപുകളും കൊണ്ടു് മനോഹരമായ ഒരു പ്രദേശമാണു് ഈ തടാകമദ്ധ്യത്തിലെ മീൻമുട്ടി. കല്ലട ജലസേചന പദ്ധതിയുടെ കാച്ചുമെന്റ് പ്രദേശത്തെ ചുറ്റിപ്പറ്റി കിടക്കുന്ന റോസുമലയും കട്ടിളപ്പാറയും ഹനുമാൻ കുന്നും എല്ലാം പ്രകൃതി സുന്ദരങ്ങളാണു്.

റോസാദളങ്ങൾ പോലെ ആകർഷകങ്ങളായ മലമടക്കുകളോടുകൂടിയ റോസുമലയിൽ സൂര്യാസ്തമയം ദർശിക്കുന്നവർക്കു് കന്യാകുമാരിയുടെ ഓർമ്മ ജനിപ്പിക്കും. ചുവപ്പും മഞ്ഞയും കലർന്ന സൂര്യ പ്രകാശം വെള്ളത്തിൽ പ്രതിഫലിച്ചു് വലിയൊരനുഭൂതി തന്നെ നല്കും.

ആദിവാസികളുകടെ നിഷ്കളങ്കമായ ജീവിതരീതിയും അവരുടെ തനതായ നാടോടി കലകളും കരകൗശലവസ്തുക്കളും പാട്ടും കൂത്തും എല്ലാം പ്രത്യേകം പഠനം അർഹിക്കുന്നവയാണു്. അനേകായിരം വർഷങ്ങളുടെ പാരമ്പര്യമുള്ള ജനവാസകേന്ദ്രങ്ങളായിരുന്നു ഈപ്രദേശത്തെ മലമടക്കുകളെന്നതിനു് സാക്ഷ്യം വഹിക്കുന്ന പലകാഴ്ചകളും ഉണ്ടു്.

മനോജ്ഞമായ പ്രകൃതിഭംഗിയുമായി കുളത്തൂപ്പുഴ കാത്തിരിക്കുന്നു. മലകളും കാട്ടരുവികളും കത്തിജ്വലിപ്പിക്കുന്ന കാനനഭംഗിയും കുളിർമ്മയേകുന്ന കാറ്റിന്റെ പുഴയോരങ്ങളും നിറവും മണവും ഉള്ള ചെടികളും കണ്ടു കണ്ടു ക്ഷേത്രകടവിലെ തിരുമക്കളുടെ ചുഴച്ചിലും കണ്ടു് കാലത്തിന്റെ ഒഴുക്കിനോപ്പം മാറാം നമുക്കു്.

ആരെയും കവിയാക്കും സൗന്ദര്യമേ
ആവണിപ്പൂ വിരിയും ആരാമമേ
ആയിരം വർണ്ണങ്ങളിലാഴിക്കരയിൽ
പണ്ടാരോ വരച്ചുവച്ച ലാവണ്യമേ !

നീയെന്റെ സ്വപ്നങ്ങൾക്കു ചിറകുതന്നു !
നീയെന്റെ മോഹങ്ങൾക്കു ചിലമ്പു തന്നു
നീയെങ്ങു നിവർത്തിയ പീലികുടങ്ങളുടെ
നീലക്കുളിർത്തണലിൽ ഞാനിരുന്നു.

നീമണിത്തൊട്ടിലാട്ടി ഞാനുറങ്ങി
നീയോണ വില്ലുകൊട്ടി ഞാനുണർന്നു
നിൻ തുമ്പപ്പൂക്കളത്തിൽ പൊന്നിളം വെയിലത്തു
തുമ്പിക്കിടാങ്ങളുമായ് ഞാൻ കളിച്ചു.

ആരെയും കവിയാക്കും സൗന്ദര്യമേ
ആയിരത്തിരി മിന്നും ഗോപുരമേ
ആനന്ദനൃത്തം ചെയ്യുമാഴിതൻ ചാരത്തോരു
ഗാനമായ് തുടിക്കന്ന ലാവണ്യമേ

ഒ...എൻ...വി.

സ്മരണയിൽ ഒരനുഭൂതിയാവാൻ കാലാന്തരങ്ങളിൽ സ്വകാര്യമായ് ഓമനിക്കാൻ ഒരു യാത്ര വിനോദസഞ്ചാരികളെ നിങ്ങൾക്കായ് കുളത്തൂപ്പുഴ കാത്തിരിക്കുന്നു.

വിനോദസഞ്ചാരവികസനത്തിനു് പ്രത്യേക ഊന്നൽ നല്കി പദ്ധതികൾ വേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. തിരുവനന്തപുരം-ചെങ്കോട്ട റോഡിൽ വശങ്ങളിൽ പാർക്കുകളും വഴിയോരവിശ്രമകേന്ദ്രങ്ങളും നിർമ്മിക്കണം.

2. ശംഖിലി പക്ഷിസംരക്ഷണ കേന്ദ്രമായി മാറ്റണം.

3. മീൻമുട്ടിയിൽ ബോട്ടുജെട്ടി സ്ഥാപിക്കണം.

4. ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ സഹായം ഉറപ്പാക്കണം.

5. ടൂറിസം വികസനത്തിന് സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉറപ്പാക്കണം.

6. വമ്പിച്ച പ്രചാര പ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തണം.

7. യാത്രി നിവാസ്, ഗസ്റ്റ്ഹൗസ് എന്നിവ ആരംഭിക്കേണ്ടിയിരിക്കുന്നു.

8 റിസോർട്ട്, ഹെൽത്ത് സെന്റർ, ഇൻഫർമേഷൻ സെന്റർ എന്നിവ ആരംഭിക്കണം.

## ടൗൺവികസനം

കുളത്തൂപ്പുഴ ടൗൺ വികസിച്ചു കൊണ്ടിരിക്കുകയാണ്. സ്ഥാപനങ്ങളും കടകളും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. നാൾക്കു നാൾ വാഹനങ്ങളുടെയും ജനങ്ങളുടെയും എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ടൗണിന്റെ വികസനത്തിനു വേണ്ടി ഗതാഗതക്കുരുക്ക് ഒഴിവാക്കേണ്ടിടിരിക്കുന്നു. പുരാതനമായ തിരുവനന്തപുരം ചെങ്കോട്ട റോഡ് ടൗണിലൂടെയാണ് കടന്നു പോകുന്നത്. പ്രശസ്തമായ ശാസ്താ ക്ഷേത്രവും, കുളത്തൂപ്പുഴ ജമാ-അത്ത് പള്ളിയും ടൗണിനോടു ചേർന്നു സ്ഥിതി ചെയ്യുന്നു. ശബരിമല മണ്ഡലപൂജ, മകരവിളക്ക് കാലത്ത് അയ്യപ്പൻ മാരുടെ നല്ല തിരക്കാണ്. ഇത് നാൾക്കു നാൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. അടിയന്തിരമായി ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനു വേണ്ടി നടപടികൾ എടുക്കേണ്ടിയിരിക്കുന്നു. ഹിൽ ഹൈവേ വികസനം ത്വരിതപ്പെടുത്തണം.. കൂടാതെ ടൗണിന്റെ വികസനത്തിനു വേണ്ടി വൺ വേ സമ്പ്രദായം ഏർപ്പെടുത്താവുന്നതാണ്. ഇതിനു വേണ്ടി തിരുവനന്തപുരത്തു നിന്നും വരുന്ന വാഹനങ്ങൾ K.S.R.T.C. ഡിപ്പോയ്ക്കു സമീപം ഗണപതി വിളാകം റോഡ് വഴി തിരിച്ചുവിട്ട്, T.B യ്ക്കു സമീപം കൂടി അഞ്ചൽ- കുളത്തൂപ്പുഴ റോഡിൽ കടന്ന് മുസ്ലീം പള്ളി ക്കു സമീപത്തിലൂടെ വൺവേ ആക്കാവുന്നതാണ്.

കുളത്തൂപ്പുഴയിൽ 120- ഓളം ഓട്ടോ റിക്ഷകളും, 40- ഓളം കാറുകളും 70- ഓളം ജീപ്പുകളും, 20- ഓളം ലോറികളും 30- ഓളം ടെമ്പോകളും ടൗണിൽ കേന്ദ്രീകരിക്കുന്നത് യാത്രക്കാർക്കും ടൗണിന്റെ വികസനത്തിനും തടസ്സമാകുന്നു. 100- ഓളം പ്രൈവറ്റ് ബസ്സുകളും കുളത്തൂപ്പുഴയിൽ നിന്നും സർവ്വീസ് നടത്തുന്നു. ഇവ കേന്ദ്രീകരിക്കുന്നതിന് വേണ്ടി പ്രത്യേക സ്റ്റാന്റുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

കുളത്തൂപ്പുഴ ഫോറസ്റ്റ് റെയിഞ്ചാഫീസ് നിൽക്കുന്ന സ്ഥലം റവന്യൂഭൂമിയാണ്. അത് ഒഴിപ്പിച്ചെടുത്ത് സ്റ്റാന്റുകൾക്ക് (ടാക്സി, ഓട്ടോ, ജീപ്പ്) ഉപയോഗിക്കാവുന്നതാണ്.

K.S.R.T.C ഡിപ്പോയിൽ നിന്നും ബസ്സുകൾ ഇറങ്ങിപ്പോകുന്നതിനുവേണ്ടി ആനക്കൂട് തോട് പുറംപോക്ക് കൈയ്യേറിയ ഭൂമി തിരിച്ചൊഴിപ്പിച്ച് വഴിയാക്കണം.

കുളത്തൂപ്പുഴഅരിപ്പയിൽ 745/1 സർവ്വേയിൽപെട്ട 94 ഏക്കർമിച്ചഭൂമിയിൽ നിന്ന് കുളത്തൂപ്പുഴയിൽ കോളേജ് സ്ഥാപിക്കുവാനാവശ്യമായ സ്ഥലം ഏറ്റെടുത്ത് വനം വകുപ്പിന് കൈമാറിയിട്ട് വനംവകുപ്പിന്റെ വക 16 ഏക്കറിലുള്ള ഭൂമിയിൽ കോളേജ് സ്ഥാപിക്കാവു ന്നതാണ്. ഈപ്രദേശത്ത് കോളേജ് ആരംഭിക്കുന്നതോടെ കുളത്തൂപ്പുഴയുടെ സമൂലമായ മാറ്റത്തിന് തുടക്കം കുറിക്കാം. കുളത്തൂപ്പുഴ ടൗണിലുള്ള പൊതു മാർക്കറ്റ് ടൗൺ ഏലായിലേക്ക് മാറ്റി സ്ഥാപിച്ചാൽ പഞ്ചായത്തുവക മിനി സിവിൽ സ്റ്റേഷൻ ഇവിടെ ആരംഭിക്കുകയും ചെയ്യാം എല്ലാ ഓഫീസുകളും കേന്ദ്രീകരിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇത് പൊതുജനങ്ങൾക്ക് വളരെ അധികം പ്രയോജനപ്രദമാണ്.

പഞ്ചായത്ത് ആഫീസിന് മുൻവശം ഉള്ള സ്ഥലം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നത് പ്രയോജനപ്രദവും, ആദായകരവുമാണ്. ക്ലീൻ കുളത്തൂപ്പുഴയ്ക്കുവേണ്ടി ടൗണിൽ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തണം.

**കുളത്തൂപ്പുഴ കേന്ദ്രമാക്കി താലൂക്ക് അനുവദിക്കണം.**

കൊല്ലം ജില്ലയുടെ കിഴക്കൻമലയോരപ്രദേശങ്ങളെ ഉൾപ്പെടുത്തി കുളത്തൂപ്പുഴ ആസ്ഥാനമാക്കി താലൂക്ക് രൂപീകരിക്കുന്നത് പ്രയോജനപ്രദവും സൗകര്യപ്രദവുമാണ്. ഭൂരിഭാഗം ജനങ്ങളും പട്ടികജാതി പട്ടിക വർഗ്ഗക്കാർ, തമിഴ്ന്യൂനപക്ഷവിഭാഗക്കാരും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തുകാർക്ക് ഇത് ഏറെ സഹായകകരമാണ്. റീഹാബിലേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, K.L.D ബോർഡ് ഓയിൽപാം ഇന്ത്യ ലിമിറ്റഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും K.S.R.T.C ഡിപ്പോയും 8 സ്കൂളുകളും നിരവധി സർക്കാർ ഓഫീസുകളും പ്രവർത്തിക്കുന്ന കുളത്തൂപ്പുഴ പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തും വിസ്തൃതിയിൽ ജില്ലയിൽ ഒന്നാം സ്ഥാനത്തുമാണ്. ഇപ്പോഴത്തെ താലൂക്ക് ആസ്ഥാനമായ പുനലൂരെത്തണമെങ്കിൽ 40 കി.മി. യാത്ര ചെയ്യണം. ഇത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. കിഴക്കൻ മേഖലയിലെ മറ്റു പഞ്ചായത്തുകളായ തെന്മല, ആര്യംകാവ്, അലയമൺ, ഏരൂർ എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി കുളത്തൂപ്പുഴ കേന്ദ്രമാക്കി താലൂക്ക് രൂപീകരിക്കണമെന്ന് ഗ്രാമസഭകളിൽ ശക്തമായ ആവശ്യങ്ങൾ ഉയർന്നു. താലൂക്ക് ആസ്ഥാനത്തിനുവേണ്ടി സ്ഥലവും സൗകര്യങ്ങളും സൗജന്യമായി നൽകുവാൻ പഞ്ചായത്ത് സമിതി തയ്യാറാണ്.

**എസ്.ബി.റ്റി. ബ്രാഞ്ച് അനുവദിക്കണം.**

ഗൾഫിൽ ജോലിയുള്ളവരും ഉദ്യോഗസ്ഥന്മാരും ധാരാളമായി ഉള്ള കുളത്തൂപ്പുഴയിൽ നിക്ഷേപകരുടെയും വിനിമയക്കാരുടെയും ആവശ്യങ്ങൾക്ക് സഹായകരമാകുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ച് കുളത്തൂപ്പുഴയിൽ അനുവദിക്കുന്നത് ഗുണകരവും പ്രയോജനപ്രദവുമാണ്. ഇതുമൂലം കാർഷിക വ്യവസായിക മേഖലകളിൽ പുത്തൻ ഉണർവ് ലഭിക്കുകയും ചെയ്യും.

**ഭൂമി പ്രശ്നം**

കുളത്തൂപ്പുഴ പഞ്ചായത്തിന്റെ വികസനത്തിന് ഭൂമി കിട്ടാനില്ലാത്തത് തടസ്സമാണ്. അതിനായി ടൗണിൽ ഉപയോഗപ്രദമല്ലാതെ കിടക്കുന്ന ഇൻസ്പെക്ഷൻ ബംഗ്ലാവു കെട്ടിടവും രണ്ട് ഏക്കർ സ്ഥലവും പഞ്ചായത്തിന് വിട്ടുകിട്ടിയാൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതും പഞ്ചായത്തിന്റെ മുഖഛായ മാറ്റുവാനും കഴിയും.

റവന്യൂവക ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള തിരുവനന്തപുരം ഫോറസ്റ്റ് റയ്ഞ്ചാഫീസ് കെട്ടിടവും സ്ഥലവും ഒഴിപ്പിച്ചാൽ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

തിങ്കൾകരിക്കത്തുള്ള അഞ്ച് ഏക്കർ വനഭൂമിയും ഒഴിപ്പിച്ച് ഏറ്റെടുത്താൽ പഞ്ചായത്തിന്റെ സ്ഥലദൗർലഭ്യത്തിന് പരിഹാരം കാണാവുന്നതാണ്.

16 ഏക്കറിലുള്ള വനഭൂമി ഏറ്റെടുത്ത് ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിന്റെ ഹൃദയാന്തർഭാഗത്ത് കോളേജ് സ്ഥാപിക്കാവുന്നതാണ്. പകരം ഭൂമി വനംവകുപ്പിന് നൽകുന്നതിന് ചോഴിയക്കോട്ടുള്ള മുസലിയാർ വക തർക്കഭൂമി കമ്മീഷനെ അയച്ച് പരിശോധിക്കുകയും ഏറ്റെടുത്ത് നൽകാവുന്നതുമാണ്.

# വനിതാ ക്ഷേമം.



രാഷ്ട്ര നിർമ്മാണപ്രക്രിയയിൽ വനിതകളുടെ പങ്ക് നിർണ്ണായകമാണ്. ജനസംഖ്യയിൽ പകുതിയിലേറെ സ്ത്രീകളുള്ള നമ്മുടെ രാജ്യത്ത് സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിലും വികസന രംഗങ്ങളിലും സ്ത്രീകളുടെ കഴിവുകൾ ഫലപ്രദമായി വിനിയോഗിക്കേണ്ടിയിരിക്കുന്നു." ന സ്ത്രീ സ്വാതന്ത്ര്യമർഹതി". (സ്ത്രീ സ്വാതന്ത്ര്യമർഹിക്കുന്നില്ല.) എന്ന പഴയ രീതികൾ മാറി സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകൾ ശോഭിക്കുന്നു. സ്വതന്ത്ര ഭാരതത്തെ നയിക്കുവാൻ സ്ത്രീക്ക് രണ്ടുതവണ ഭാഗ്യമുണ്ടായി. ലോകരാജ്യങ്ങളുടെ നേതൃസ്ഥാനങ്ങളിലും സ്ത്രീകൾ ഉണ്ട്. സാമൂഹ്യപ്രവർത്തന മേഖലകളിൽ വനിതകളുടെ പങ്ക് ശ്രദ്ധേയമാകുന്നത് പുരുഷന്മാർ അംഗീകരിക്കുന്നില്ല എന്നത് വസ്തുതയാണ്. പഞ്ചായത്ത് രാജ് നിലവിൽ വന്നതോടെ സ്ത്രീകൾക്ക് ഭരണരംഗത്ത് മതിയായ പ്രാതിനിത്യം ലഭിച്ചു. പാർലമെന്റിലും സ്ത്രീകൾക്ക് അർഹമായ പ്രാതിനിത്യം ലഭിക്കുവാൻ അവസരം ഉണ്ടാകുകയാണ്.

കേരളത്തിൽ സ്ത്രീകൾ സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തനരംഗത്തുണ്ട്. ഉദ്യോഗസ്ഥതലത്തിലും മുൻപന്തിയിലാണ്. സ്ത്രീകൾ വഹിക്കുന്ന ഔദ്യോഗിക പദവികൾ 75% മാതൃകാപരമായി കർത്തവ്യ നിർവഹണം നടത്തുന്നുണ്ട്. സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നം സ്ത്രീധന സമ്പ്രദായമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിച്ച് അയക്കുവാൻ ബുദ്ധിമുട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മയും നിലനിൽക്കുന്നുണ്ട്.

മദ്യപാനം മൂലം കഷ്ടപ്പെടുന്നതും സ്ത്രീകളാണ്. അതിനാൽ മദ്യവിൽപ്പനയും ഉല്പാദനവും നിരുത്സാഹപ്പെടുത്തേണ്ടിയിരിക്കുന്നു. തൊഴിൽ മേഖലയിൽ പുരുഷനോടൊപ്പം സ്ഥാനം സ്ത്രീക്കും നൽകേണ്ടിയിരിക്കുന്നു.

കുളത്തൂപ്പുഴ പഞ്ചായത്തിലെ ജനസംഖ്യയിൽ 16840 പേർ സ്ത്രീകളാണ്. സ്ത്രീപുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1025 സ്ത്രീകൾ വീതം ഉണ്ട്. ഇത് സംസ്ഥാന- ജില്ലാ ശരാശരിയേക്കാൾ കുറവാണ്. ഇവിടുത്തെ സ്ത്രീകൾ വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ രംഗങ്ങളിലും സജീവമാണ്. 12 മഹിളാ സമാജങ്ങളും 2 D.W .C.R.A യൂണിറ്റുകളും ഒരു വനിതാ പട്ടിക വർഗ്ഗ നെയ്ത്തു സഹകരണ സംഘവും പ്രവർത്തിക്കുന്നു. 12 മഹിളാ സമാജങ്ങളിലായി 1200 റോളം അംഗങ്ങളുണ്ട്. സ്ത്രീകൾ മുൻകൈ എടുത്ത് ബാലവാടികളും സൗജന്യ ട്യൂഷൻകേന്ദ്രങ്ങളും നടത്തുന്നുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങളിലും ഇൻസ്ട്രക്റ്റർമാരായും മാസ്റ്റർ ട്രയിനന്മാരായും സ്ത്രീകളാണ് മുൻപന്തിയിൽ. തൊഴിൽ രംഗത്തും സ്ത്രീകൾ മുൻപന്തിയിലാണ്. സ്ത്രീകൾക്കു വേണ്ടി സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തുന്നുണ്ട്. ബ്ലോക്കിൽ നിന്നുമുള്ള ഫീഡിംഗ് സെന്ററുകൾ നിർത്തിയത് മഹിളാസമാജങ്ങളെ കാര്യമായി ബാധിച്ചു.

പൊതുപ്രവർത്തനത്തിന്റെ വിവിധമേഖലകളിലും വനിതകളുടെ പങ്കാളിത്തം സജീവമാണ്. പഞ്ചായത്ത് വില്ലേജ് തലങ്ങളിൽ വിവിധ ബഹുജന സംഘടനകളുടെ ഭാരവാഹികളായി 42 വനിതകൾ ഉണ്ട്. വനിതകളുടെ മാത്രമുള്ള 4 ചെറുകിട വ്യവസായ യൂണിറ്റുകളും പ്രവർത്തിക്കുന്നു. 1 മഹിളാപ്രധാൻ ഏജന്റുമാരും ഉണ്ട്.

പ്രശ്നങ്ങൾ

1. വനിതകൾക്ക് ജനാസംഖ്യാനുപാതികമായി പ്രതിനിത്യം നൽകുന്ന കാഴ്ചപ്പാട് രാഷ്ട്രീയ പാർട്ടികൾ സ്വീകരിക്കുന്നില്ല.

2. സ്ത്രീകൾ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് പ്രത്യേക പ്രോത്സാഹനം ഇല്ല.

3. വനിതാ കോർപ്പറേഷന്റെ സഹായം ലഭ്യമല്ല.

4. സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നില്ല.

5. അംഗൻവാടി ടീച്ചർമാർ, ഹെൽപ്പർമാർ എന്നിവരെ സർക്കാർ തലത്തിൽ സ്ഥിരപ്പെടുത്തുക.

6. പച്ചക്കറികൃഷിക്ക് വനിതകൾക്ക് ധനസഹായം നൽകുക.

7. വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഗ്രാന്റും പലിശ രഹിത ധനസഹായവും അനുവദിക്കുക.

ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. ഗർഭിണികൾക്കും, ശിശുക്കൾക്കും പാലൂട്ടുന്ന അമ്മമാർക്കും സമ്പൂർണ്ണ പോഷകാഹാരം പരിപാടി വ്യാപകമാക്കണം

2. അനാഥരായ സ്ത്രീകളേയും വൃദ്ധകളേയും സംരക്ഷിക്കുന്നതിന് അനാഥമന്ദിരം സ്ഥാപിക്കുക.

3. എല്ലാ വാർഡുകളിലും വനിതകളുടെ ഉന്നമനത്തിന് വേണ്ടി D.W.C.R.A യൂണിറ്റുകൾ ആരംഭിക്കുക.

4. നിർദ്ധനരുടെയും വിധവകളുടെയും കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിപ്പിച്ച് അയക്കുന്നതിന് പഞ്ചായത്തിൽ നിന്നും ധനസഹായം നൽകേണ്ടതാണ്.

5. വ്യാജവാറ്റ് അവസാനിപ്പിക്കുന്നതിന് ആവശ്യമായ ജനകീയ കമ്മറ്റികൾ രൂപീകരിക്കുകയും ആയതിന് പഞ്ചായത്ത് പ്രോത്സാഹനം നൽകുകയും ചെയ്യുക.

6. പഞ്ചായത്തു പ്രദേശത്ത് സമ്പാദ്യശീലവും ദേശീയ വരുമാനവും വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള M.P.K.B.Y ഏജന്റുമാരോടൊപ്പം കൂടുതൽ വനിതകളെ നിയമിക്കുക.

7. എല്ലാ വാർഡുകളിലും വനിതകളുടെ Self help group കൾ (സ്വാശ്രയ സംഘം) രൂപീകരിക്കുക.

8. പഞ്ചായത്തിൽ പ്രീ- പ്രൈമറി ടീച്ചേഴ്സ് ട്രയിനിംഗ് സെന്റർ ആരംഭിക്കുക.

9. ടൗൺ കേന്ദ്രീകരിച്ചു വനിതാ കാന്റീൻ ആരംഭിക്കുക.

10. വനിതകൾക്കുവേണ്ടി സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക.

11. വനിതാ വ്യവസായ സംരംഭകർക്ക് ബാങ്ക്വായ്പ ലഭ്യമാക്കുന്നതിന് നിലവിലുള്ള കടമ്പകൾ ലഘൂകരിക്കുക

12. ചന്ദനക്കാവിൽ പാറവിളക്കോണത്ത് പ്രവർത്തന രഹിതമായി കിടക്കുന്ന നേഴ്സറി സ്കൂൾ പഞ്ചായത്ത് ഏറ്റെടുത്ത് പ്രവർത്തനം നടത്തണം.

# പട്ടിക ജാതി ക്ഷേമം

രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി പറഞ്ഞിട്ടുണ്ട് ഒരു രാജ്യത്തിന്റെ പുരോഗതി ആ പ്രദേശത്തെ ദുർബലവിഭാഗങ്ങളുടെ ഉയർച്ചയുടെ വർദ്ധനവിനെ കണക്കിലെടുത്താണെന്ന്.



കുളത്തൂപ്പുഴ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ജനസംഖ്യ 7048 ആണ്. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗക്കാരെ ഉയർത്തുന്നതിനു വേണ്ടി വിവിധ സാമൂഹ്യ സാമ്പത്തിക പരിപാടികൾ നടപ്പിലാക്കി വരുന്നു. കുളത്തൂപ്പുഴയിലെ മാത്തിക്കോണം, പൂമ്പാറ, സി 82 1/2 എന്നീ കോളനികൾ I.H.D.P കോളനിയായി പ്രഖ്യാപിച്ചിട്ടുണ്ട്. കുളത്തൂപ്പുഴ പഞ്ചായത്തിൽ 10 തരം പട്ടികജാതി വിഭാഗക്കാർ സ്ഥിരതാമസം ഉണ്ട്. ഇവരുടെ പ്രധാന തൊഴിൽ പരമ്പരാഗത കൈത്തൊഴിലുകളും കൃഷിപ്പണിയും കൃഷിയുമാണ്. പ്രധാനകൃഷികൾ തെങ്ങ്, മരച്ചീനി,വാഴ,കമുങ്ങ്,നെല്ല് തുടങ്ങിയവയാണ്. തുച്ഛമായ ഭൂമി മാത്രം കൈവശമുള്ളവരാണ് ഇവരിൽ പലരും പട്ടികജാതിക്കാർക്കുവേണ്ടി പട്ടികജാതി സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.

ഈ വിഭാഗത്തിൽ നിന്നും ഒരു പഴയ കാല M.L.A ഉണ്ടായിരുന്നു. M.L.A തേവൻ എന്നറിയപ്പെട്ട ഇദ്ദേഹം അടുത്തകാലത്താണ് നിര്യാതനായത്.

ഇവരുടെ ഉന്നമനത്തിനായി ഇവർതിങ്ങി പാർക്കുന്ന 50 ഏക്കർ, മാത്തിക്കോണം, പൂമ്പാറ, ബീഡികുന്ന് എന്നിവ ഐ.എച്ച്.ഡി.പി കോളനികളായി പ്രഖ്യാപിച്ച് വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ ഇനിയും ധാരാളം വികസനപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**ഗ്രാമ സഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ**

1. വീടില്ലാത്ത മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് അനുവദിക്കണം.

2. ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കണം.

3. കൊച്ചാഞ്ഞിലി മൂട്, തച്ചൻകോണം, ഭാരതീപുരം പണയിൽ, സാംനഗർ കുഴിവിളകരിക്കം, അരിപ്പ, ഓന്തുപച്ച, റോസുമല, മുക്കാൽ സെന്റ് എന്നീ ഹരിജൻകോളനികളെ I.H.D.P കോളനിയായി പ്രഖ്യാപിക്കുക.

4. പട്ടിക ജാതിക്കാർക്ക് കുടിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ വായ്പകൾ അനുവദിക്കുക.

5. വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിലേക്ക് ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിക്കണം.

6. പട്ടികജാതി കോളനികൾ മുഴുവൻ വൈദ്യുതീകരിക്കണം.

7. S.S.L.C പാസ്സായി നിൽക്കുന്ന പട്ടികജാതി വിഭാഗം കുട്ടികൾക്ക് തൊഴിൽപരമായ പരിശീലനം നൽകണം.

8. പട്ടികജാതി വിഭാഗങ്ങൾപാർക്കുന്ന പ്രദേശം കേന്ദ്രീകരിച്ചു നടത്തുന്ന വ്യാജവാറ്റും വ്യാജചാരായ വിൽപ്പനയും കർശനമായി തടയാനുള്ള നടപടി സ്വീകരിക്കണം.

9. സാം നഗർ- കടമാൻകോട്റോഡ് S.C.P സ്കീമിൽ ഉൾപ്പെടുത്തി ടാർചെയ്യണം.

10. വിധവാ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ ഇവ അർഹരായവർക്ക് അനുവദിക്കണം.

11. പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് അംഗൻവാടികൾ അനുവദിക്കണം.

12. പട്ടികജാതിക്കാരുടെ വസ്തു സംരക്ഷണം ഉറപ്പ് വരുത്തണം.

13. പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായത്തുക വർദ്ധിപ്പിക്കണം.

14. പട്ടികജാതി കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിലേക്ക് ട്യൂഷൻ നടപ്പിലാക്കണം.

15. റേഷൻ കാർഡ് ഇല്ലാത്ത പട്ടികജാതി-കുടുംബങ്ങൾക്ക് റേഷൻ കാർഡ് അനുവദിക്കണം.

16. പട്ടികജാതി-യുവതി-യവാക്കൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽതേടി പോകുന്നതിന് ലോണും ധനസഹായവും അനുവദിക്കണം.

17. 50 ഏക്കറിൽ പട്ടിക ജാതിക്കാർക്കായി അനുവദിച്ചിട്ടുള്ള വീവിംഗ് സൊസൈറ്റിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കേണ്ടതാണ്.

18. 50 ഏക്കർ ഐ. എച്ച്. ഡി.പി കോളനിക്ക് അനുവദിച്ച ട്രാക്ടറിന്റെ പ്രവർത്തനം പുനരാരംഭിക്കുകയും, റോസുമലയ്ക്ക് അനുവദിച്ച ട്രക്കർ സർവ്വീസ് ആരംഭിക്കുകയും വേണം.

# പട്ടികവർഗ്ഗക്ഷേമം

നാട്ടിൽ നിന്നും അകന്ന് വനാന്തരങ്ങളിൽ കഴിയുന്ന ആദിവാസി വിഭാഗങ്ങൾക്ക് അവരുടെതായ സാംസ്ക്കാരിക പാരമ്പര്യവും ജീവിതരീതിയുമുണ്ട്. അവരുടെ തനിമ കണക്കിലെടുത്തുകൊണ്ടുള്ള വികസനമേ വിജയിക്കുകയുള്ളൂ. പ്രകൃതി ദത്തമായ ഭക്ഷണക്രമവും പരിസ്ഥിതിക്കനുസരണമായ ജീവിത രീതികളും ആദിവാസികളെ വേർതിരിക്കുന്നു. സാംസ്ക്കാരികമായ ഔന്നിത്യം അവരിൽ കാണുവാൻ കഴിയും. അവരുടെ കലാരൂപങ്ങൾ ഈടുറ്റതാണ്. പാടുകളും ചികിത്സാ രീതികളും ഉൽകൃഷ്ടമാണ്.

കുളത്തൂപ്പുഴ പഞ്ചായത്തിലെ ആദിമനിവാസികൾ ആദിവാസികളായിരുന്നു.അവർ ൗണിനോട് ചേർന്നായിരുന്നു താമസം. കാലാന്തരങ്ങളിൽ ഉൾവനങ്ങളിലേക്ക് പിൻവാങ്ങി പരമ്പരാഗത ആദിവാസി വിഭാഗമായ കാണിക്കാർ സമുദായമാണ് ഇവിടെ താമസം. മരക്കൊമ്പുകളിൽ കുടിലുകൾകെട്ടിയും ഈറയിലമേഞ്ഞ കുടിലുകളിലും താമസിച്ചിരുന്ന ഇവർ മന്ത്രവാദങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും പെട്ടവരായിരുന്നു.

ഇന്ന് ആദിവാസികളുടെ സാമൂഹ്യ സാമ്പത്തിക നിലയിൽ മാറ്റം വന്നിട്ടുണ്ട്. 1612 പേരാണ് താമസം. ഇവർക്ക് ആദിവാസി സാക്ഷരതാ പരിപാടിയിലൂടെ പൊതുവിജ്ഞാനം പകർന്നു നൽകിയതിനാൽ സാമൂഹ്യമായി മുഖ്യധാരയിലേക്ക് വന്നിട്ടുണ്ട്.

ആദിവാസികൾ ചൂഷണങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും പൂർണ്ണമായി മോചിതരല്ല. ഇതിനായി ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരണം. ഇവരുടെ ക്ഷേമത്തിനായി പലപദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നുണ്ടെങ്കിലും സമൂഹത്തിലെ മറ്റു വിഭാഗങ്ങളുടെ നിലവാരത്തിലേക്ക് അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി ഉയരാത്തതിന്റെ കാരണങ്ങൾ പഠിക്കുവാനും പദ്ധതികളും പ്രവർത്തനങ്ങളും വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത്, ആദിവാസി സാക്ഷരതാ സമിതിയും, സെന്റർഫോർ അഡൽട്ട് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ആന്റ് എക്സ്റ്റൻഷൻ വിഭാഗം, ഡയറ്റ് എന്നിവയുടെ സഹകരണത്തോടെ ഗവേഷണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങളിൽ ആദിവാസികളുടെ നിർണ്ണായക പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടി പഠന യാത്രകൾ,തൊഴിൽ പരിശീലനങ്ങൾ, വ്യവസായ സംരംഭക പരിശീലനം, ഡൽഹി സ്വാതന്ത്രദിന പരിപാടികളിൽ പങ്കെടുപ്പിക്കൽ, 1994,95 കേരളസർക്കാർ വികാസ് എന്നി പരിപാടികളിൽ പട്ടികജാതി പട്ടിക വർഗ്ഗ സംഘത്തെ പങ്കെടുപ്പിച്ചിട്ടുണ്ട്.

കുളത്തൂപ്പുഴയിൽ മൂന്ന് ആദിവാസി കോളനികളിലായി 400 കുടുംബങ്ങളും 1612 പേർ ജനസംഖ്യയും ഉണ്ട്. ചെറുകര, വില്ലുമല, കടമാൻകോട് എന്നീകോളനികളിലാണ് കൂടാതെ പെരുവഴിക്കാല, രണ്ടാംമൈൽ, കുളമ്പി, പേരാൻകോവിൽ, മുക്കാ, ഇടത്തറ, കല്ലുപച്ച, മരുതിമൂട് എന്നി ഉപകോളനികളുമുണ്ട്. വില്ലുമല, ചെറുകര, കടമാൻകോട് കോളനികളെ I-H-D-P കോളനികളായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം പൂർണ്ണമായി ഇവർക്ക് ലഭിച്ചിട്ടില്ല. കോളനി നിവാസികൾക്ക് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. വൈദ്യുത ലൈൻഭാഗീകമായി മാത്രമേ എത്തിയിട്ടുള്ളൂ, പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കുളത്തൂപ്പുഴയിൽ പ്രവർത്തിക്കുന്നു. പെരുവഴിക്കാല, രണ്ടാംമൈൽ, വട്ടക്കരിക്കം, റോസുമല,കുളമ്പി മുക്ക കല്ലുപച്ച, മരുതിമൂട് എന്നീകോളനികൾ ഉൾവനങ്ങളിലാണ്. അവികസിത പ്രദേശങ്ങളുമാണ്. ഈ പ്രദേശങ്ങളിലെ വികസനത്തിന് പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

വില്ലുമല, ചെറുകര, കടമാൻകോട് കോളനികളിൽ കൃഷി വ്യാപകമാണ്. നെല്ല്, മരച്ചീനി, വാഴ, മലക്കറി,തെങ്ങ്, കമുങ്ങ്, കച്ചോലം, റബ്ബർ തുടങ്ങിയ കൃഷികൾ നടക്കുന്നു. റബ്ബർകൃഷിക്ക റബ്ബർബോർഡിൽ നിന്നും വനംവകുപ്പിൽ നിന്നു

ധനസഹായം ലഭിക്കുന്നുണ്ട്. വനനിയമങ്ങൾ കർശനമായതോടെ വനോല്പന്ന ശേഖരണം വ്യാപകമല്ല. ഔഷധ സസ്യകൃഷിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ആദിവാസി ഭൂമി പ്രശ്നം

ആദിവാസികളുടെ ഭൂമിക്ക് സ്ഥിരമായി പട്ടയം നൽകിയിട്ടില്ല. പണ്ട് കാലങ്ങളിൽ അജ്ഞരായ ആദിവാസികളെ തുച്ഛമായ തുകകൊടുത്തും ലഹരിവസ്തുക്കളും മറ്റും കൊടുത്തു മയക്കി ഭൂമി തട്ടിയെടുക്കുന്ന പതിവ് ഉണ്ടായിരുന്നു. ഇതിനാൽ ആദിവാസികൾ ഫലഭൂയിഷ്ഠമായ സ്വന്തം പുരയിടങ്ങളിൽ കൂലിക്കാരായി കഴിയേണ്ടി വരുന്നു. ഇപ്പോൾ അക്ഷരജ്ഞാനം നേടിയതിലൂടെ സ്വന്തം ഭൂമികൾ തിരിച്ചെടുക്കാനും കൃഷികൾ ചെയ്യാനും തുടങ്ങിയിട്ടുണ്ട്. ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച് തർക്കങ്ങളും നിലവിലുണ്ട്. ഇത്തരത്തിൽ 92 കേസ്സുകൾ നിലവിലുണ്ട്. ഇത്തരം കേസ്സുകളിൽ സർക്കാർ ശക്തമായി ഇടപെട്ടു ആദിവാസികളുടെ ഭൂമി ആദിവാസികൾക്ക് തന്നെ നൽകുവാനും കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് ശക്തമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ആദിവാസികളെ സ്വയംപ്രാപ്തരാക്കുന്നതിനുവേണ്ടി പരമ്പരാഗത കൈത്തൊഴിൽ യൂണിറ്റുകൾ കോളനികളിൽ ആരംഭിക്കേണ്ടിയിരിക്കുന്നു.

ഗ്രാമ സഭകളിൽ ഉയർന്നു വന്ന ആവശ്യങ്ങൾ

1. ആദിവാസികളുടെ ഭൂമിക്ക് പട്ടയം നൽകുക.

2. പെരുവഴിക്കാല, രണ്ടാംമൈൽ, കുളമ്പി വട്ടക്കരിക്കം, പേരാൻകോവിൽ, മുക്ക, മരുതിമൂട്, കല്ലുപച്ച, എന്നീ കോളനികളിലെ റോഡുകൾ നിർമ്മിക്കുക.

3. കോളനി നിവാസികൾക്ക് വിത്തും, വളവും, നടീൽ വസ്തുക്കളും സൗജന്യമായി നൽകുക.

4. ആദിവാസികൾക്ക് കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് നടപടികൾ ലഘൂകരിക്കുക.

5. കോളനികളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

6. സാക്ഷരതാ, തുടർ വിദ്യാഭ്യാസ പരിപാടികൾ. സജീവമാക്കുക.

7. കോളനികളിൽ ജനവിദ്യാകേന്ദ്രങ്ങളും, സാംസ്ക്കാരിക നിലങ്ങളും ആരംഭിക്കുക.

8. സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

9. ഔഷധ സസ്യതോട്ടങ്ങൾ ആരംഭിക്കുക.

10. ആദിവാസി കുട്ടികൾക്ക് ട്യൂഷൻ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.

11. പരമ്പരാഗത കൈത്തോഴിലുകൾ പ്രോത്സാഹിപ്പിക്കുക.

12. തനതുകലകളെ പ്രോത്സാഹിപ്പിക്കുക.

13. ആദിവാസി മേഖലകളിലെ ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്കും, മഹിളാസമാജങ്ങൾക്കും പ്രവർത്തന ഗ്രാന്റ് അനുവദിക്കുക.

14. ആദിവാസികൾക്ക് കെട്ടിട നിർമ്മാണത്തിനാവശ്യമായ തടികൾ, പാറ,മെറ്റൽ എന്നിവ സൗജന്യമായി വനംവകുപ്പിൽ നിന്നും നൽകുക.

15. വനംവകുപ്പിലെ വാച്ചിംഗ് പണികളിൽ ആദിവാസികളെതന്നെ നിയമിക്കുക.

16. ആദിവാസികുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

17. വീടുകളുടെ അറ്റകുറ്റപണികൾ നടത്തുക.

18. മലഞ്ചരക്കു വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക.

19. ആദിവാസികളുടെ ഇൻഷുറൻസ് പരിപാടിയുടെ നടപടി ലളിതമാക്കുക.

20. ആദിവാസികളുടെ ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുക.

21 ആദിവാസികളിൽ നിർദ്ധനരും വിധവകളുമായവരുടെ പെൺമക്കളെ കെട്ടിക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുക.

22. മൊബൈൽ എംപ്ലായിമെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

23. സർക്കാർ സർവ്വീസുകളിൽ നിയമനങ്ങളിൽ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം.

24. വില്ലുമലയിലെ ആഗ്രോസർവ്വീസ് സെന്ററിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കണം.

# KULATHUPUZHA PANCHAYAT




1 RPL Factory
2. Village office Thingalkarikom,
3 Govt Ayurveda dispensary
4. Agricultural office.
5. [illegible] ഓഫീസ്
6 Post office & Telephon office,
7. K.S.E.B Sub office
8. K.L.D & M.M Board
9. Sub Registor office
10. പട്ടികവർഗ്ഗ [illegible] സഹകരണ സംഘം
11 പ്രൈമറി ഹെൽത്ത് സെന്റർ
12. ഫിഷറീസ് ഓഫീസ്
13. ഫോറസ്റ്റ് സ്റ്റേഷൻ
14. K.S.R.T.C Bus Dipo.
15. ഗവൺമെന്റ് ഹോസ്പിറ്റൽ
16. ടിംബർ ഡിപ്പോ.
17 [illegible]
18. [illegible]
19 ഗണപതി ക്ഷേത്രം
20. [illegible]
21 Telephone Exchange
22. Kallada dam.
23. Earth Dam.

# വിഭവ സമാഹരണം




ഏതൊരു രാജ്യത്തേയും സമ്പന്നമാക്കുന്നത് അവിടുത്തെ വിഭവങ്ങളും മനുഷ്യവിഭവശേഷിയുമാണ്. ഉല്പാദന മേഖലയിൽ സാമൂഹ്യക്ഷേമ രംഗത്ത് വികസന പന്ഥാവിൽ വ്യക്തിയുടെയും കുടുംബത്തിന്റേയും സമഗ്രമായ പുരോഗതിയിൽ എന്നിവയിലെല്ലാം ഇത് ശ്രദ്ധേയമാണ്. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാത്ത വികസനം യഥാർത്ഥ വികസനം അല്ല. ഇവിടെ വിഭവങ്ങളുണ്ട്. ഭാവനയും വൈദഗ്ദ്യവുമുള്ളപൗരന്മാരുമുണ്ട്. സമ്പത്തുമുണ്ട്. ഇവയെ സമന്വയിപ്പിക്കണം. മനുഷ്യരും മണ്ണും മഴയും അർത്ഥഗർഭമായ ഭൂമിയും ഉണ്ടായിട്ടും വികസന പ്രക്രിയയിൽ ഉണർവ്വ് ഉണ്ടായിട്ടില്ല. സ്വന്തം നാടിന്റെ കർമവിഭവശേഷികൾ തിരിച്ചറിഞ്ഞ് വികസിപ്പിക്കുവാൻ വേണ്ട അറിവുകൾ സ്വായത്തമാക്കണം. വ്യക്തി ജീവിതത്തിൽ സാമൂഹ്യ ജീവിതത്തിൽ രാഷ്ട്രത്തിന്റെ ഉയർച്ചയിൽ എല്ലാം വിഭവസമാഹരണത്തിന് പ്രഥമ പങ്കുണ്ട്. കുളത്തൂപ്പുഴയിൽ ആദ്യകാലങ്ങളിലെ വിഭവസമാഹരണകാര്യങ്ങളിൽ മാതൃക കാണിച്ചിരുന്നു. 1994 ൽ കുളത്തൂപ്പുഴ U.P.S ന് മുൻവശത്ത് കൂടിയുള്ള റോഡിന് സമാന്തരമായി റോഡ് ശ്രമദാനമായി വെട്ടുകയും പഴയ റോഡ് അടയ്ക്കുവാനും സ്കൂൾ അന്തരീക്ഷം വൃത്തിയാക്കുവാനും കഴിഞ്ഞു.

1993 ജൂലൈയിൽ കേരളം ഇന്ത്യക്ക് മാതൃക കാട്ടിയ ആദിവാസി സാക്ഷരത സംസ്ഥാനതല പ്രഖ്യാപനത്തിന് കുളത്തൂപ്പുഴയാണ് ആതിഥ്യം വഹിച്ചത്. കേരളത്തിലെ എല്ലാ ജില്ലകളിലേയും ആയിരക്കണക്കിന് ആദിവാസികളെ പങ്കെടുപ്പിച്ചു കൊണ്ട് ഒരാഴ്ചക്കാലം നടത്തിയ എക്സിബിഷൻ, സാംസ്ക്കാരിക ഘോഷയാത്ര എന്നിവ ശ്രദ്ധേയമായ പരിപാടികൾ ആയിരുന്നു. ഇയ്ക്കാവശ്യമായ മുഴുവൻ സമ്പത്തും വിഭവങ്ങളും സംഭാവനയായി സ്വീകരിച്ചുകൊണ്ട് പൊതുജനപങ്കാളിത്തത്തോടെ നടത്തി മാതൃക കാണിച്ചു. ഇവിടുത്തെ ജനങ്ങളുടെ കൂട്ടായ്മയുടെ ഫലമായാണ് ഈ നേട്ടം കൈവരിച്ചത്. കേന്ദ്രക്ഷേമകാര്യ മന്ത്രി,സംസ്ഥാന മുഖ്യമന്ത്രി, മന്ത്രിമാർ ,സാമൂഹ്യ രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ പങ്കെടുത്തു.

1994 ൽ കുളത്തൂപ്പുഴയിൽ അനുവദിച്ച K.S.R.T.C ഡിപ്പോയുടെ നിർമ്മാണത്തിനുവേണ്ടി സ്ഥലം കണ്ടെത്തുന്നതിനും കെട്ടിടം പണിയുന്നതിനും വേണ്ടി എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കന്മാരും സാമൂഹ്യ പ്രവർത്തകരും കൂട്ടായി ചേർന്ന് ബസ്സ് ഡിപ്പോ നിർമ്മാണ കമ്മറ്റി ഉണ്ടാക്കുകയും സമ്പത്തും വിഭവങ്ങളും പൊതുജനങ്ങളിൽ നിന്ന് സംഭാവനയായി സ്വീകരിക്കുകയും സാക്ഷരതാ പ്രവർത്തകരുടെ മനുഷ്യവിഭവശേഷി ശ്രമദാനമായി ഉപയോഗിച്ച് മാതൃകാ പരമായി ബസ്സ് ഡിപ്പോയുടെ നിർമ്മാണം ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്തു.

### ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. പഞ്ചായത്തു പ്രദേശത്തുള്ള ആറുകളിൽ നിന്നും തോടുകളിൽ നിന്നും മണൽ ശേഖരിക്കുന്നതിന് ലേലം ചെയ്യുന്നതിന് പഞ്ചായത്തിന് അധികാരം നൽകിയാൽ വരുമാനം ഗണ്യമായി വർദ്ധിക്കും

2. പഞ്ചായത്തു പ്രദേശത്ത് പ്രകൃതിക്കുദോഷമാകാത്ത എല്ലാ സ്ഥലത്തും പാറമടകൾ ആരംഭിക്കുവാൻ പഞ്ചായത്തിന് അധികാരം നൽകിയാൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. റവന്യൂ വക തരിശുഭൂമികളിൽ സ്വകാര്യ വ്യക്തികൾക്ക് നിശ്ചിത കാലത്തേക്ക് കൃഷി പാട്ടത്തിനു നൽകിയാൽ അതുവഴി പഞ്ചായത്തിന് അധിക വരുമാനം ലഭിക്കും.

3. പുതിയ കെട്ടിടങ്ങൾക്ക് റവന്യൂ വകുപ്പ് ഈടാക്കുന്ന നികുതിയുടെ അസസ്സ്മെന്റ് ഒടുക്കലും പഞ്ചായത്തിനെ ഏൽപ്പിച്ചാൽ വരുമാനം വർദ്ധിക്കും.

4. ഗൾഫിലെ മലയാളികളുടെ പണം ക്രിയാത്മകമായി ഉപയോഗപ്പെടുത്തി സമ്പത്ത് കണ്ടെത്താവുന്നതാണ്.

5. വികസനപ്രവർത്തനങ്ങളിൽ മനുഷ്യ വിഭവശേഷി വിനിയോഗിക്കുന്നതാണ്.

6. ആര്യങ്കാവ്- റോസുമല റോഡിന്റെ പണികൾക്ക് ശ്രമദാനവും വിഭവസമാഹരണവും വഴി റോഡുവെട്ടി വിജയിപ്പിക്കാവുന്നതാണ്.

7. തൊഴിൽ രംഗത്ത് വിദഗ്ദരുടെ കർമ്മശേഷി ഉപയോഗപ്പെടുത്തി നേട്ടം ഉണ്ടാക്കാം.

8. കെട്ടിട നികുതിയിലെ അപാകതകൾ പരിഹരിച്ച് വിഭവസമാഹരണം നടത്താം.

9. അനാവശ്യ ചെലവുകൾ ഒഴിവാക്കി വരുമാനം വർദ്ധിപ്പിക്കാം.

10. കല്ലുവെട്ടാം കുഴിയിൽ പത്തുപറ ഭാഗം E.S.M കോളനിയിൽ 15 ഏക്കർ ഡാലിയിൽ ആനവട്ടച്ചിറ, മൈലമൂട്, പള്ളിക്കുന്നും പുറം എന്നിവിടങ്ങളിൽ വൈദ്യുതലൈൻ വലിക്കുന്നതിനുവേണ്ടി 40% തുക സംഭാവനയായി സ്വീകരിച്ചുകൊണ്ട് പൊതുജനപങ്കാളിത്തത്തോടെ വൈദ്യുതീകരിക്കുന്നു.

11. ചെറുകരക്കാണി- ഇടത്തറ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ചെറുകര നിവാസികൾ വിട്ടുതന്നു.

12. പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന് ജനങ്ങളുടെ ആവശ്യമായ ശ്രമദാന പരിപാടികൾ നടത്തുന്നതാണ്.

13. ക്ലീൻ കുളത്തൂപ്പുഴ, ഗ്രീൻ കുളത്തൂപ്പുഴ ശുചീകരണ പരിപാടി നടത്തുന്നതിന് ശ്രമദാന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

14. ആശുപത്രികൾ,സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കുന്നതിന് ശുചീകരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

വിഭവ സമാഹരണത്തിനും പൊതുസംഭാവനകൾ സ്വീകരിച്ചും ട്രാൻസ്പ്പോർട്ട് ഡിപ്പോയുടെ നിർമ്മാണ കമ്മറ്റിയുടെ മാതൃകയിൽ കോളേജു നിർമ്മാണത്തിനും മറ്റു പൊതുവികസനനിർമ്മാണ കാര്യത്തിലും ശ്രമദാന പരിപാടികൾ ചെയ്യുന്നതാണ്. പൊതുസംഭാവന വിദേശ മലയാളികളുടെ ഓഹരി മൂലധന പങ്കാളിത്തം സംഭാവന എന്നീ മാർഗ്ഗങ്ങളിലൂടെ വിഭവ സമാഹരണം നടത്തുന്നതാണ്. പൊതു പ്രധാന്യമുള്ള വികസനപ്രവർത്തനങ്ങളിൽ വിഭവം ശ്രമദാനമായി ശേഖരിക്കുന്നതുമാണ്. പൊതുസ്ഥാപനങ്ങൾക്കുവേണ്ടി സ്ഥലവും സൗകര്യങ്ങളും വിഭവസമാഹാരത്തിലൂടെ കണ്ടെത്തുന്നതാണ്.

ലൈഫ് ഇൻഷുറൻസ് പദ്ധതികൾ നമ്മുടെ രാജ്യത്ത് വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഗ്രാമതലങ്ങളിൽ ഇതിന്റെ പ്രയോജനം കൂടുതൽ ലഭിച്ചിട്ടില്ല. ഇതിനുവേണ്ടി ഗ്രാമപഞ്ചായത്തു തലത്തിൽ കർഷകർ ഭൂരഹിത കർഷക തൊഴിലാളികൾ, കരകൗശല പണിക്കാർ, ഉദ്യോഗസ്ഥർ പട്ടികജാതി- പട്ടികവർഗ്ഗക്കാർ എന്നിവർക്കു വേണ്ടി ഗ്രാമീണ ഇൻഷുറൻസ് പദ്ധതി ആരംഭിച്ചാൽ ഫണ്ടു സ്വരൂപിക്കുകയും ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് പ്രയോജനപ്രദമാക്കുകയും ചെയ്യും. ഗ്രാമീണ ഇൻഷ്വറൻസിൽ അംഗമാകുന്നവർക്ക് സമ്പാദ്യശീലം വളർത്തുവാനും നാടിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാകാനും സാധിക്കുന്നു.

# കുളത്തൂപ്പുഴ പഞ്ചായത്ത് വരവ് ചെലവുകണക്കുകൾ

| | | |
|---|---|---|
| കെട്ടിട നികുതി | : | 466648 |
| തൊഴിൽ നികുതി | : | 323559 |
| വിനോദനികുതി | : | 25157 |
| അഡീഷണൽ വിനോദനികുതി | : | 15216-50 |
| പ്രദർശന നികുതി | : | 2702-50 |
| വസ്തു കൈമാറ്റനികുതി | : | 374347 |
| ചന്തലേല വരവ് | : | 132543 |
| കടവാടക | : | 107890 |
| മറ്റു പലവക വരവുകൾ | : | 181192.80 |
| **ഗ്രാന്റുകൾ** | | |
| J.R.Y | : | 445661 |
| അൺടൈഡ് | : | 407905 |
| V.T.C | : | 279856 |
| V.R.M | : | 28624 |
| ലൈബ്രറി ഗ്രാന്റ് | : | 1320 |
| മൈനർ ഇറിഗേഷൻ ഗ്രാന്റ് | : | 1092 |
| ബേണിംഗ് & ബറിയൽ ഗ്രാന്റ് | : | 25000 |
| ബേസിക് ടാസ്ക് ഗ്രാന്റ് | : | 639988 |
| ഡ്രൈൻസ് & ലാട്രിൻസ് | : | 10000 |
| ലൈസൻസ് ഫീസ് | : | 19369 |
| ആകെ | : | 3042409.80 |

**ചെലവുകൾ**

| | | |
|---|---|---|
| ഭരണചെലവ് | : | 566094.50 |
| പൊതുമരാമത്ത് | : | 107466 |
| വിദ്യാഭ്യാസം | : | 61695.50 |
| തെരുവു വിളക്ക് | : | 317272 |
| മറ്റു പലവക ചെലവുകൾ | : | 1642110 |
| ആകെ | : | 2694638.00 |

# കുളത്തൂപ്പുഴ പഞ്ചായത്തിലെ സ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉദ്യോഗസ്ഥരുടെ എണ്ണം | സ്വന്തം കെട്ടിടത്തിൽ ആണോ/അല്ലയോ |
|---|---|---|---|
| 1 | കുളത്തൂപ്പുഴ പഞ്ചായത്ത് ആഫീസ് | 15 | അതെ |
| 2. | വില്ലേജ് ആഫീസ് കുളത്തൂപ്പുഴ | 5 | അതെ |
| 3. | വില്ലേജ് ആഫീസ് തിങ്കൾ കരിക്കം | 3 | അല്ല |
| 4. | പ്രൈമറി ഹെൽത്ത് സെന്റർ | 28 | അതെ |
| 5. | പോലീസ് സ്റ്റേഷൻ | 29 | അതെ |
| 6. | സബ് രജിസ്റ്റാർ ഓഫീസ് | 5 | അല്ല |
| 7. | കൃഷിഭവൻ ഓഫീസ് | 4 | അല്ല |
| 8. | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസ് | 1 | അല്ല |
| 9. | ആദിവാസി സാക്ഷരതാ ഓഫീസ് | 1 | അല്ല |
| 10. | ഫോറസ്റ്റ് റെയിഞ്ചാഫീസ് | 13 | അതെ |
| 11. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് കുളത്തൂപ്പുഴ | 1 | അല്ല |
| 12. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് ഏഴംകുളം | 1 | അല്ല |
| 13 | പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് | 1 | അതെ |
| 14 | ക്ഷീരോത്പാദക സഹകരണ സംഘം | 3 | അതെ |
| 15 | K.S.E.B സബ് എഞ്ചിനിയർ ഓഫീസ് | 6 | അല്ല. |
| 16. | മാവേലി സ്റ്റോർ | 2 | അല്ല |
| 17. | K.S.F.E ഫിനാൻഷ്യൽ എന്റർപ്രൈസ്ബ്രാഞ്ച് | 4 | അല്ല |
| 18. | സീനിയർ വെറ്റിനറി ഹോസ്പിറ്റൽ | 3 | അല്ല |
| 19. | ഗവൺമെന്റ് റ്റിംബർ ഡിപ്പോ | 5 | സ്വന്തം കെട്ടിടം |
| 20 | റബ്ബർ ബോർഡ് ഫീൽഡ് ഓഫീസ് | 2 | വാടക കെട്ടിടം |
| 21. | ഓയിൽപാം ഇന്ത്യ ലിമിറ്റഡ് | 9 | സ്വന്തംകെട്ടിടം |
| 22. | റീഹാബിലേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് | 115 | " |
| 23. | കെ.എൽ.ഡി.എം.എം.ബോർഡ് | 80 | " |
| 24. | പ്രീ-മെട്രക് ഹോസ്റ്റൽ | 4 | " |
| 25. | പോസ്റ്റാഫീസ്രണ്ടു സബ് പോസ്റ്റാഫീസും | 9 | " |
| 26 | S C B കുളത്തൂപ്പുഴ | 11 | " |
| 27. | S.C.B കടമാൻകോട്ട് | 5 | " |
| 28. | ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് ആഫീസ് | 4 | വാടക കെട്ടിടം |
| 29 | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലാറ്റക്സ് ഹാക്ടറി | 26 | സ്വന്തംകെട്ടിടം |
| 30. | വനിതാ പട്ടിക വർഗ്ഗ നെയ്ത്തു സഹകരണ സംഘം. | 2+1 | " |

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉദ്യോഗസ്ഥരുടെ എണ്ണം | സ്വന്തം കെട്ടിടത്തിൽ ആണോ/അല്ലയോ |
|---|---|---|---|
| 31. | ഗവ: ആയുർവേദ ഡിസ്പെൻസറി ചെറുകര. | 4 | വാടകകെട്ടിടം |
| 32. | ഗവ: ആയുർവേദ ഡിസ്പെൻസറി വില്ലുമല. | 3 | സ്വന്തംകെട്ടിടം |
| 33. | മാതൃകാ ക്ഷേമതൊഴിൽ പരിശീലന കേന്ദ്രം | 3 | വാടക കെട്ടിടം |
| 34. | സെൻട്രൽ ബാങ്ക് കുളത്തൂപ്പുഴ. | 10 | " |
| 35. | സെൻട്രൽ ബാങ്ക് ഭാരതീ പുരം | 5 | " |
| 36. | ഫർക്ക റവന്യൂ ഇൻസ്പെക്ടർ ആഫീസ്. | 1 | സ്വന്തം കെട്ടിടം. |
| 37. | I.C.D.P. സബ് സെന്റർ, ഏഴംകുളം | 2 | വാടകകെട്ടിടം |
| 38. | I.C.D.P. സബ് സെന്റർ, ചോഴിയക്കോട്. | 2 | " |
| 39. | ടെലിഫോൺ എക്സ്ചേഞ്ച് | | സ്വന്തം കെട്ടിടം |
| 40. | ടെലഫോൺ എക്സ്ചേഞ്ച് ചോഴിയക്കോട് ഭാരതീ പുരം | | വാടക കെട്ടിടം |
| 41. | K.S.R.T.C. ബസ്സ് ഡിപ്പോ | 1 (സ്റ്റേഷൻ മാസ്റ്റർ) | സ്വന്തംകെട്ടിടം. |

# ജനകീയ ആസൂത്രണം പഞ്ചായത്ത് തല പ്രവർത്തന പരിപാടികൾ

തിയതി പരിപാടികൾ വിവരങ്ങൾ

1. 1996 സെപ്റ്റംബർ 8 ലോക സാക്ഷരതാ ദിനം വിഷയങ്ങൾ
സംസ്ഥാന തലത്തിൽ ഉപന്യാസ മത്സരം 1. 9-ാം പദ്ധതിയും ജനകീയ ആസൂത്രണവും.
കുളത്തൂപ്പുഴ 2. പഞ്ചായത്ത്‌രാജും അധികാര വികേന്ദ്രീകരണവും.
3. ഭാരതത്തിൽ എങ്ങനെ സമ്പൂർണ്ണമാക്കാം.

2. 1996 സെപ്റ്റംബർ ജില്ലാതല റിസോഴ്സ് പേഴ്സൺ പുനലൂരിൽ
7,8,9 മാരുടെ ഒന്നാംഘട്ട പരിശീലനം 9 പേർ പങ്കെടുത്തു

3. സെപ്റ്റംബർ 12 ഏകദിന പ്രവർത്തക കൺവൻഷനും പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ
പഞ്ചായത്തുതല R-P മാരുടെ 122 പേർ പങ്കെടുത്തു.
പരിശീലനവും.

4. സെപ്റ്റംബർ 13 സ്ക്വാഡ് പ്രവർത്തനം പ്രചാരണാർത്ഥം വിവിധ വാർഡുകളിൽ
5. സെപ്റ്റംബർ 14 മുതൽ ഗ്രാമ സഭകൾ ചേരുന്നത് സംബന്ധിച്ച് വിവിധ വാർഡുകളിൽ കൺവൻഷനുകൾ
6. സെപ്റ്റംബർ 21 ഗ്രാമ സഭ റൗണ്ട് പഞ്ചാ: കമ്മ്യൂണിറ്റി ഹാൾ
7. സെപ്റ്റംബർ 22 ഗ്രാമ സഭ മാത്രക്കോണം പ്രോജക്റ്റ് കമ്മ്യൂണിറ്റി ഹാൾ
8. പുനലൂർ ഉപതെരഞ്ഞെടുപ്പുകാരണം ഗ്രാമ സഭകൾ നിർത്തിവെച്ചു
9. 25-10-96 പ്രവർത്തക കൺവെൻഷനും, R.P മാരുടെ സമ്മേളനവും പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ഇലക്ഷനെ തുടർന്ന് തുടർച്ച നഷ്ടപ്പെടുവാതിരിക്കുവാൻ
10. 26-10-96 ഗ്രാമ സഭ 1-ാം വാർഡ് എച്ച് ... L.P.S
11. " 5-ാം വാർഡ് ഡാലി വെൽഫെയർ L.P.S
12. 27-10-96 " 7-ാം വാർഡ് ... കമ്മ്യൂണിറ്റി ...
13. 1-11-96 പുനർപ്പണ ദിനം ... ഇടത്താക്കോണി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ
14. 2-11-96 ഗ്രാമസഭ 1-ാം വാർഡ് ഏഴംകുളം L.P.S
15. ഗ്രാമ സഭ 2-ാം വാർഡ് ഇടമൺകോട് L.P.S
16. " ...-ാം വാർഡ് സാംസ്കാരിക കമ്മ്യൂണിറ്റി ഹാൾ
17. " 8-ാം വാർഡ് വില്ലുമല L.P.S
18. 3-11-96 ഗ്രാമസഭ 11-ാം വാർഡ് ചെറുകര L.P.S
" 4-ാം വാർഡ് സെവന്ത് ഡേ സ്കൂൾ
" 6-ാം വാർഡ് ചോഴിയക്കോട് L.P.S
" 13-ാം വാർഡ് സെൻജോർജ് L.P.S
19. ഗ്രാമ സഭകളിലെ ... പങ്കാളിത്തം ... പേർ പുരു/ സ്ത്രീ 2398 1977 ഉദ്യോഗസ്ഥരുടെ എണ്ണം 48.
20. 5-11-96 മുതൽ സ്ഥിതി വിവരണ ശേഖരണം ... സർക്കാർ ആഫീസുകളിൽ നിന്ന്.
21. 8-11-96 സർക്കാർ ഉദ്യോഗസ്ഥരുടെ ... യോഗം കോൺഫറൻസ് ഹാളിൽ
22. 9-11-96 മുതൽ 15-11-96 ... വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന്
23. 5-11-96 മുതൽ 17-11-96 വരെ ജില്ലാതല റിസോഴ്സ് പേഴ്സൺമാരുടെ രണ്ടാം ഘട്ടപരിശീലനം അഞ്ചൽ കോളേജിൽ വെച്ച് 16 പേർ പങ്കെടുത്തു
24. 17-11-96 മുതൽ പഠന പര്യടന പരിപാടി വിവിധഗ്രൂപ്പുകൾ വിവിധ വാർഡുകളിലും പ്രദേശങ്ങളിലും നേരിട്ടും വിലയിരുത്തൽ നടത്തൽ
25. 19-11-96 ചരിത്ര പഠനം മുൻപഞ്ചായത്ത് പ്രസിഡന്റുമാർ മെമ്പർമാർ ആദിവാസി മൂപ്പന്മാർ എന്നിവരുമായി അഭിമുഖം-ചർച്ച
26. 21-11-96 മുതൽ വിഭവ ഭൂപടം വിലയിരുത്തൽ, അവലോകനം സെന്റർഫോർഎർത്ത്സയൻസ് സ്റ്റഡീസുമായി ചേർന്ന്
27. 23-11-96 മുതൽ നിലവിലുള്ള പദ്ധതികളുടെ അവലോകന ചർച്ച വിവിധ സർക്കാർ വകുപ്പ് മേലധികാരികളുമായി
28. 28-11-96 വികസന ശില്പശാല കമ്മ്യൂണിറ്റി ഹാളിൽ സെമിനാർ ക്ലാസ്സ് ഗ്രൂപ്പ് ചർച്ച, വീഡിയോപ്രദർശനം ഡമോൺസ്ട്രേഷൻ etc..
29. 30-11-96 മുതൽ ഗ്രാമസഭ റിപ്പോർട്ട് ഗ്രൂപ്പ് ചർച്ച റിപ്പോർട്ട് വിവരങ്ങൾ ഇവ ക്രോഡീകരിക്കൽ ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ
30. 2-11-96 പരമ്പരാഗത ചികിത്സകൾ,കലകൾ,വാർത്താ ചിത്രങ്ങൾ,പഠനറിപ്പോർട്ടുകൾ ഇവയുടെ പരിശോധന. വിവിധതലങ്ങളിലുള്ള റിസോഴ്സ് പേഴ്സൺമാർ.
31. 3-12-96 ടൂറിസം, ജൈവവൈവിധ്യം എന്നിവയുടെ സാധ്യതകൾ വിലയിരുത്തൽ. വിദഗ്ദ്ധരുമായി ചർച്ച, അഭിമുഖം
4-12-96 മുതൽ ശാസ്ത്രീയമായ വിലയിരുത്തലുകൾ ഗ്രാമസഭക്രോഡീകരണം,പഠനറിപ്പോർട്ട്, പദ്ധതി അവലോകനം,ചരിത്രപഠനം,ഗ്രൂപ്പ് ചർച്ച കാരണവരുടെ റിപ്പോർട്ട് വിഭവഭൂപടം,പഠനറിപ്പോർട്ട് etc..
33. 12-12-96 പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കൽ
34 വികസനറിപ്പോർട്ട് നയരൂപ രേഖയാകുന്നു.

# കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത്
## ജനകീയ ആസൂത്രണം വിശേഷാൽ ഗ്രാമ സഭകൾ

| വാർഡ് | യോഗം | സ്ഥലം | പങ്കെടുത്തസ്ത്രീകൾ | പുരുഷന്മാർ | ആകെ | ഉദ്യോഗസ്ഥർ | SC/ST വിഭാഗം |
|---|---|---|---|---|---|---|---|
| I. | 2/11/96 | ഏഴംകുളംL.P.സ്കൂൾ | 142 | 192 | 234 | 8 | 40 |
| II. | 2/11/96 | കടമാൻകോട്L.P.സ്കൂൾ | 188 | 202 | 390 | 7 | 162 |
| III. | 2/11/96 | സാംനഗർ കമ്മ്യൂണിറ്റി ഹാൾ | 178 | 168 | 346 | 5 | 70 |
| IV. | 3/11/96 | സെവന്ത് ഡേസ്കൂൾ കല്ലുവെട്ടാംകുഴിൽ 161 | 191 | 352 | 10 | 120 | |
| V. | 26/10/96 | ഡാലി വെൽഫയർ L.P.സ്കൂൾ | 121 | 198 | 219 | 8 | 92 |
| VI. | 3/11/96 | ചോഴിയക്കോട്L.P.സ്കൂൾ | 188 | 170 | 358 | 5 | 78 |
| VII. | 27/10/96 | റോസ്മലM.G സ്റ്റഡി സെന്റർ | 212 | 207 | 419 | 7 | 110 |
| VIII. | 3/11/96 | വില്ലുമല L.P.സ്കൂൾ | 122 | 182 | 304 | 9 | 40 |
| IX. | 14/9/96 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ കുളത്തൂപ്പുഴ | 34 | 124 | 158 | 5 | 18 |
| X. | 26/10/96 | E.S.M.A.P സ്കൂൾ എക്സ്സർവ്വീസ് | 142 | 172 | 314 | 5 | 22 |
| XI. | 3/11/96 | ചെറുകര L.P.സ്കൂൾ | 78 | 180 | 258 | 4 | 17 |
| XII. | 15/9/96 | മാത്തിക്കോണം പ്രോജക്റ്റ് കമ്മ്യൂണിറ്റി ഹാൾ | 192 | 166 | 352 | 6 | 12 |
| XIII. | 3/11/96 | സെൻമേരീസ് U.P സ്കൂൾ ചന്ദനക്കാവ് | 82 | 138 | 220 | 4 | 17 |

# ഉപസംഹാരം

കുളത്തൂപ്പുഴ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റാൻ പര്യാപ്തമായ നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും പരമാവധി വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ചർച്ചകളിൽ കൂട്ടിചേർക്കുകയും ചെയ്യാം. കാർഷിക- വ്യവസായിക സാമൂഹ്യരംഗങ്ങളിൽ മുന്നേറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു.സാമ്പത്തിക രംഗം മെച്ചപ്പെടുന്നതോടെ സാമൂഹിക പുരോഗതിയും നിലനിർത്താനാകും.

ഒൻപതാം പദ്ധതിയുടെ 35- 40% തുക പഞ്ചായത്തുകൾക്കായി ലഭിക്കുമ്പോൾ നമുക്കിടയിലുള്ള വൈരുദ്ധ്യങ്ങളും വ്യത്യാസങ്ങളും മാറ്റി വെച്ച് വികസനപ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി മുന്നേറാം. ഇന്നലയുടെ നേട്ടങ്ങളുടെ സൃഷ്ടാക്കളായ ബഹുജനങ്ങൾ സംഘടനകൾ ഇന്നിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുകയും വിജയിക്കുകയും ചെയ്യുമെന്ന കാര്യത്തിൽ ഉറപ്പുണ്ട്. ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുന്നതിന് സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ദാരിദ്ര്യം ഇല്ലാതാക്കുന്നതിന് സ്ത്രീകൾക്ക് സാമൂഹ്യ അംഗീകാരം നൽകുന്നതിന് ഊർജ്ജ പ്രതിസന്ധിയും തൊഴിലില്ലായ്മയും ഇല്ലാതാക്കുന്നതിന് സ്ഥായിയായ വികസനത്തിന് നമുക്ക് കൂട്ടായ്മയോടെ മുന്നിട്ടിറങ്ങാം. വിജയം ഉറപ്പാണ്. വികസന റിപ്പോർട്ട് പര്യവസാനിപ്പിക്കുന്നു.



ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്
ആശംസകൾ

# കുളത്തൂപ്പുഴ സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 1867 കുളത്തൂപ്പുഴ പി.ഒ

H.O കുളത്തൂപ്പുഴ
Phone. 317524

ബ്രാഞ്ച് ചോഴിയക്കോട്
Phone: 312533

ഒരു മികച്ച സാമ്പത്തിക സ്ഥാപനം

നിക്ഷേപ തുക അഞ്ചുവർഷം കൊണ്ട് ഇരട്ടിയാകുന്ന കാമധേനു നിക്ഷേപം

നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് മുഖേന സമ്പൂർണ്ണ സുരക്ഷിതത്വം

കൂടാതെ നിരവധി സമ്പാദ്യക്ഷേമ പദ്ധതികൾ

ഭരണസമിതി അംഗങ്ങൾ

1. എ. അബ്ദുൾ ഗഫൂർ(പ്രസിഡന്റ്)
2. അഡ്വ: ജോൺ കളിയിക്കൽ(കമ്മറ്റി അംഗം)
3. എ.അബ്ദുൾ സലിം "
4. ബി.കെ അജയകുമാർ "
5. കെ.ജെ അലോഷ്യസ് "
6. ടി. രഘു "
7. കെ. അനിൽകുമാർ "
8. പി. ഈശ്വരി അമ്മ "

എം താജുദീൻ (സെക്രട്ടറി)

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്
ആശംസകൾ

# കുളത്തൂപ്പുഴ സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 1867 കുളത്തൂപ്പുഴ പി.ഒ

H.O കുളത്തൂപ്പുഴ
Phone. 317524

ബ്രാഞ്ച് ചോഴിയക്കോട്
Phone: 312533

ഒരു മികച്ച സാമ്പത്തിക സ്ഥാപനം

നിക്ഷേപ തുക അഞ്ചുവർഷം കൊണ്ട് ഇരട്ടിയാകുന്ന കാമധേനു നിക്ഷേപം

നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് മുഖേന സമ്പൂർണ്ണ സുരക്ഷിതത്വം

കൂടാതെ നിരവധി സമ്പാദ്യക്ഷേമ പദ്ധതികൾ

ഭരണസമിതി അംഗങ്ങൾ

1. എ. അബ്ദുൾ ഗഫൂർ(പ്രസിഡന്റ്)
2. അഡ്വ: ജോൺ കളിയിക്കൽ(കമ്മറ്റി അംഗം)
3. എ.അബ്ദുൾ സലിം "
4. ബി.കെ അജയകുമാർ "
5. കെ.ജെ അലോഷ്യസ് "
6. ടി. രഘു "
7. കെ. അനിൽകുമാർ "
8. പി. ഈശ്വരി അമ്മ "

എം താജുദീൻ (സെക്രട്ടറി)